നം.കെ.എസ്.എ-കെ.ടി.എം.പ:117/103/2020 തീയതി 20.03.2020

# കോട്ടയം ജില്ലയിലെ വൈക്കം നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം- വകുപ്പ് 295(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കോട്ടയം ജില്ലയിലെ ***വൈക്കം നഗരസഭയുടെ*** 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 01.02.2019 മുതൽ 30.09.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി ആകെ 58 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 25.01.2020-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | **ശ്രീ. സാബു ജോസഫ് , സീനിയർ ഡെപ്യൂട്ടി ഡയറക്ടർ** | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16.01.2020 മുതൽ 25.01.2020വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി സുലത ഡി. | ഓഡിറ്റ് ഓഫീസർമാർ |
| | ശ്രീമതി ഇന്ദുലേഖ എ. | |
| | ശ്രീമതി സ്മിത ജി. നായർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർമാർ |
| | ശ്രീ. സുമേഷ് പി.വി. | |
| | ശ്രീമതി അമ്പിളി യു. | സീനിയർ ഗ്രേഡ് ഓഡിറ്റർമാർ |
| | ശ്രീമതി രഞ്ജു പ്രകാശ് | |
| | ശ്രീ. ഷിബു എ. പി. | |
| | ശ്രീ. ആൽബിൻ സിറിയക് | ഓഡിറ്റർ |

**നിർവഹണാധികാരികൾ**

| | | |
|---|---|---|
| ചെയർമാൻ | പി. ശശിധരൻ | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി (ഇൻ - ചാർജ്ജ്) | ശ്രീ. കെ. എം. നാരായണൻ | 01.04.2018 മുതൽ 16.05.2018 വരെ |
| | ശ്രീ. നിഷാദ് പി.എ. | 17.05.2018 മുതൽ 04.07.2018 വരെ |
| സെക്രട്ടറി | ശ്രീമതി രമ്യ കൃഷ്ണൻ, | 05.07.2018 മുതൽ 31.03.2019 വരെ |

**സ്റ്റാന്റിംഗ് കമ്മറ്റികൾ**

| | |
|---|---|
| ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപെഴ്സൺ | ശ്രീമതി നിർമ്മല ഗോപി |
| വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപെഴ്സൺ | ശ്രീ എസ് ഹരിദാസൻ നായർ |
| | |

| | |
|---|---|
| ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപെഴ്സൺ | ശ്രീ ബിജു വി കണ്ണേഴത്ത് |
| ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മറ്റി ചെയർപെഴ്സൺ | ശ്രീമതി രോഹിണിക്കുട്ടി അയ്യപ്പൻ |
| മരാമത്ത്സ്റ്റാന്റിംഗ് കമ്മറ്റി ചെയർപെഴ്സൺ | ശ്രീമതി സൽബി ശിവദാസ് |
| വിദ്യാഭ്യാസ, കലാ സാംസ്കാരിക സ്റ്റാന്റിംഗ് കമ്മറ്റി ചെയർപെഴ്സൺ | ശ്രീ ജി ശ്രീകുമാരൻ നായർ |

**മറ്റ് നിർവ്വഹണോദ്യോഗസ്ഥർ**

| | | |
|---|---|---|
| ഹെൽത്ത് ഇൻസ്പെക്ടർ | ശ്രീ .പി.പി. ഷാജി | 1.04.2018 മുതൽ 13.07.2018 വരെ |
| | ശ്രീമതി.ഷീലാ ഭായി (ജെ.പി.എച്ച്.എൻ) | 14.07.2018 മുതൽ 20.08.2018 വരെ |
| | ശ്രീ. സലിം എൻ. | 20.08.2018 മുതൽ 31.03.2019 വരെ |
| മുനിസിപ്പൽ എഞ്ചിനീയർ | ശ്രീമതി ലീന ഡി. | 1.04.2018 മുതൽ 31.3.2019 വരെ |
| കൃഷി ഓഫീസർ | ശ്രീ. അനിൽ കുമാർ | 01.04.2018 മുതൽ 31.3.2019 വരെ |
| സീനിയർ വെറ്ററിനറി സർജ്ജൻ | ശ്രീ. പി.കെ. സന്തോഷ് കുമാർ | 1.04.2018 മുതൽ 18.04.2018 വരെ |
| | നിർമ്മല പ്രിയദർശിനി | 19.04.2018 മുതൽ 310.03.2019 വരെ |
| ക്ഷീര വികസന ഓഫീസർ | ശ്രീമതി. സിന്ധു വി. | 1.04.2018 മുതൽ 31.3.2019 വരെ |
| ഫിഷറീസ് ഇൻസ്പെക്ടർ | ശ്രീ.പി.നൗഷാദ് | 1.04.2018 മുതൽ 31.3.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. തങ്കമണി | 1.4.18മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ, താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഓഫീസ് | ഡോ. ഗീത. കെ. നായർ | 1.04.2018 മുതൽ 31.3.19 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ. നിഷ മോഹൻ | 1.04.2018 മുതൽ 31.3.2019 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോഅനിൽ കുമാർ | 1.04.2018 മുതൽ 31.3.2019 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ. ജയ ചന്ദ് | 01.04.2018 മുതൽ 31.3.2019 വരെ |

**ഉള്ളടക്കം**


| ഭാഗം 1- ഓഡിറ്റ് റിപ്പോർട്ട് | |
|---|---|
| 1-1 | ബജറ്റ് |
| 1-2 | ഫണ്ട് വിനിയോഗം |
| 1-3 | വാർഷികപദ്ധതി |
| 1-4 | ക്യാഷ് പരിശോധന |
| 1-5 | ആഭ്യന്തരനിയന്ത്രണസംവിധാനം |
| 1-6 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം |
| 1-7 | വാർഷിക കണക്കുകളുടെ അവലോകനം |
| 1-8 | രസീത്-സ്റ്റോക്ക് രജിസ്റ്റർ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ |
| 1-9 | ബാങ്ക് റീകൺസിലിയേഷൻ പത്രികകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ |
| 1-10 | തനത് ഫണ്ടല്ലാത്ത അക്കൗണ്ടിൽ നിന്ന് സാലറി പെൻഷൻ തുടങ്ങിയവ വിതരണം ചെയ്തിരിക്കുന്നു. |
| 1-11 | വസ്തു നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ |
| 1-12 | മൊബൈൽ ടവറുകളുടെ വസ്തു നികുതി സംബന്ധിച്ച അപാകതകൾ |
| 1-13 | സ്വകാര്യ അൺഎയ്ഡഡ് മേഖലയിൽ പ്രവർത്തിച്ച് വരുന്ന സ്ഥാപനങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ ക്രമവത്കരിച്ച് വസ്തു നികുതി ഈടാക്കേണ്ടതാണ്. |
| 1-14 | വിമുക്തഭടന്മാരുടെ കെട്ടിടങ്ങൾക്ക് വസ്തുനികുതി ഇളവ്- രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല |
| 1-15 | പെർമിറ്റ് ഫീസുമായി ബന്ധപ്പെട്ട പരിശോധനയിൽ കണ്ടെത്തിയ അപാതകകൾ |
| 1-16 | സ്വകാര്യസ്ഥാപനങ്ങളിൽനിന്ന് സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 1-17 | സർക്കാർ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല |
| 1-18 | കരാറുകാർ, വക്കീലൻമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 1-19 | വ്യാപാര വ്യവസായ ലൈസൻസ്- രേഖകളുടെ സൂക്ഷിപ്പിൽ അപാകതകൾ |
| 1-20 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. |
| 1-21 | ആർ.റ്റി.ഒ ഓഫീസ് വാടക - 8807/-രൂപ കുടിശിക |
| 1-22 | വാടക പൂർണ്ണമായും ഈടാക്കിയില്ല |
| 1-23 | ഐസ് പ്ളാന്റ്- 194702/- രൂപ ഈടാക്കിയില്ല |
| 1-24 | ക്രിമറ്റോറിയം - കുടിശ്ശിക ഈടാക്കിയില്ല. |
| 1-25 | ലേലം ചെയ്യാത്ത കടമുറികൾ/ആസ്തികൾ |
| 1-26 | ഇ-ടെൻഡർ- 2016-17 മുതൽ ഓഡിറ്റ് വർഷംവരെയുള്ള 3,08,873/-രൂപ നഗരസഭയ്ക്ക് ലഭിച്ചിട്ടില്ല |
| 1-27 | ടാർവീപ്പകളുടെ വില നിശ്ചിത ശീർഷകത്തിൽ അടവാക്കിയിട്ടില്ല |
| 1-28 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ സ്കൂൾ പ്രവർത്തിക്കുന്നു |
| 1-29 | കോടതി വ്യവഹാരങ്ങളുടെ തുടർ നടത്തിപ്പ് നിരീക്ഷിക്കാൻ സംവിധാനമില്ല, സ്യൂട്ട് രജിസ്റ്റർ- കാലികമായും കൃത്യമായും എഴുതി സൂക്ഷിക്കാത്തത് സംബന്ധിച്ച് |
| 1-30 | എംപ്ലോയിസ് പ്രൊവിഡന്റ് ഫണ്ട് വിഹിതം കൃത്യസമയത്ത് അടവാക്കുന്നില്ല- നഗരസഭ പെനാൽറ്റിയിനത്തിൽ തുക അടവാക്കി |
| 1-31 | മുൻകൂർ തുക ക്രമീകരിച്ചിട്ടില്ല |
| 1-32 | നിയമാനുസൃത യാത്രാപ്പടിക്ക് പകരം ടാക്സിവാടക നൽകിയത് അംഗീകരിക്കുന്നില്ല. |
| 1-33 | അനധികൃത നിർമ്മാണം പൊളിച്ച് നീക്കിയത് -നഗരസഭയ്ക്കുണ്ടായ ചെലവ് കെട്ടിട ഉടമയിൽ നിന്നും ഈടാക്കിയില്ല |
| 1-34 | പെൻഷൻ കോൺട്രിബ്യൂഷൻ-വരവ് അടവ് വിവരങ്ങൾ കൃത്യതയില്ല |

| | |
|---|---|
| 1-35 | ലൈബ്രറി സെസ്സ് തുക അടവാക്കാത്തതിനാൽ 25ലക്ഷം രൂപ നഗരസഭയ്ക്ക് ബാദ്ധ്യത |
| 1-36 | വെള്ളക്കരം കുടിശ്ശിക - നഗരസഭയ്ക്ക് വൻ ബാധ്യത-വിഷയത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല |
| 1-37 | തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം നടപ്പിലാക്കിയിട്ടില്ല - ചാർജിനത്തിൽ അധിക ചെലവുണ്ടാകുന്നത് |
| 1-38 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകൽ -ജി എസ് റ്റി തുക അടവാക്കിയിട്ടില്ല |
| 1-39 | ബാലസഭ പ്രവർത്തനങ്ങൾ -വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല |
| 1-40 | എസ്.എസ്.എ.വിഹിതം നൽകൽ - പദ്ധതി ആസൂത്രണത്തിൽ നഗരസഭ പങ്ക് വഹിച്ചത് വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല |
| 1-41 | പി.എം എ വൈ- പ്രോജക്റ്റ് നിർവ്വഹണം - അവലോകനം |
| 1-42 | നഗരസഭ ലൈബ്രറി -നിയമാവലി പാലിച്ചിട്ടില്ല |
| 1-43 | കേന്ദ്രഫണ്ടുകളുടെ സ്ഥിതി വിവരം സംബന്ധിച്ച്. |
| 1-44 | മാലിന്യ സംസ്കരണം – അവലോകനം. |
| 1-45 | പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിക്കുന്നു. |
| 1-46 | സ്കൂളുകൾ ശാക്തീകരണപദ്ധതി -2017-18മുതൽ ലഭ്യമായ 17,10,000/-രൂപ നാളിതുവരെ ചെലവഴിച്ചിട്ടില്ല. |
| 1-47 | ഡംപിംഗ് യാർഡിൽ എയിറോബിക് കംപോസ്റ്റ് യൂണിറ്റ് - 12-ാം പദ്ധതിക്കാലത്ത് ആരംഭിച്ച പ്രോജക്റ്റ് നാളിതുവരെ പ്രവർത്തനക്ഷമമായിട്ടില്ല. |
| 1-48 | ഡെപ്പോസിറ്റ് പ്രവൃത്തികൾ- നിർവ്വഹണ ഏജൻസികൾ കരാർവ്യവസ്ഥകൾ പാലിക്കുന്നില്ല |
| 1-49 | വൈക്കം സത്യാഗ്രഹ സ്മാരകമ്യൂസിയം - തുടർപരിപാലനം സംബന്ധിച്ച വ്യവസ്ഥകളിൽ വ്യക്തതയില്ല |
| 1-50 | തെരുവുവിളക്ക് മെയിന്റനൻസ്- സർക്കാർ ഉത്തരവുകളും മാർഗ്ഗരേഖാനിർദ്ദേശങ്ങളും പാലിച്ചിട്ടില്ല - ചെലവ് തടസ്സപ്പെടുത്തുന്നു. |
| 1-51 | കോഴി വളർത്തൽ പദ്ധതി – 1,70,000/- രൂപ തടസ്സപ്പെടുത്തുന്നു |
| 1-52 | ജലസേചനകിണർ-സർക്കാർ മാർഗ്ഗരേഖൾ പാലിച്ചില്ല |
| 1-53 | സത്യാഗ്രഹ സ്മാരക നവീകരണം – ടെണ്ടർ ഡിഡക്ഷൻ കുറവ് ചെയ്തിട്ടില്ല. |
| 1-54 | താലൂക്ക് ആശുപത്രി മെയിന്റനൽസ് -അപാകതകൾ |
| 1-55 | വഴിവിളക്കുകളുടെ എ.എം.സി.യും റിപ്പയറിംഗും - പദ്ധതി പണത്തിന്റെ പാഴ്ചെലവ് - മുൻ റിപ്പോർട്ടിൽ പരാമർശിച്ചിട്ടും പ്രോജക്റ്റ് നടപ്പാക്കി |
| 1-56 | ലൈഫ് ഭവനപദ്ധതി ഒന്നാംഘട്ടം-ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ |
| 1-57 | പി.എഫ്. റിക്കവറി ഇനത്തിൽ 33 ലക്ഷത്തിലധികം രൂപയുടെ ബാധ്യത - 2012-13 മുതലുള്ള തുക അടവാക്കാനവശേഷിക്കുന്നു. |
| **ഭാഗം 2 – വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന വരവ് സംബന്ധമായ ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 2-1 | വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ |
| **ഭാഗം 3 – വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ചെലവ് സംബന്ധമായ ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 3-1 | സത്യാഗ്രഹസ്മാരക നവീകരണം - ടെണ്ടർ ഡിഡക്ഷൻ കുറവ് ചെയ്തില്ല |
| 3-2 | താലൂക്ക് ആശുപത്രി മെയിന്റനൻസ് - കരാറുകാരന് അധികം നൽകിയ 48967/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. |
| 4-1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം |
| 4-2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. |
| 4-3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകളുടെ വിവരം. |

| | |
|---|---|
| 4-4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ |
| 4-5 | വായ്പ/വായ്പ തിരിച്ചടവ് |
| 4-6 | സ്ഥിര നിക്ഷേപങ്ങൾ |
| 4-7 | ഓഡിറ്റ് റിക്കവറി |
| 4-8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം |
| 4-9 | ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം |
| 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം1 | ഓഡിറ്റ് സാക്ഷ്യപത്രം |
| അനുബന്ധം2 | ബാലൻസ് ഷീറ്റ് 31.03.2019 തീയതിയിൽ |
| അനുബന്ധം3 | ഇൻകം &എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2018-19 |
| അനുബന്ധം4 | റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 31.03.2019 തീയതിയിൽ |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19വർഷത്തെ ബജറ്റ് 06.03.18 ൽ ചേർന്ന നഗരസഭാ കൗൺസിലിന്റെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു . പുതുക്കിയ ബജറ്റ് 08.2.2019 തിയതിയിലെ 1-ാം നം. തീരുമാനപ്രകാരവും അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 1286068.36 | 13827204.27 |
| വരവ് | 235737078 | 169610217 |
| ആകെ | 237023146.36 | 183437421.27 |
| ചെലവ് | 229121992 | 146358228 |
| നീക്കിയിരിപ്പ് | 7901154.36 | 37079193.27 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത തുകകളും യഥാർത്ഥ തുകകളും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നതിൽ നിന്ന് മുനിസിപ്പാലിറ്റി നിയമത്തിലെ വ്യവസ്ഥകൾ കൃത്യമായി പാലിച്ചല്ല ബജറ്റ് തയാറാക്കിയതെന്ന് വ്യക്തമാകുന്നു. സെക്രട്ടറിയുടെ ചുമതലയിലുള്ള നോൺപ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല. കൂടാതെ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചതിന്റെ വിവരങ്ങളുമില്ല. അംഗീകാരം ലഭിച്ച വാർഷികപദ്ധതിയുടെ അടിസ്ഥാനത്തിൽ ബജറ്റ് പുതുക്കുകയുണ്ടായെങ്കിലും ബജറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങുന്നതിൽ നിയതമായ നടപടിക്രമം സ്റ്റാന്റിംഗ് കമ്മിറ്റികളും ജനറൽകമ്മിറ്റിയും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരും പാലിച്ചിട്ടില്ലയെന്ന് വ്യക്തമാകുന്നു.

## 1-2 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | സഞ്ചിതനിധിയിലേക്ക് തിരികെ പോയത് | ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 27643196 | 27643196 | 24576796 | 3066400 | 88.4 |
| വികസനഫണ്ട് എസ്.സി.പി. | 0 | 7720000 | 7720000 | 4340660 | 3379340 | 56 |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് ടി.എസ്.പി. | 0 | 435000 | 435000 | 0 | 435000 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 17759000 | 17759000 | 11848500 | 5910500 | 67 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5518000 | 5518000 | 5518000 | 0 | 100 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 37590700 | 37590700 | 20518133 | 17072567 | 73.05 |
| അയ്യങ്കാളി തൊഴിലുറപ്പുപദ്ധതി | 1012730 | 7077680 | 8090410 | 7770404 | 320006 | 96.04 |

ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 233760 | 183 |
| കർഷകതൊഴിലാളി പെൻഷൻ | 4885200 | 1511 |
| വിധവാപെൻഷൻ | 6792800 | 2125 |
| വാർദ്ധക്യകാലപെൻഷൻ | 21909400 | 6616 |
| വികലാംഗപെൻഷൻ | 2793700 | 854 |
| അവിവാഹിതരായ 50 വയസ്സിന് മുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 683200 | 210 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 210000 | 7 |

# 1-3 വാർഷികപദ്ധതി

<u>പദ്ധതി ആസൂത്രണം</u>

13-ാം പഞ്ചവത്സരപദ്ധതിയുടെ 2-ാമത്തെ വർഷികപദ്ധതി തയ്യാറാക്കുന്നതിന് ബന്ധപ്പെട്ട മാർഗ്ഗരേഖാ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടെങ്കിലും പദ്ധതി ആസൂത്രണത്തിൽ വാർഡ്സഭകൾ, വർക്കിംഗ് ഗ്രൂപ്പുകൾ, സ്റ്റാന്റിംഗ് കമ്മിറ്റികൾ തുടങ്ങി പദ്ധതി രൂപീകരണ പ്രക്രിയയിലെ വിവിധ ഘടകങ്ങൾ സമന്വയിപ്പിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ നൽകിയിട്ടില്ല. പശ്ചാത്തലമേഖലയിൽ വാർഡ്/ഡിവിഷൻ അടിസ്ഥാനത്തിലുള്ള ഫണ്ട് വിഭജനത്തിന് പ്രാധാന്യം നൽകി പ്രോജക്ടുകൾ ആവിഷ്ക്കരിക്കുന്നതിനാൽ നഗരസഭയെ ഒറ്റ യൂണിറ്റായി കണ്ട് സമസ്തമേഖലകളിലും വികസനം ലക്ഷ്യമാക്കി പദ്ധതി രൂപീകരിക്കാൻ സാധിച്ചിട്ടില്ല . പദ്ധതി രൂപീകരണഘട്ടങ്ങളുടെ സമയക്രമം ചുവടെ ചേർക്കുന്നു.

| യോഗങ്ങൾ | നടത്തിയ തീയതി | റിമാർക്സ് |
|---|---|---|
| വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ | 3-1-18, 27-2-18 | |
| ഊരുകൂട്ടയോഗങ്ങൾ | നടത്തിയില്ല | |
| ആദ്യ വാർഡ്സഭ | 15-1-18 | |
| ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള വാർഡ്സഭകൾ | 6/2018, 7/2018 മാസങ്ങളിലെ വിവിധ തീയതികൾ | |
| വികലാംഗ/ ഭിന്നശേഷി വാർഡ്സഭ | | തൻവർഷത്തേക്ക് പ്രത്യകമായി ഗ്രാമസഭ നടത്തിയില്ല. കൗൺസിൽ തീരുമാനപ്രകാരം മുൻവർഷത്തെ |

| | | |
|---|---|---|
| | | ഗുണഭോക്താക്കളെത്തന്നെ അംഗീകരിച്ച തീരുമാനിച്ചിരുന്നു. |
| വികസനസെമിനാർ | 11-12-18 | |
| കരട് പദ്ധതിരേഖ അംഗീകരിച്ചത് | 26-2-18<br>6-ാം നമ്പർ തീരുമാനം | |

വാർഷികപദ്ധതിയുടെ ഭാഗമായി വർക്കിംഗ് ഗ്രൂപ്പുകൾ യോഗങ്ങൾ ചേർന്നിട്ടുണ്ടെങ്കിലും എല്ലാ വർക്കിംഗ് ഗ്രൂപ്പുകളും യോഗവിവരങ്ങളുടെ മിനിറ്റ്സ് യഥാവിധി എഴുതി പൂർത്തീകരിച്ച് ആധികാരികമാക്കിയിട്ടില്ല. പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് വിവിധ വാർഡുകളിൽ വാർഡ്സഭകൾ 2017 ഏപ്രിൽ മാസത്തിലെ വിവിധ തീയതികളിൽ ചേരുകയുണ്ടായി. മിനിറ്റ്സുകൾ പരിശോധിച്ചതിൽ വാർഡ് സഭകളിൽ കരട് പദ്ധതി നിർദ്ദേശങ്ങൾ ചർച്ച ചെയ്തിട്ടുള്ളതായും കാണുന്നു.

**<u>പദ്ധതി അംഗീകാരം</u>**

12-4-17-ലെ നഗരസഭാ കൗൺസിൽ വാർഷിക പദ്ധതിക്ക് ഭരണാനുമതി നൽകുകയും (തീരുമാനം നം.1(1)) ജില്ലാ ആസൂത്രണസമിതിയുടെ 7.7.2018ലെ 490/17/DPC/DPO/കോട്ടയം നമ്പർ തീരുമാന പ്രകാരം നിർവ്വഹണത്തിനുള്ള പ്രാഥമികാംഗീകാരം ലഭിച്ചിരുന്നു. പിന്നീട് നഗരസഭാ കൗൺസിലിന്റെ ഭേദഗതി നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 1-3-19-ൽ അംഗീകാരം പുതുക്കി ലഭിച്ചു. എന്നാൽ പ്രസ്തുത നടപടി ഉത്തരവിന്റെ പകർപ്പ് ലഭ്യമായിട്ടില്ല. വിവിധ വികസനമേഖലകളിലെ പ്രോജക്ടുകളുടെ നിർവ്വഹണത്തിന് ആകെ 12 നിർവ്വഹണോദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിരുന്നു. നിർവ്വഹണോദ്യോഗസ്ഥരും ചെലവ് വിവരങ്ങളും ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | നിർവ്വഹണ ചുമതലയുണ്ടായിരുന്ന പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 2 | 332620 | 332620 | 100 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 2 | 2 | 1400000 | 1399857 | 99.99 |
| മെഡിക്കൽ ഓഫീസ,ഹോമിയോർ | 3 | 3 | 600000 | 600000 | 100 |
| കൃഷി ഓഫീസർ | 10 | 8 | 2566759 | 1419457 | 55.3 |
| സെക്രട്ടറി,നഗരസഭ | 33 | 25 | 1,75,97,659 | 1,4081730 | 80.02 |
| ഹെഡ്മാസ്റ്റർ,ഗവ.എൽ.പി.എസ് | 5 | 5 | 535000 | 501213 | 93.68 |
| വെറ്ററിനറി സർജൻ | 5 | 5 | 1896000 | 1812500 | 95.56 |
| ഡെപ്യൂട്ടി ഡയറക്ടർ,ക്ഷീരവികസനം | 3 | 3 | 2960000 | 2960000 | 100 |
| പ്രോജക്ട് ഓഫീസർ, ദാരിദ്ര്യനിർമ്മാർജ്ജനസെൽ | 13 | 12 | 6952965 | 4734121 | 68.09 |
| മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ | 5 | 5 | 1598858 | 1595930 | 99.82 |
| മുനിസിപ്പൽ എൻജിനീയർ | 249 | 120 | 99271261 | 38080395 | 38.36 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 3 | 3 | 2173000 | 1915877 | 88.17 |
| **ആകെ** | **331** | **191** | **137884122** | **69433700** | **40** |

ആസൂത്രണ ഘട്ടങ്ങളിലും നിർവ്വഹണ നടപടിക്രമങ്ങളിലും ഉണ്ടായ കാലതാമസം, പ്രോജക്ടുകളുടെ എണ്ണത്തിലുണ്ടായ ഗണ്യമായ വർദ്ധനവ്, മതിയായ ജീവനക്കാരുടെ അഭാവം, ഏറ്റെടുക്കുന്ന പ്രോജക്ടുകൾ കരാറുകാർ സമയബന്ധിതമായി പൂർത്തീകരിക്കാത്ത സാഹചര്യങ്ങൾ മുതലായ കാരണങ്ങളാൽ വാർഷികപദ്ധതിയിൽ അംഗീകാരം ലഭിച്ച പുതിയ പ്രോജക്ടുകളിൽ ഏറിയ പങ്കും നടപ്പാക്കാനായിട്ടില്ല. സാമ്പത്തികവർഷത്തിന്റെ ആദ്യമാസങ്ങൾ മുതൽതന്നെ സർക്കാർ ഗ്രാന്റുകൾ അനുവദിച്ചുത്തരവായിരുന്നതാണ്. ആവശ്യമായ ഫണ്ട് ലഭ്യമായിരുന്നിട്ടും ഏറിയശതമാനം പ്രോജക്ടുകളുടേയും നിർവ്വഹണം ആരംഭിച്ചത്

അവസാനമാസങ്ങളിൽ മാത്രമാണ്. ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയവും പദ്ധതി നിർവ്വഹണത്തെ പ്രതികൂലമായി ബാധിച്ചു. പദ്ധതി നടത്തിപ്പിനായി വളരെ കുറച്ചുസമയമേ നഗരസഭയ്ക്ക് ലഭിച്ചിരുന്നുള്ളൂ. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 51 പ്രകാരം അടുത്ത സാമ്പത്തികവർഷത്തേക്കുള്ള വികസനപദ്ധതികൾ സാമ്പത്തികവർഷം ആരംഭിക്കുന്നതിന് 3 മാസം മുൻപ് തന്നെ വാർഡ് കമ്മിറ്റിയിൽ പാസാക്കി കൗൺസിലിന്റെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതും കൗൺസിൽ അംഗീകാരത്തിന് വിധേയമായി സർക്കാർ നിശ്ചയിക്കുന്ന തീയതിക്കു മുൻപായി ഡി.പി.സി.യ്ക്ക് സമർപ്പിക്കേണ്ടതുമാണ്.

<u>മുനിസിപ്പൽ എൻജിനീയറുടെ പദ്ധതിചെലവ് 38% മാത്രം</u>

വാർഷികപദ്ധതിയിൽ മുനിസിപ്പൽ എൻജിനീയർക്ക് നിർവ്വഹണച്ചുമതലയുണ്ടായിരുന്ന 249 പ്രോജക്ടുകളിൽ 120 പ്രോജക്ടുകൾക്കുവേണ്ടി മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. അംഗീകാരം കിട്ടിയതിൽ 97 എണ്ണവും സ്പിൽ പ്രോജക്ടുകളായിരുന്നു. അസിസ്റ്റന്റ് എഞ്ചിനിയറുടെ ബിൽബുക്ക് പ്രകാരം 25.3.19 വരെ 169 ബില്ലുകൾ ട്രഷറിയിൽ സമർപ്പിച്ച് പണമാക്കിയിട്ടുണ്ട്. ശേഷം 26-3-19 മുതൽ 30-3-19 വരെ 5 ദിവസം കൊണ്ട് 63 ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുകയും വൈകി സമർപ്പിച്ചതിനാൽ ട്രഷറിനിയന്ത്രണം മൂലം ബില്ലുകൾ ട്രഷറി നിരസിക്കുകയും ചെയ്തിട്ടുണ്ട്. പ്രോജക്ടുകളുടെ ബാഹുല്യം മോണിറ്ററിംഗിനും പ്രോജക്ടുകളുടെ സമയബന്ധിതമായ പൂർത്തീകരണത്തിനും തടസ്സം നിൽക്കുന്നതായി വിലയിരുത്തുന്നു. സർക്കാർ ഗ്രാന്റുകളുടെ പരമാവധി വിനിയോഗം സാധ്യമാകുന്ന രീതിയിൽ പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിന് പ്രാധാന്യം നൽകേണ്ടതും ഒരേ കാര്യത്തിനുവേണ്ടി നിരവധി ചെറിയ ചെറിയ പ്രോജക്ടുകൾ ആവിഷ്കരിക്കുന്ന രീതി ഒഴിവാക്കേണ്ടതുമാണ്.

<u>**വാർഷികപദ്ധതി നിർവ്വഹണത്തിലെ കാലതാമസം-വികസനപദ്ധതികൾക്കായുള്ള 2.94കോടി രൂപയുടെ സർക്കാർ ഗ്രാന്റ് ചെലവഴിക്കാതെ നഷ്ടമായി**</u>

നഗരസഭ 2018-19 വാർഷികപദ്ധതിയിൽ ആവിഷ്കരിച്ച് അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കാതിരുന്നതിനാലും, പ്രോജക്ട് നിർവ്വഹണത്തിനുള്ള നടപടികൾ യഥാസമയം സ്വീകരിക്കാതിരുന്നതിനാലും, സാമ്പത്തികവർഷത്തിന്റെ അവസാനമാസം സമർപ്പിക്കപ്പെട്ട ബില്ലുകൾ ട്രഷറി നിയന്ത്രണംമൂലം പാസാകാതിരുന്നതിനാലും വിവിധ ഇനങ്ങളിലായി അനുവദിക്കപ്പെട്ട 2.94കോടി രൂപ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ടു.

2018-19ലെ ബജറ്റ് വിഹിതം, നഗരസഭ വാർഷികപദ്ധതികൾക്കായി ചെലവഴിച്ച തുക, യഥാസമയം ചെലവഴിക്കാതിരുന്നതിനാൽ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചെടുത്ത തുക എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് വിഭാഗം | സർക്കാർ അനുവദിച്ച തുക | നഗരസഭ ചെലവഴിച്ച തുക | ചെലവുശതമാനം | ചെലവഴിക്കാതെ നഷ്ടമായ തുക | റിമാർക്സ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 2,76,43,196 | 2,48,63,411 | 88.9 | 27,79,785 | സർക്കാർ നിർദ്ദേശപ്രകാരം വാട്ടർ അതോറിറ്റിക്കും കെ.എസ്.ഇ.ബി-യിലും അടവാക്കാനുള്ള കുടിശ്ശിക 2,86,615/-രൂപ കിഴിവുചെയ്തുൾപ്പെടെ |
| എസ്.സി.പി | 77,20,000 | 43,40,660 | 56.2 | 33,79,340 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3,75,90,700 | 2,05,18,133 | 54.58 | 1,70,72,567 | |
| റോഡ് സംരക്ഷണഗ്രാന്റ് | 1,77,59,000 | 1,18,48,500 | 66.7 | 59,10,500 | |
| ചെലവഴിക്കാതെ നഷ്ടമായ ആകെ തുക | | | | **2,94,28,807** | |

<u>സ്പിൽ ഓവർ പ്രോജക്ടുകൾക്കുവേണ്ടി ചെലവഴിക്കപ്പെട്ടത് 2.39 കോടി</u>

വാർഷികപദ്ധതിയുടെ വിവിധ ഘട്ടങ്ങളിലുണ്ടായ കാലതാമസം കാരണം മുൻവർഷ വിഹിതത്തിൽനിന്നും തുക

ചെലവഴിക്കാനാകാതെ വന്ന പ്രോജക്ടുകൾക്കായി തൻവർഷത്തെ വിഹിതത്തിൽനിന്നും ചെലവഴിക്കേണ്ടിവന്ന തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് ഇനം | സ്പിൽ പ്രോജക്ടുകൾക്കുവേണ്ടി ചെലവഴിച്ച തുക |
|---|---|
| വികസനഫണ്ട് (ജനറൽ) | 13,85,199 |
| എസ്.സി.പി | 19,43,770 |
| സി.എഫ്.സി | 1,21,97,229 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 74,52,428 |
| സംരക്ഷണഗ്രാന്റ് (നോൺറോ) | 9,22,403 |
| ആകെ | 2,39,01029 |

ഫണ്ട് ലഭ്യമായിരുന്നിട്ടും അംഗീകാരം ലഭിച്ച സ്പിൽ ഓവർ ഉൾപ്പെടെയുള്ള പ്രോജക്ടുകൾ നടപ്പാക്കാതിരുന്നതിനാൽ പ്രസ്തുത പ്രോജക്ടുകൾക്കുവേണ്ടി നീക്കിവച്ചിരുന്ന തൻവർഷത്തെ വിഹിതം 2.94 കോടി രൂപ നഷ്ടമാവുകയാണുണ്ടായത്. സ്പിൽ ഓവർവിഹിതം ലഭ്യമാകാത്തതിനാൽ നടപ്പാക്കാതിരുന്ന പ്രോജക്ടുകൾക്കുവേണ്ടി അടുത്തവർഷത്തെ വിഹിതത്തിൽനിന്നും തുക വകയിരുത്തേണ്ടി വരുന്നതിനാൽ 2019-20-ലെ പുതിയ പ്രോജക്ടുകൾക്ക് വകയിരുത്തേണ്ട വിഹിതത്തിൽ കുറവുവരികയും ചെയ്യുന്നു. സ്പിൽ ഓവർ പ്രോജക്ടുകൾക്കാവശ്യമായ ക്യാരി ഓവർ വിഹിതം തുടർവർഷം സർക്കാരിൽനിന്നും ലഭിക്കാത്തതിനാൽ ടി തുക ആത്യന്തികമായി സ്ഥാപനത്തിന് നഷ്ടമായി.

വികസനപദ്ധതികൾ തയ്യാറാക്കുകയും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഇതര സർക്കാർ ഏജൻസികൾ എന്നിവിടങ്ങളിൽ നിന്നും ലഭ്യമാവുന്ന ധനസഹായം വിനിയോഗിച്ച് അവ നടപ്പിലാക്കുകയും തദ്ദേശഭരണസ്ഥാപനങ്ങളുടെ ചുമതലയാണ്. ആയതിനാൽ വാർഷികപദ്ധതിക്കായി ലഭ്യമാകുന്ന സർക്കാർ ഗ്രാന്റ് പരമാവധി വിനിയോഗിച്ച് അംഗീകാരം ലഭിക്കുന്ന എല്ലാ പ്രോജക്ടുകളും നിയമവിധേയമായും ഫലപ്രദമായും നടപ്പാക്കേണ്ടതും മേൽപരാമർശിച്ച തരത്തിലുള്ള അപരിഹാര്യമായ നഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടികളുണ്ടാകേണ്ടതുമാണ് .

തനതുവിഭവസ്രോതസ്സുകൾ കുറവായ നഗരസഭ സർക്കാരിൽനിന്നും വികസനപ്രവർത്തനങ്ങൾക്കു വേണ്ടി ലഭിക്കുന്ന ധനസഹായം നഷ്ടപ്പെടുത്താതെ പൂർണ്ണമായും പ്രയോജനപ്പെടുത്തി വാർഷികപദ്ധതികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ ഭാവിയിൽ സ്വീകരിക്കേണ്ടതാണ്.

## 1-4 ക്യാഷ് പരിശോധന

**വൈക്കം നഗരസഭയുടെ** 2018-19 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.01.2020 തീയതിയിൽ 3.45 PM-ന് നഗരസഭ ജൂനിയർ സൂപ്രണ്ടിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ **12631/-** രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു

## 1-5 ആഭ്യന്തരനിയന്ത്രണസംവിധാനം

ഏതൊരു സ്ഥാപനത്തിന്റെയും ഭരണപരമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അനിവാര്യമാണ്. നഗരസഭയിലെ ആഭ്യന്തര നിയന്ത്രണസംവിധാനം ഏറെ മെച്ചപ്പെടേണ്ടതുണ്ട്. നഗരസഭയുടെ ഭരണപരമായ സൗകര്യത്തിനായി ജനറൽ അഡ്മിനിസ്ട്രേഷൻ, റവന്യൂ, ഹെൽത്ത്, എഞ്ചിനീയറിംഗ് എന്നീ വിഭാഗങ്ങൾ പ്രവർത്തിച്ചു വരുന്നു. എന്നാൽ വിവിധ സെക്ഷനുകൾ തമ്മിലുള്ള ഏകോപനമില്ലായ്മമൂലം നഗരസഭയുടെ സാമ്പത്തികവും സാമ്പത്തികേതരവുമായ വിഷയങ്ങളിൽ ആധികാരികമായ റിപ്പോർട്ടുകൾ ക്രോഡീകരിച്ച് സർക്കാർ മുമ്പാകെയോ ഓഡിറ്റ് മുമ്പാകെയോ പൊതുജനങ്ങൾക്കായോ നൽകുന്നതിന് ബുദ്ധിമുട്ട് നേരിടുന്നു. ഓഡിറ്റ് കാലയളവിൽ ഓഫീസ് പ്രവർത്തനങ്ങളിലും പദ്ധതി നിർവ്വഹണത്തിലും മറ്റു പ്രവർത്തനങ്ങളിലും ചട്ടങ്ങളും ഉത്തരവുകളും പാലിക്കുന്നതിൽ ഉണ്ടായ അനാസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. താഴെ പറയുന്ന വിഷയങ്ങളിലേക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

**ബജറ്റ്**

ധനമാനേജ്മെന്റിന്റെ അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നത് നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചല്ല. 1994 ലെ കേരള മുൻസിപ്പാലിറ്റി നിയമം സെക്ഷൻ 285 പ്രകാരം വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവുചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ജനുവരി 15 ന മുമ്പായി സെക്രട്ടറി തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. എന്നാൽ നഗരസഭയിൽ ബജറ്റ് തയ്യാറാക്കുന്നതിലേക്കായി, അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ സ്വീകരിച്ച് സെക്രട്ടറി വിശദമായ ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തയ്യാറാക്കിയ ബജറ്റിന് അടിസ്ഥാനമാക്കിയ ബജറ്റ് നിർദ്ദേശങ്ങളടങ്ങിയ ഫയൽ നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല.

**രസീത് പരിശോധന**

ഒരു തദ്ദേശ സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണത്തിലെ സുപ്രധാന ഘടകമാണ് സ്ഥാപനത്തിന്റെ വരവുകളുടെ കൃത്യത ഉറപ്പാക്കൽ. ഇതിനായി രസീത് മുഖേനയുള്ള പിരിവിലെ കൃത്യതയും, വിവിധ രേഖകളുടെ/രജിസ്റ്ററുകളുടെ സൂക്ഷിപ്പും, ജീവനക്കാരുടെ ജോലി/ജോലികൈമാറ്റം തുടങ്ങിയവയുടെ ശരിയായ മേൽനോട്ടവും യഥാസമയം നടത്തേണ്ടതുണ്ട്. ഫ്രണ്ട് ഓഫീസ് ഉപയോഗത്തിനായി ഇഷ്യൂ ചെയ്യുന്ന രസീതുകളുടെ (സാംഖ്യസ്റ്റേഷനറി/ മാനുവൽ) വിശദാംശങ്ങൾ ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്ററിലും, ഓരോ ദിവസവും ഉപയോഗിക്കുന്നതിന്റെ വിവരം ഫ്രണ്ട് ഓഫീസ് ഡയറിയിലും കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. ഇത്തരം വിഷയങ്ങളിൽ കൃത്യമായ ഇടപെടലോ, പരിശോധനയോ മേൽനോട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ലെന്നാണ് ഇതിൽ നിന്ന് വ്യക്തമാകുന്നത്.

**രജിസ്റ്ററുകളുടെയും ഫയലുകളുടെയും സൂക്ഷിപ്പ്**

നഗരസഭയുടെ വരവുചെലവു കണക്ക് സൂക്ഷിപ്പും രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പും കാര്യക്ഷമമല്ല. വരവുസംബന്ധമായ രജിസ്റ്ററുകൾ പലതും കൃത്യമായി സൂക്ഷിക്കുന്നില്ല. വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ നഗരസഭയ്ക്ക് കിട്ടാനുള്ള വസ്തുനികുതി എത്രയെന്നോ, കുടിശ്ശിക എത്രയെന്നോ കണക്കാക്കാൻ കഴിഞ്ഞിട്ടില്ല. സഞ്ചയ സോഫ്റ്റ്‌വെയറിൽ നഗരസഭാ പരിധിയിലെ മുഴുവൻ കെട്ടിടങ്ങളുടെയും നികുതി ഡിമാന്റ് ചെയ്തിട്ടില്ല. വാടകകുടിശ്ശിക സംബന്ധിച്ച രേഖകളും അപൂർണ്ണമാണ്. സ്യൂട്ട് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, നിക്ഷേപരജിസ്റ്റർ, പ്രൊക്യൂവർമെന്റ് കമ്മറ്റി മിനിറ്റ്സ് എന്നിവയുടെ പരിപാലനവും തൃപ്തികരമല്ല, ഫയലുകൾ ഭൂരിഭാഗവും കാലക്രമമനുസരിച്ച് പരിപാലിക്കുന്നില്ല (chronological order). കൂടാതെ ജീവനക്കാർ സ്ഥലം മാറിപോകുമ്പോൾ അവർ കൈകാര്യം ചെയ്ത ഫയലുകളും രേഖകളും രജിസ്റ്ററുകളും നടപടിക്രമങ്ങൾ പാലിച്ച് കൈമാറ്റം ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല.

**വ്യക്തമായ കാഴ്ച്ചപാടില്ലാത്ത പദ്ധതി നിർവ്വഹണം**

സാധ്യതാപഠനവും പ്രായോഗികതയും ഇല്ലാതെ പദ്ധതികൾ ഏറ്റെടുത്ത് പാതി വഴിയിൽ ഉപേക്ഷിക്കുന്നത് മൂലവും പദ്ധതി നടത്തിപ്പ് രീതികളിലും മുൻഗണനാക്രമങ്ങളിലും മാറ്റം വരുത്തുന്നത് മൂലവും ഉണ്ടാകുന്ന പാഴ്ച്ചെലവുകൾ എല്ലാ വർഷവും ആവർത്തിക്കുന്നതായി കാണുന്നു (ഉദാഹരണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്).

**ആസ്തി സംരക്ഷണം**

2018-19ലെ ആസ്തി ഡിജിറ്റലൈസ് ചെയ്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്ന നടപടി ഇതുവരെ ആരംഭിച്ചിട്ടില്ല. ജി ഒ (എം എസ്) 255/13 ത.സ്വ.ഭ.വ തീയതി 18.7.2013ലെ വ്യവസ്ഥകൾക്ക് അനുസൃതമായി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തുന്നതിനും ധനപരമായ ഇടപാടുകളിൽ മേൽനോട്ടം വഹിക്കുന്നതിനും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്. പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ഉറപ്പുവരുത്തേണ്ടത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. നികുതി നികുതിയേതര വരുമാനങ്ങൾ വർദ്ധിക്കേണ്ടത് നഗരസഭയുടെ പുരോഗതിയുടെ അവശ്യ ഘടകമാണ്. രജിസ്റ്ററുകളുടേയും വിവരശേഖരണ സംവിധാനങ്ങളുടേയും കാലികമായും കൃത്യമായുമുള്ള സൂക്ഷിപ്പിൽ ജാഗ്രത പുലർത്തേണ്ടതുണ്ട്.

# 1-6 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | ലഭ്യമല്ല | 2010-11 | F520/09 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.07.2016 മുതൽ 05.08.2016 വരെ | 2011-12മുതൽ 2015-16വരെ | LBA(HQ)II//8A-2485/197 dtd 19.06.2012 |

# 1-7 വാർഷിക കണക്കുകളുടെ അവലോകനം

1) 2017-18 വർഷത്തെ ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ നീക്കിയിരിപ്പിലെ അപാകതകൾ പരിഹരിച്ച് പുതുക്കിയ പ്രാരംഭബാക്കിയുള്ള വാർഷിക ധനകാര്യപത്രികയാണ് 2018-19ൽ ഓഡിറ്റിനായി ലഭ്യമാക്കിയത്. അതിനാൽ പ്രാരംഭബാക്കിയിൽ ചുവടെ ചേർക്കുന്ന ഇനങ്ങൾക്ക് മുൻവർഷ നീക്കിയിരിപ്പുമായി വ്യത്യാസമുണ്ട്.

| ഇനം/അക്കൗണ്ട് | 2017-18 നീക്കിയിരിപ്പ് | പുതുക്കിയ പ്രാരംഭബാക്കി |
|---|---|---|
| ICICI ബാങ്ക് (NULM) | 774637 | 56115 |
| റ്റി.എസ്.ബി. തനത് ഫണ്ട് (നം.11) | 549894 | 501895 |
| മുനിസിപ്പൽ ഫണ്ട് (ജനറൽ) | 9104321.57 | 9342782.57 |
| ആകെ നീക്കിയിരിപ്പ് | 14328877.27 | 13562356.27 |

ഓഡിറ്റ് ചെയ്ത കണക്കുകളിൽ മാറ്റം വരുത്താൻ പാടില്ലെന്നിരിക്കെ (തുടർ വർഷ ക്രമീകരണങ്ങളിലൂടെ കൃത്യമാക്കണം) പ്രാരംഭബാക്കിയിൽ മാറ്റം വരുത്തിയതി ക്രമവിരുദ്ധമാണ്.

2)ധനലക്ഷ്മി ബാങ്ക് 8716 നമ്പർ അക്കൗണ്ടിൽ 2574.32 രൂപയും സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ടിൽ 1,38,320/- രൂപയും 'directly credited by bank' എന്ന് രേഖപ്പെടുത്തി ടി അക്കൗണ്ടുകളുടെ 31.03.2019ലെ നീക്കിയിരിപ്പ് തുകകൾ ക്രമപ്പെടുത്തിയിട്ടുള്ളതിന്റെ കൃത്യത നോട്ട്സ് ഓൺ അക്കൗണ്ടിന്റെ അഭാവത്തിൽ ഉറപ്പാക്കാൻ സാധ്യമല്ല.

3)പൊരുത്തപ്പെടുത്തൽ പത്രിക പ്രകാരം ചുവടെ ചേർക്കുന്ന ഇനങ്ങളിൽ കാലഹരണപ്പെട്ട ചെക്കുകളുണ്ട്.

| ഇനം | വൗച്ചർ നം./തീയതി | തുക |
|---|---|---|
| റ്റി.എസ്.ബി. (തനത്) | 21800128/19.07.18 | 124748 |
| | 21800040/02.05.18 | 158412 |
| SBI തനത് ഫണ്ട് | 21800070/26.05.18 | 124718 |

മേൽ സൂചിത തുകകൾ 'stale cheque' എന്ന ശീർഷകത്തിൽ ബുക്ക് ചെയ്തിട്ടില്ല. അപാകത 2019-20 ൽ പരിഹരിച്ചിട്ടുണ്ട്.

4)ചുവടെ ചേർക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റ്/പൊരുത്തപ്പെടുത്തൽ പത്രികകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

| അക്കൗണ്ട് | നീക്കിയിരിപ്പ് |
|---|---|
| ട്രഷറി പി.ഡി. | 500 |
| എസ്.ബി.ഐ. (70125) | 3589 |
| ട്രഷറി MF(നം.1-665) | 1 |

5)പ്രധാന വരവിനങ്ങളായ വസ്തുനികുതി, തൊഴിൽ നികുതി, വാടക, ലേലം, ഡി & ഒ ലൈസൻസ് എന്നിവയുടെ അരിയർ ഡിമാന്റ് രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

6)ബി4 ഷെഡ്യൂളിൽ ലയബിലിറ്റിയായി ബുക്ക് ചെയ്തിരിക്കുന്ന തുകകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

7)ഡെപ്പോസിറ്റ് രജിസ്റ്റർ പരിപാലിക്കാത്തതിനാൽ B7, RP27 ഷെഡ്യൂളുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കാനായില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രാരംഭബാക്കി തുകകളുടെ കൃത്യത വിശദീകരിക്കപ്പെട്ടില്ല.

8)ബി18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള 'Marriage loan' തുകയുടെ നീക്കിയിരിപ്പ് വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. 'Electricity deposit' എന്ന ഇനത്തിലെ തുകയുടെ കൃത്യത വിശദീകരിക്കപ്പെട്ടില്ല.

9)ബി18 ഷെഡ്യൂളിൽ ഉൾപ്പെടുത്തേണ്ട 'കേരള വാട്ടർ അതോറിറ്റി ഡെപ്പോസിറ്റ്' ബി19 എന്ന പ്രത്യേക ഹെഡിൽ ചേർത്തിരിക്കുന്നു.

10)RP8 ഷെഡ്യൂളിൽ തനത് ഫണ്ടിന്റെയല്ലാതെ മറ്റ് അക്കൗണ്ടുകളുടെ പലിശ കൂടി ഉൾപ്പെടുത്തിയിരിക്കുന്നു.

11)സ.ഉ.(എം.എസ്)നം.152/11/തസ്വഭവ തീയതി 26.07.2011ലെ നിർദ്ദേശങ്ങൾ പാലിച്ച് ആസ്തികൾ അക്കൗണ്ട് ചെയ്തിട്ടില്ല.

12)തൻവർഷം ക്യാപിറ്റലായി മാറ്റിയ ആസ്തികളുടെ വിവരം ക്യാപിറ്റൽ കോൺട്രിബ്യൂഷൻ എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

13)ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ആയി ബി11-ൽ ഉൾപ്പെടുത്തിയ തുകകൾ സംബന്ധിച്ച വർക്ക് ഷീറ്റ് ഹാജരാക്കിയില്ല.

14)വാർഷിക കണക്കുകളോടൊപ്പം സമർപ്പിക്കേണ്ടിയിരുന്ന പ്രധാന അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. കണക്കുകൾ തയ്യാറാക്കുന്നതിലും റിപ്പോർട്ട് ചെയ്യുന്നതിലും സംഖ്യാപരവും, ശീർഷകസംബന്ധവുമായ കൃത്യത ഉറപ്പാക്കേണ്ടതാണ്.

# 1-8 രസീത് - സ്റ്റോക്ക് രജിസ്റ്റർ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

നഗരസഭ പണംപിരിവിനായി ഉപയോഗിക്കുന്ന രസീതുബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

I സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 15 രസീതു ബുക്കുകൾ കുറവ് കാണിക്കുന്നു

29.03.16 ൽ സുധീഷ് കുമാർ.എസ് എന്ന വ്യക്തിക്ക് (ഉദ്യോഗപ്പേര് രേഖപ്പെടുത്തിയിട്ടില്ല) 122-ാം നമ്പർ രസീത് ബുക്ക് ഇഷ്യൂ ചെയ്ത് നീക്കിയിരിപ്പ് 278 ആയി സ്റ്റോക്ക് രജിസ്റ്റർ പേജ് 53-ൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതിന് ശേഷം ശ്രീ. രാജേഷ് പി.ആർ. എന്ന വ്യക്തിക്ക് ഇഷ്യൂ ചെയ്തിരിക്കുന്നത് 1-ാം നമ്പർ രസീത് ബുക്കാണ് (തീയതി 05.04.16). പ്രസ്തുത ഇടപാടിന് ശേഷം ഇതേ തീയതിയിൽ 277 രസീതുബുക്കുകൾ നീക്കിയിരിപ്പുണ്ടാകണമെന്നിരിക്കെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 263 ബുക്കുകളേ അവശേഷിക്കുന്നുള്ളൂ. ബുക്കുകൾ സ്റ്റോക്കിലില്ലാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10) 2015-16 സാമ്പത്തിക വർഷം അവസാനിക്കാറായ സാഹചര്യത്തിൽ നഗരസഭ സെക്രട്ടറിയുടെ ഉത്തരവിൻ പ്രകാരം 14 ബുക്കുകൾ തൻവർഷ ഉപയോഗത്തിനായി മാറ്റി വച്ചതാണെന്നും ആയത് സുരക്ഷിതമായി ക്യാഷ് സെക്ഷനിൽ സൂക്ഷിച്ചിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. ഉപയോഗിക്കാത്ത 14 രസീതു ബുക്കുകൾ പരിശോധനയ്ക്കായി ഹാജരാക്കിയെങ്കിലും സ്റ്റോക്ക് രജിസ്റ്ററിൽ ഇതു സംബന്ധിച്ച് യാതൊരു രേഖപ്പെടുത്തലുമില്ല. പ്രസ്തുത രസീതു ബുക്കുകൾ കൂടി ഉൾപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

II സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ സംബന്ധിച്ച അപാകതകൾ

1 16.03.17 തീയതി ശ്രീമതി ശ്രീജ കെ.എസ്.ന് രസീത് ബുക്ക് ( നമ്പർ 90) ഇഷ്യൂ ചെയ്തതിനുശേഷം രസീതു ബുക്കുകളുടെ നീക്കിയിരുപ്പ് 180 എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. (പേജ് നമ്പർ 68). ആയതിന് ശേഷം നാളിതു വരെ സ്റ്റോക്ക് രജിസ്റ്ററിൽ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടില്ല.

2. 07.09.16 ൽ ബാലൻസ് ഉണ്ടായിരുന്ന 234 രസീത് ബുക്കുകളിൽ നിന്ന് ഒരു രസീത് ബുക്ക് 12.09.16 തീയതി പ്രസന്നൻ, ജെ.എച്ച്.ഐ.ക്ക് ഇഷ്യൂ ചെയ്തതിനുശേഷം നീക്കിയിരുപ്പ് 233 എന്ന് രേഖപ്പെടുത്തേണ്ടതിനു പകരം 236 എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു ( സ്റ്റോക്ക് രജിസ്റ്റർ പേജ് 58)

3. 13.12.16 ലെ നീക്കിയിരിപ്പായ 215 രസീതു ബുക്കുകളിൽ നിന്ന് 53-ാം നമ്പർ രസീത് ബുക്ക് മഞ്ജു, ആർ.ഐ. ക്ക് ഇഷ്യൂ ചെയ്തതിന് ശേഷം നീക്കിയിരുപ്പ് 214 എന്നതിന് പകരം 216 എന്ന് തെറ്റായി സ്റ്റോക്ക് രജിസ്റ്റർ പേജ് 62-ൽ രേഖപ്പെടുത്തിയിരിക്കുന്നു.

4. 04.02.17 മഞ്ജു,വആർ.ഐ.ക്ക് 69-ാം നമ്പർ രസീത് ബുക്ക് വിതരണം ചെയ്തതിനുശേഷം നീക്കിയിരിപ്പ് 200 എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ നിന്ന് 06.02.17 തീയതിയിൽ സീനിയർ വെറ്ററിനറി സർജന് 70-ാം നമ്പർ രസീത് ബുക്ക് വിതരണം ചെയ്ത് കഴിഞ്ഞതിനുശേഷവും നീക്കിയിരിപ്പ് 200 എന്ന് തന്നെയാണ് രേഖപ്പെടുത്തിയിരിക്കുന്നത് (സ്റ്റോക്ക് രജിസ്റ്റർ പേജ് നമ്പർ 64, 65).

5. 29.12.18ൽ ലക്ഷ്മി ആർ നായർ എന്നയാൾക്ക് 264-ാം നമ്പർ രസീത് ബുക്ക് ഇഷ്യൂ ചെയ്തിന് ശേഷം 01.11.19 തീയതിയിൽ ശ്രീ രാജേഷ് പി.ആർ എന്ന വ്യക്തിക്ക് ഇഷ്യൂ ചെയ്തിരിക്കുന്നത് രസീത് ബുക്ക് നമ്പർ 1 ആണ് . (പേജ് നമ്പർ 95, 96). സ്റ്റോക്ക് രജിസ്റ്ററിൽ നീക്കിയിരിപ്പ് രേഖപ്പെടുത്തിപ്പോരുന്നില്ലാത്തതിനാൽ ടി സീരിയൽ നമ്പരിനുശേഷം ബുക്കുകൾ ബാലൻസുണ്ടായിരുന്നോ എന്ന് വ്യക്തമല്ല.

6. 31.12.14 തീയതിയിൽ 400 രസീതു ബുക്കുകൾ ലഭിച്ചതായും നീക്കിയിരിപ്പ് 400 ആയും സ്റ്റോക്ക് രജിസ്റ്ററിൽ (പേജ് നമ്പർ 34) രേഖപ്പെടുത്തിയിരുന്നു. അതിനു ശേഷം നാളിതു വരെ രസീതു ബുക്കുകളൊന്നും ലഭ്യമായതായി രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 31.12.14 തീയതി മുതൽ നാളിതു വരെ 459 രസീതു

ബുക്കുകൾ ഇഷ്യൂ ചെയ്തിട്ടുമുണ്ട്. പുതിയ സ്റ്റോക്ക് ലഭിക്കാതെ 59 ബുക്കുകൾ അധികമായി വിതരണം ചെയ്തിട്ടുള്ളത് എപ്രകാരമെന്ന് വ്യക്തമല്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11) ക്രമ നമ്പർ 1 മുതൽ 4 വരെ യുള്ള അപാകതകൾ ക്ലറിക്കൽ മിസ്റ്റേക്ക് മൂലം സംഭവിച്ചതാണെന്ന് മറുപടി നൽകി. 2015-16 സാമ്പത്തിക വർഷം അവസാനിക്കാറായ സാഹചര്യത്തിൽ നഗരസഭ സെക്രട്ടറിയുടെ ഉത്തരവിൻ പ്രകാരം 14 ബുക്കുകൾ തൻവർഷ ഉപയോഗത്തിനായി മാറ്റി വച്ചതു മൂലമാണ് ക്രമനമ്പർ 5 പ്രകാരമുള്ള അപാകത സംഭവിച്ചതെന്നും 11.01.19 തീയതിയിൽ പുതിയ 100 രസീതു ബുക്കുകൾ പ്രിന്റു ചെയ്ത് സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച് സ്റ്റോക്ക് രജിസ്റ്ററിൽ യാതൊരു രേഖപ്പെടുത്തലുകളുമില്ല. പരാമർശിത അപാകതകൾ എല്ലാം പരിഹരിച്ച് സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ സാംഖ്യ രസീതുകൾ സ്റ്റോക്കിൽ എടുത്ത് വിതരണം ചെയ്യുന്നതായി കാണുന്നില്ല. സാംഖ്യ രസീതുകൾ സംബന്ധിച്ച രേഖപ്പെടുത്തലുകൾക്കായി പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും കമ്പ്യൂട്ടർ പ്രിന്റ് രസീതുകൾ സംബന്ധിച്ച എല്ലാ വിവരങ്ങളും അതിൽ രേഖപ്പെടുത്തേണ്ടതുമാണ്.

# 1-9 ബാങ്ക് റീകൺസിലിയേഷൻ പത്രികകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

മുനിസിപ്പാലിറ്റിയുടെ വാർഷിക ധനകാര്യപത്രിക ആർ.പി 40 (ബി) പ്രകാരമുള്ള അക്കൗണ്ടുകളുടെ പ്രതിമാസ റീകൺസിലിയേഷൻ തയ്യാറാക്കുന്നില്ല. എസ്.ബി.ടി ഓൺ ഫണ്ട് (അക്കൗണ്ട് നം 57039365397), ട്രഷറി ഓൺ ഫണ്ട് (അക്കൗണ്ട് നം 709041400000011) എന്നീ അക്കൗണ്ടുകളുടെ 30.09.19 വരെയുള്ള റീകൺസിലിയേഷൻ പത്രികകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. ബാങ്ക് റീകൺസിലേഷൻ പത്രികൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1കളക്ഷനു കൊടുത്ത ചെക്കുകൾ അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടില്ല.

30.09.2019-ൽ നടത്തിയ 57039365397 നമ്പർ അക്കൗണ്ടിന്റെ റിക്കൺസിലിയേഷൻ പ്രകാരം ചെക്ക് ഡെപ്പോസിറ്റഡ് ബട്ട് നോട്ട് കളക്ടഡ് എന്ന ശീർഷകത്തിൽ അവശേഷിക്കുന്ന തുകകളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനമ്പർ | വൗച്ചർ നമ്പർ | വൗച്ചർ തീയതി | ഇൻസ്ട്രുമെന്റ് നമ്പർ | ഇൻസ്ട്രുമെന്റ് തീയതി | തുക |
|---|---|---|---|---|---|
| 1 | 119010500013 | 29.05.19 | 0553092 | 29.05.19 | 1250 |
| 2 | 118010500274 | 08.03.19 | 0544587 | 27.02.19 | 1250 |
| 3 | 118220900004 | 27.02.19 | 583638304 | 05.02.19 | 1250 |
| 4 | 118010400012 | 29.08.18 | 378226 | 29.08.18 | 1250 |

ചെക്കുകളുടെ കാലാവധി മൂന്ന് മാസമാണെന്നിരിക്കെ പ്രസ്തുത ശീർഷകത്തിൽ മാസങ്ങളായി ഈ തുകകൾ നിലനിൽക്കുന്നതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തേണ്ടതും തുക നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ അത് ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കേണ്ടതുമാണ്. അനന്തരനടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2. കാലാവധി കഴിഞ്ഞിട്ടും പണമാക്കാത്ത ചെക്കുകൾ അക്കൗണ്ടിൽ അവശേഷിക്കുന്നു

മുനിസിപ്പാലിറ്റിയിൽ നിന്ന് നൽകിയ കാലാവധി കഴിഞ്ഞതും പണമാക്കാത്തതുമായ ചെക്കുകൾ അക്കൗണ്ടിൽ തിരികെ വരവുവെയ്ക്കേണ്ടതാണെന്ന് 2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ടിംഗ്) ചട്ടങ്ങൾ ചട്ടം-45 ൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ആയത് പാലിച്ചിട്ടില്ല. 30.09.2019-ൽ നടത്തിയ 57039365397 നമ്പർ

അക്കൗണ്ടിന്റെ റിക്കൺസിലിയേഷൻ പത്രിക പ്രകാരം തിരികെ അക്കൗണ്ടിൽ വരവുവെയ്ക്കേണ്ടതായ ചെക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നമ്പർ | വൗച്ചർ തീയതി | ഇൻസ്ട്രുമെന്റ് നമ്പർ | ഇൻസ്ട്രുമെന്റ് തീയതി | തുക |
|---|---|---|---|---|
| 21800070 | 26.05.19 | 2404064 | 11.05.18 | 124718 |

കാലാവധി കഴിഞ്ഞതും പണമാക്കാത്തതുമായ പ്രസ്തുത ചെക്ക് അക്കൗണ്ടിലേക്ക് തിരികെ വരവുവെയ്ക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3. ഡയറക്റ്റ്ലി ഡെബിറ്റഡ് ബൈ ബാങ്ക് എന്ന ശീർഷകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

57039365397 നമ്പർ അക്കൗണ്ടിന്റെ 30.09.19 തീയതിയിലെ റീകൺസിലേഷൻ പത്രിക പരിശോധിച്ചതിൽ താഴെ പറയുന്ന തുക ഡയറക്റ്റ്ലി ഡെബിറ്റഡ് ബൈ ബാങ്ക് എന്ന ശീർഷകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നു.

| വൗച്ചർ നമ്പർ | വൗച്ചർ തീയതി | ഇൻസ്ട്രുമെന്റ് നമ്പർ | ഇൻസ്ട്രുമെന്റ് തീയതി | തുക |
|---|---|---|---|---|
| രേഖപ്പെടുത്തിയിട്ടില്ല | 22.08.19 | REVERSE | രേഖപ്പെടുത്തിയിട്ടില്ല | 22500 |

പ്രസ്തുത തുകകളുടെ വരവ്/പിൻവലിക്കലുകൾ സംബന്ധിച്ച വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്. കൂടാതെ മുൻകൂട്ടി കാണാൻ സാധിക്കാതെ അക്കൗണ്ടിൽ നിന്ന് പിൻവലിക്കപ്പെടുന്ന തുകകൾ (ഉദാ ബാങ്ക് ചാർജ്ജ്) വരുന്ന ഡയറക്റ്റ്ലി ഡെബിറ്റഡ് ബൈ ബാങ്ക് എന്ന ശീർഷകത്തിൽ 22500/- രൂപ അവശേഷിക്കുന്നതെങ്ങനെയെന്ന് വിശദമാക്കേണ്ടതാണ്. അതോടൊപ്പം പ്രസ്തുത തുകയുടെ വൗച്ചർ നമ്പർ, വൗച്ചർ തീയതി, ഇൻസ്ട്രുമെന്റ് നമ്പർ, ഇൻസ്ട്രുമെന്റ് തീയതി തുടങ്ങിയ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 20.01.2020 തീയതിയിൽ റിവേഴ്സ് എൻട്രി നടത്തി അപാകത പരിഹരിച്ചതായി അറിയിച്ചിട്ടുണ്ട്. 2020 ജനവരി മാസത്തെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

4. റീകൺസിലിയേഷൻ പത്രികകൾ ലഭ്യമാക്കിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിലെ ആർ.പി 40 (ബി) പ്രകാരമുള്ള താഴെ പറയുന്ന അക്കൗണ്ടുകളുടെ പ്രതിമാസ റീകൺസിലിയേഷൻ പത്രികകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. 30.09.19 വരെയുള്ള ബാങ്ക് ബുക്കുകളും ബാങ്ക് സ്റ്റേറ്റ്മെന്റുകളും മാത്രമാണ് ലഭ്യമാക്കിയിരിക്കുന്നത്.

| ക്രമ നമ്പർ | അക്കൗണ്ട് (ആർ.പി 40 ബി പ്രകാരം) | 30.09.19 തീയതിയിലെ ബാങ്ക് ബുക്ക് ബാലൻസ് | 30.09.19 തീയതിയിലെ പാസ്സ് ബുക്ക് ബാലൻസ് |
|---|---|---|---|
| 1 | അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക് | 833.50 | 643 |
| 2 | സബ് ട്രഷറി വൈക്കം-140 | 2617929 | 29320 |
| 3 | സബ് ട്രഷറി വൈക്കം-124 | 1407776 | 446000 |
| 4 | സബ് ട്രഷറി വൈക്കം-144 | 4342 | 4518 |
| 5 | ഫെഡറൽ ബാങ്ക്-119661 | 471393 | 479744 |
| 6 | ഐ.സി.ഐ.സി.ഐ. സ്വച്ച് | 375675 | 3872296 |

| | | | |
|---|---|---|---|
| | ഭാരത് സേവിംഗ്സ് | | |
| | | | |
| 7 | ഐ.സി.ഐ.സി.ഐ. സ്വച്ച് ഭാരത് കറണ്ട് | 3900456 | 3826991 |
| 8 | ഐ.സി.ഐ.സി.ഐ. പി.എം.എ.വൈ സേവിംഗ്സ് | 13580144 | 1186794 |
| 9 | ഐ.സി.ഐ.സി.ഐ. പി.എം.എ.വൈ | 0 | 12600000 |
| 10 | സാക്ഷരത അക്കൗണ്ട് | 70747 | 70161 |

പ്രസ്തുത അക്കൗണ്ടുകളുടെ നാളിതു വരെയുള്ള ബാങ്ക് ബുക്കുകളും ബാങ്ക് സ്റ്റേറ്റ്മെന്റുകളും റീകൺസിലേഷൻ പത്രികകളും എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

5. റീകൺസിലേഷൻ പത്രികകൾ, ബാങ്ക് സ്റ്റേറ്റ്മെന്റ്കൾ, ബാങ്ക് ബുക്ക് എന്നിവ പരിശോധനക്ക് ലഭ്യമായിട്ടില്ല

വാർഷിക ധനകാര്യപത്രികയിലെ ആർ.പി 40 (ബി) പ്രകാരം നിലവിലുള്ള താഴെ കൊടുത്തിട്ടുള്ള അക്കൗണ്ടുകളുടെ റീകൺസിലേഷൻ പത്രികൾ, ബാങ്ക് സ്റ്റേറ്റ്മെന്റുകൾ, ബാങ്ക് ബുക്ക് എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | അക്കൗണ്ട് | ആർ.പി 40 (ബി) പ്രകാരം 30.03.19 ലെ നീക്കിയിരിപ്പ് |
|---|---|---|
| 1 | ഐ.സി.ഐ.സി.ഐ. ബാങ്ക് എൻ.യു.എൽ.എം | 257272 |
| 2 | ടി.എസ്.ബി ഓൺ ഫണ്ട് | 1 |
| 3 | ട്രഷറി. പി ഡി അക്കൗണ്ട് | 500 |
| 4 | എസ്.ബി.ടി 70125 | 3589 |
| 5 | ധനലക്ഷ്മി ബാങ്ക് 8716 | 8680 |
| 6 | യൂണിയൻ ബാങ്ക് | 320006 |

പ്രസ്തുത അക്കൗണ്ടുകളുടെ നാളിതു വരെയുള്ള ബാങ്ക് ബുക്കുകളും ബാങ്ക് സ്റ്റേറ്റ്മെന്റുകളും റീകൺസിലിയേഷൻ പത്രികകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

പരാമർശിത അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (50/24.01.2020) റീകൺസിലിയേഷൻ പത്രികകളിലെ അപാകതകൾ പരിഹരിച്ച് 2019-20 ലെ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

# 1-10 തനത് ഫണ്ടല്ലാത്ത അക്കൗണ്ടിൽ നിന്ന് സാലറി, പെൻഷൻ

# തുടങ്ങിയവ വിതരണം ചെയ്തിരിക്കുന്നു.

2018-19 വാർഷിക കണക്കുകൾ ആർ.പി 40 ബി പ്രകാരം പരിപാലിക്കപ്പെടുന്ന 10960100119661 നമ്പർ അക്കൗണ്ട് (ഫെഡറൽ ബാങ്ക്, വൈക്കം) ചെക്ക് ബുക്ക് പരിശോധനയിൽ 4599590 രൂപ സാലറി, പെൻഷൻ ഇനത്തിൽ വിതരണം ചെയ്തതായി ചെക്ക് ബുക്ക് ഡീറ്റെയിൽസ് പേജിൽ (ആദ്യത്തെ പേജ്) രേഖപ്പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ചെക്ക് നമ്പർ | പിൻവലിക്കലിന്റെ വിശദാംശങ്ങൾ (ചെക്ക് ബുക്ക് ഡീറ്റെയിൽസ് പേജ് പ്രകാരം) | തുക |
|---|---|---|
| 212431 | റഗുലർ പെൻഷൻ | 575831 |
| 212432 | സാലറി | 596425 |
| 212433 | പേ റിവിഷൻ | 316193 |
| 212434 | സാലറി | 800000 |
| 212435 | റഗുലർ പെൻഷൻ | 212435 |
| 212436 | സാലറി | 1228511 |
| 212437 | വ്യക്തമല്ല | 236000 |
| 212439 | പ്രമീള വിജയകുമാർ | 20000 |
| 212440 | ആർ.ടി.ജി.എസ്. | 614195 |

തനത് ഫണ്ടല്ലാത്ത പ്രസ്തുത അക്കൗണ്ടിൽ നിന്ന് സാലറി, പെൻഷൻ നൽകിയത് സംബന്ധിച്ചും പ്രസ്തുത അക്കൗണ്ട് ഏത് ആവശ്യത്തിന് വേണ്ടിയാണ് നിലനിർത്തിയിരിക്കുന്നത് എന്നത് സംബന്ധിച്ചും നാളിതു വരെയുള്ള അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ആവശ്യപ്പെട്ടും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (55/25.01.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വിഷയത്തിൽ വിശദമായ അന്വേഷണം നടത്തി വിവരം അറിയിക്കേണ്ടതാണ്.

# 1-11 വസ്തു നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

**1. വസ്തു നികുതി പരിഷ്കരണം പൂർത്തിയായിട്ടില്ല**

14.01.2011 ലെ സർക്കാർ ഉത്തരവ് (അ) നം. 18/2011 ത.സ്വ. ഭ. വ. പ്രകാരം നഗരസഭകളിൽ കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി പരിഷ്കരിച്ച് കൊണ്ട് 2011ലെ കേരള മുൻസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നിരക്ക് നിശ്ചയിച്ചുകൊണ്ട് 18.02.2012ലെ R1 3542 നമ്പരായി നഗരസഭ വിജ്ഞാപനം പുറപ്പെടുവിച്ചു. എങ്കിലും നഗരസഭയിൽ വസ്തുനികുതി പരിഷ്കരണത്തിനായുള്ള നടപടികൾ പൂർത്തിയായിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വസ്തു നികുതി പരിഷ്കരിക്കുന്നതിന് 2011-ൽ സർക്കാർ പുറപ്പെടുവിച്ച, ഭേദഗതികൾ പ്രകാരം

നഗരസഭയിലെ വസ്തുനികുതി പരിഷ്കരണത്തിന് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ, നഗരസഭയിലെ ആകെ കെട്ടിടങ്ങളുടെയും കെട്ടിടങ്ങളുടെ നമ്പറിംഗ് പൂർത്തീകരിച്ചതിന്റെയും വിവരം, സഞ്ചയയിൽ ഡേറ്റാ എൻട്രി നടത്തി ഡിമാന്റ് തയ്യാറാക്കി നോട്ടീസ് നൽകിയ കെട്ടിടങ്ങളുടെ വിവരം, 1993-94ലെ അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരമുള്ള ആകെ കെട്ടിടങ്ങളുടെയും ഡേറ്റാ എൻട്രി(ബേസ് ഡേറ്റാ) സഞ്ചയയിൽ പൂർത്തിയാക്കിയതിന്റെയും വിവരം, ഇവയിൽ ഫോറം 6 ജനറേറ്റ് ചെയ്ത്, ഡിജിറ്റൽ സൈൻ ചെയ്ത കെട്ടിടങ്ങളുടെ എണ്ണം, വസ്തുനികുതിയുടെ നാളിതുവരെയുള്ള കുടിശ്ശികയുടെ വർഷം തിരിച്ചുള്ള വിവരം, വസ്തു നികുതി ഒഴിവാക്കിയ/ ഇളവ് ചെയ്ത കൊടുത്തിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (28/22.01.20) നഗര സഭയിൽ വസ്തു നികുതി പരിഷ്കരണം നടന്നുകൊണ്ടിരിക്കുകയാണെന്നും പൂർത്തിയാകുന്ന മുറയ്ക്ക് വിവരം അറിയിക്കാമെന്നും മറുപടി നൽകിയിട്ടുണ്ട്. താരതമ്യേന വരുമാനം കുറവുള്ള വൈക്കം മുനിസിപ്പാലിറ്റിയിൽ നാളിതുവരെ വസ്തു നികുതി പരിഷ്കരണം നടത്തിയിട്ടില്ലയെന്നത് ഗുരുതരമായ കൃത്യവിലോപമാണ്. വസ്തു നികുതി പരിഷ്കരണം അടിയന്തിരമായി പൂർത്തിയാക്കി അറിയിക്കേണ്ടതാണ്.

2. സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല.

സർക്കാർ ഉത്തരവ് (എംഎസ്)371/13/ത.സ്വ.ഭ.വ തീയതി 2.12.13 ഖണ്ഡിക 4-ൽ വസ്തു നികുതി നിർണ്ണയത്തിനായി ഇൻഫോർമേഷൻ കേരള മിഷൻ വികസിപ്പിച്ചെടുത്ത സോഫ്റ്റ്‌വെയർ ഉപയോഗിക്കാമെന്ന് വ്യക്തമാക്കുന്നെങ്കിലും നാളിതു വരെ ഏകദേശം 6500 ഓളം കെട്ടിടങ്ങളുടെ വിവരങ്ങൾ മാത്രമാണ് സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (28/22.01.20) നിലവിലുള്ള കെട്ടിടങ്ങളുടെ ഫോം 6 ഡാറ്റ എൻട്രി ചെയ്യുന്നതിനുള്ള നടപടികൾ അടിയന്തിരമായി നടന്നു വരികയാണെന്നും ഡാറ്റാ എൻട്രി പൂർത്തിയാകുന്ന മുറയ്ക്ക് വിവരം അറിയിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. നഗരസഭ പരിധിയിലുള്ള എല്ലാ കെട്ടിടങ്ങളുടെയും ഫോം 6 വിവരങ്ങൾ സഞ്ചയയിൽ രേഖപ്പെടുത്തി വിവരം അറിയിക്കേണ്ടതാണ്. കൂടാതെ സാംഖ്യ സഞ്ചയ സോഫ്റ്റ്‌വെയറുകളുടെ സംയോജനം പൂർത്തിയാക്കുന്നതിനുള്ള അടിയന്തിരനടപടികളും സ്വീകരിക്കേണ്ടതാണ്.

സാംഖ്യ, സഞ്ചയ സോഫ്റ്റ്‌വെയറുകളുടെ സംയോജനം പൂർത്തിയാക്കിയിട്ടില്ല.

3. വസ്തുനികുതിയുടെ നിലവിലുള്ള ഡിമാന്റ് കൃത്യമായി നിർണ്ണയിച്ചതിന്റെ വിവരവും ഇത് സംബന്ധമായി സഞ്ചയ/ സാഖ്യ സോഫ്റ്റ്‌വെയറിലൂടെ ജനറേറ്റ് ചെയ്യുന്ന കണക്കുകൾ പൊരുത്തപ്പെടുന്നുണ്ടോയെന്നുള്ള വിവരവും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (28/22.01.20) വസ്തുനികുതിയുടെ നിലവിലുള്ള ഡിമാന്റ് ഡാറ്റ എൻട്രി പൂർത്തീകരിക്കുന്നതിലൂടെ കണ്ടെത്തി കണക്കുകൾ ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

പരാമർശിത അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-12 മൊബൈൽ ടവറുകളുടെ വസ്തു നികുതി സംബന്ധിച്ച അപാകതകൾ

മൊബൈൽ ടവറുകളുടെ വസ്തു നികുതി പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

എ) മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല.

വൈക്കം മുനിസിപ്പാലിറ്റിയിലെ വാർഡ് ക്ലർക്ക്മാരുടെ ഹാൻഡ്ബുക്കുകൾ പരിശോധിച്ചതിൽ നിന്ന് താഴെ കൊടുത്തിരിക്കുന്ന മൊബൈൽ ടവറുകളിൽ നിന്ന് വസ്തു നികുതി ഈടാക്കുന്നില്ലയെന്ന് കാണുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | മൊബൈൽ ടവർ ഉടമ | വസ്തു നികുതി/ പ്രതി വർഷം | കുടിശ്ശിക |
|---|---|---|---|---|
| 1 | X/126 A | എസ്സാർ ടെലികോം | 4966 | 2017-18 മുതൽ ഈടാക്കുന്നില്ല |
| 2 | VII/78 B | ടാറ്റ ടെലിസർവ്വീസ് | 1875 | 2013-14 മുതൽ ഈടാക്കുന്നില്ല |
| 3 | VII/386 A | ഇൻഡസ് ടവേഴ്സ് | 50000 | 2017-18 മുതൽ ഈടാക്കുന്നില്ല |
| 4 | VII/ 385A | റിലയൻസ് കമ്മ്യൂണിക്കേഷൻ | 196 | 2017-18 മുതൽ ഈടാക്കുന്നില്ല |

കൂടാതെ 07.03.14 ലെ 707/2014/തസ്വഭവ നമ്പർ സർക്കാർ ഉത്തരവിൽ 01.04.11 മുതൽ തറവിസ്തീർണ്ണത്തിനനുസരിച്ച് മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. 14.01.11 ലെ തദ്ദേശസ്വയംഭരണ (ആർ.ഡി.) വകുപ്പിന്റെ 17/2011/തസ്വഭവ നമ്പർ ഉത്തരവിൽ ചതുരശ്രമീറ്ററിന് 400 മുതൽ 500 രൂപ വരെയുള്ള നിരക്കിൽ നഗരസഭാ കൗൺസിലിന് മൊബൈൽ ടവറുകളുടെ നികുതി നിർണ്ണയിക്കാവുന്നതാണെന്നതിന്റെ അടിസ്ഥാനത്തിൽ നഗരസഭാ പ്രദേശത്ത് ചതുരശ്രമീറ്ററിന് 500 രൂപ നിരക്കിൽ നികുതി നിശ്ചയിച്ചിട്ടുള്ളതാണ്. (നഗരസഭയുടെ 18.02.12 ലെ ആർ 1-3542/07 നമ്പർ വിജ്ഞാപനം).. എങ്കിലും നഗരസഭാ പ്രദേശത്ത് പ്രവർത്തിച്ച് വരുന്ന വിവിധ മൊബൈൽ ടവറുകളുടെ വസ്തുനികുതി ഏകീകൃതമായല്ല ഈടാക്കി വരുന്നത്. ഉദാഹരണം VII/ 385A റിലയൻസ് കമ്മ്യൂണിക്കേഷൻ, VII/78b ടാറ്റ ടെലിസർവ്വീസ് എന്നിവയിൽ നിന്ന് നാമമാത്രമായ തുകയാണ് വസ്തു നികുതി ഡിമാന്റ് ചെയ്തിരിക്കുന്നത്.

<u>(ബി) ബി.എസ്.എൻ.എൽ. മൊബൈൽ ടവറുകൾക്ക് നികുതി ഈടാക്കേണ്ടതാണ്</u>

നഗരസഭാ പരിധിയിൽ പ്രവർത്തിച്ച് വരുന്ന ബി.എസ്.എൻ.എൽ. മൊബൈൽ ടവറുകൾക്ക് നികുതി നിർണ്ണയിച്ച് കാണുന്നില്ല. (നികുതി നിർണ്ണയിച്ച 9 ടവറുകളിൽ ബി.എസ്.എൻ.എൽ-ന്റെ ടവറുകൾ ഇല്ല) എന്നാൽ 19.09.12 തീയതിയിലെ 2640/2012/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ബി.എസ്.എൻ.എൽ.ന്റെ മൊബൈൽ ടവറുകൾക്ക് നികുതി ഈടാക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും നികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല.

**(സി) <u>അനധികൃതമായി പ്രവർത്തിക്കുന്ന മൊബൈൽ ടവറുകൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടില്ല</u>**

വസ്തു നികുതി സംബന്ധമായി 2013-14 സാമ്പത്തികവർഷത്തിലെ ലഭ്യമായ രേഖകൾ (ഹാൻഡ്ബുക്കുകൾ) പരിശോധിച്ചതിൽ വാർഡ് I, വാർഡ് XIII, വാർഡ് XV എന്നിവിടങ്ങളിൽ അനധികൃതമായി മൊബൈൽ ടവറുകൾ പ്രവർത്തിച്ച് വരുന്നതായി ഫീൽഡ്തല ഉദ്യോഗസ്ഥർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ഇത്തരം ടവറുകളുടെ നിർമ്മാണം റഗുലറൈസ് ചെയ്തിട്ടുള്ളതായോ അനധികൃത നിർമ്മാണങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിച്ചിട്ടുള്ളതായോ കാണുന്നില്ല.

പ്രസ്തുത അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (31/22.01.20) അപാകതകൾ പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പരാമർശിത അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

# 1-13 സ്വകാര്യ അൺഎയ്ഡഡ് മേഖലയിൽ പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ ക്രമവത്കരിച്ച് വസ്തു നികുതി ഈടാക്കേണ്ടതാണ്.

നഗരസഭ സെക്രട്ടറിയുടെ 15.07.19 തീയതിയിലെ ആർ 1-1030/19 നമ്പർ കത്തുകൾ പ്രകാരം ശ്രീ മഹാദേവ എഡ്യൂക്കേഷൻ ആൻഡ് ചാരിറ്റബിൾ സൊസൈറ്റി വൈക്കം, വെൽഫെയർ കോളേജ് വൈക്കം എന്നീ സ്ഥാപനങ്ങളിൽ അനധികൃതമായി നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ചും പ്രസ്തുത നിർമ്മിതികൾ അസ്സസ്സ് ചെയ്യേണ്ടത് സംബന്ധിച്ചും സ്ഥാപനങ്ങൾക്ക് അറിയിപ്പ് നൽകിയിരുന്നു. ഈ വിഷയത്തിലുള്ള തുടർ നടപടികളുടെ വിവരങ്ങൾ രേഖാമൂലം അടിയന്തിരമായി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (32/22.02.20) ടി സ്ഥാപനങ്ങളിൽ നിന്ന് നാളിതു വരെ മറുപടി ലഭിച്ചിട്ടില്ലയെന്നും എഞ്ചിനീയറിംഗ് വിഭാഗവുമായി ബന്ധപ്പെട്ട് അനന്തര നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിവരങ്ങൾ അറിയിക്കേണ്ടതാണ്.

കൂടാതെ ബിൽ കളക്ടർമാരുടെ ഹാന്റ് ബുക്ക് പരിശോധിച്ചതിൽ പ്രസ്തുത സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഒരു കെട്ടിടത്തിൽ നിന്ന് പോലും വസ്തു നികുതി ഈടാക്കുന്നില്ലയെന്ന് കാണപ്പെട്ടു. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 12.4.12ലെ 49590/RC2/2011/നമ്പർ സർക്കുലർ പ്രകാരം അംഗീകൃത അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വസ്തുനികുതി ഇളവിന് അർഹത ഉണ്ടായിരിക്കുകയില്ല എന്നും 14.1.11 മുതൽ ഇപ്രകാരമുള്ള സ്ഥാപനങ്ങളിൽ നിന്നും നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ കേരള മുനിസിപ്പൽ ആക്ട് ഭേദഗതിനിയമം 235(ബി)എ വകുപ്പനുസരിച്ച് ഹയർസെക്കണ്ടറി തലം വരെയുള്ള

സ്വാശ്രയവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിദ്യാഭ്യാസത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങൾ അവയുടെ ഹോസ്റ്റൽ കെട്ടിടങ്ങൾ എന്നിവയ്ക്ക് മാത്രമേ നികുതിയിളവ് അനുവദിക്കപ്പെട്ടിട്ടുള്ളൂ. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/22.01.20) ഈ വിഷയത്തിൽ എഞ്ചിനീയറിംഗ് വിഭാഗവുമായി ചേർന്ന് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-14 വിമുക്തഭടന്മാരുടെ കെട്ടിടങ്ങൾക്ക് വസ്തുനികുതി ഇളവ് - രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

02.07.13 ലെ ജി.ഒ (എം.എസ്)242/2013/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വിമുക്തഭടന്മാരുടെ പേരിലുള്ള വാസഗൃഹങ്ങൾക്ക് വസ്തുനികുതി ഇളവ് അനുവദിക്കുമ്പോൾ വിമുക്ത ഭടൻ/അവരുടെ വിധവകൾ തുടങ്ങിയവരുടെ പേരിലുള്ളതും രണ്ടായിരം ചതുരശ്ര അടിയ്ക്കുള്ളിൽ (185.8 ച.മീ.) തറ വിസ്തീർണ്ണമുള്ളതും സ്വന്തം താമസാവശ്യത്തിനുള്ളതുമായ ഒരു കെട്ടിടത്തിന് മാത്രമേ ഇളവ് അനുവദിക്കുവാൻ പാടുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ഇളവ് സംബന്ധിച്ച് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഓരോ സാമ്പത്തിക വർഷത്തിലും ഏപ്രിൽ 10 നകം കെട്ടിട ഉടമ അപേക്ഷ സമർപ്പിക്കേണ്ടതുമാണ്. മറ്റൊരു കെട്ടിടത്തിനും നികുതി ഇളവ് ലഭിക്കുന്നില്ലെന്ന് സാക്ഷ്യപത്രവും നൽകണം. എന്നാൽ 2018-19 സാമ്പത്തിക വർഷം ഇത്തരത്തിൽ നികുതി ഒഴിവാക്കി നൽകിയത് സംബന്ധിച്ചുള്ള വിവരങ്ങൾ ഉൾപ്പെടുത്തിയ രജിസ്റ്ററും അപേക്ഷകളും അനുബന്ധ രേഖകളും ഓഡിറ്റിനായി ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (29/22.01.2020) പ്രസ്തുത രജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. രജിസ്റ്റർ പൂർത്തിയാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-15 പെർമിറ്റ് ഫീസുമായി ബന്ധപ്പെട്ട പരിശോധനയിൽ കണ്ടെത്തിയ അപാതകകൾ

1. <u>പെർമിറ്റ് ഫീസ് -നിയമാനുസൃതനിരക്കിൽ ഈടാക്കിയില്ല.</u>

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 1999 ചട്ടം 11(3) പ്രകാരം 150 ച.മീ കൂടുതൽ വിസ്തീർണ്ണമുള്ള പാർപ്പിടാവശ്യത്തിനായുള്ള കെട്ടിടങ്ങൾക്ക് (ഗ്രൂപ്പ് എ 1 ഒക്യുപ്പൻസി ) ചതുരശ്ര മീറ്ററിന് 7 രൂപ നിരക്കിലും ഇതേ ഗണത്തിൽപ്പെട്ട 150 ച.മീ ൽ താഴെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 3.50 രൂപ നിരക്കിലും മറ്റുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 10 രൂപ നിരക്കിലും പെർമിറ്റ് ഫീസ് ഈടാക്കേണ്ടതാണ്. എന്നാൽ 2018-19 സാമ്പത്തിക വർഷത്തെ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് താഴെ കൊടുത്തിരിക്കുന്ന വ്യക്തികളിൽ നിന്ന് പെർമിറ്റ് ഫീസ് കുറവായി ഈടാക്കിയതായി കാണുന്നു.

| ക്രമ നമ്പർ | അപേക്ഷകന്റെ പേര് | നിർമ്മിതിയുടെ ഉപയോഗ ക്രമം | രജിസ്റ്റർ പ്രകാരം നിർമ്മിതിയുടെ തറ വിസ്തീർണ്ണം (ച.മീ) | ഈടാക്കിയ പെർമിറ്റ് ഫീസ് | ഈടാക്കേണ്ട പെർമിറ്റ് ഫീസ് | കുറവ് |
|---|---|---|---|---|---|---|
| 1 | കെ.കെ.തങ്കമ്മ | പാർപ്പിടാവശ്യം | 268.2 | 1105 | 1876 | 771 |
| 2 | ഭാരതി എം. | വാണിജ്യാവശ്യം | 270 | 67 | 2700 | 2633 |
| 3 | രാധക്കുട്ടിയമ്മ | പാർപ്പിടാവശ്യം | 182.24 | 227 | 1276 | 1049 |
| 4 | ജോർജ്ജ് ജോസ് | പാർപ്പിടാവശ്യം | 154.37 | 392 | 1081 | 689 |
| 5 | മധു പി. | പാർപ്പിടാവശ്യം | 55.03 | 28 | 193 | 165 |

2. <u>പെർമിറ്റ് രജിസ്റ്ററിൽ പെർമിറ്റ് ഫീസ് രേഖപ്പെടുത്തുന്നില്ല.</u>

2018-19 വർഷത്തെ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ പെർമിറ്റ് അനുവദിച്ച മിക്ക അപേക്ഷകളിലും രജിസ്റ്ററിൽ പെർമിറ്റ് ഫീസ് രേഖപ്പെടുത്തുന്നില്ലയെന്ന് കാണുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ | അപേക്ഷകന്റെ പേര് | നിർമ്മിതിയുടെ | രജിസ്റ്റർ പ്രകാരം നിർമ്മിതിയുടെ തറ |
|---|---|---|---|

| നമ്പർ | | ഉപയോഗ ക്രമം | വിസ്തീർണ്ണം (ച.മീ) |
|---|---|---|---|
| 1 | ശ്വേത കുമാർ | പാർപ്പിടാവശ്യം | 672.46 |
| 2 | വെള്ളാല എെക്യമത സംഘം | വാണിജ്യാവശ്യം | 725.45 |
| 3 | സിജ്ജ ജോസ് | പാർപ്പിടാവശ്യം | 353.6 |
| 4 | ജോസഫ് കെ. എബ്രാഹം | പാർപ്പിടാവശ്യം | 315 |
| 5 | ഗോപകുമാർ & ഗീത | വാണിജ്യാവശ്യം | 243 |

പ്രസ്തുത അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (51/24.01.2020, 52/24.01.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-16 സ്വകാര്യസ്ഥാപനങ്ങളിൽനിന്ന് സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല

കേരള മുനിസിപ്പാലിറ്റി ആക്ട് (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരം നഗരസഭ പ്രദേശത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരാണ്. എന്നാൽ തൊഴിൽനികുതി വരവുമായി ബന്ധപ്പെട്ട് ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ നഗരസഭ പ്രദേശത്ത് പ്രവർത്തിക്കുന്ന താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി, തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല എന്ന് കാണുന്നു.

<u>സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ലാത്തവ</u>

| ക്രമ നം | സ്ഥാപനത്തിന്റെ/ വ്യക്തിയുടെ പേര് | അർദ്ധവാർഷിക വരുമാനം | രണ്ട് അർദ്ധവർഷത്തിലും കൂടി ഈടാക്കേണ്ട തുക | വാർഡ് നം. |
|---|---|---|---|---|
| 1. | മനോജ് ഡിസൈൻ സ്റ്റുഡിയോസ് | 150000 | 2500 | 7 |
| 2 | കെ.ശിവൻകുട്ടി ആചാരി വിജയാ ഫിനാൻസ് | 1,70,000 | 2500 | 7 |
| 3 | നൌഫൽ വോഡോഫോൺ സർവ്വീസ് | 50000 | 900 | 7 |
| 4 | കെ.വി.ശേഖരൻ എസ്.എം.എസ് വെജിറ്റബിൾസ് | 65000 | 1200 | 7 |
| 5 | അഡ്മിനിസ്റ്റേറ്റർ വിഎസ്എം ഹോസ്പിറ്റൽ | 1,50,000 | 2500 | 7 |
| 6 | ടി.ഡി.ബാലചന്ദ്രൻ വേമ്പനാട് കറീസ് | 65000 | 1200 | 7 |
| 7 | ബാലചന്ദ്രൻ ആധാരം എഴുത്ത് | 65000 | 1200 | 7 |
| 8 | മാനേജർ അർബൻ കോപ്പറേറ്റീവ് ബാങ്ക് | 1,50,000 | 2500 | 7 |
| 9 | കെ.പ്രസന്നൻ അഡ്വക്കേറ്റ് | 1,50,000 | 2500 | 7 |
| 10 | വി.വി.സത്യൻ അഡ്വക്കേറ്റ് | 1,50,000 | 2500 | 7 |

| | | | | |
|---|---|---|---|---|
| 11 | എംവി മാത്യൂ അഡ്വക്കേറ്റ് | 1,48,000 | 2500 | 7 |
| 12 | മാനേജർ, ഐസിഐസിഐ ബാങ്ക് | 1,40,000 | 2500 | 7 |
| 13 | സൂര്യ സൂപ്പർമാർക്കറ്റ് | 1,40,000 | 2500 | 7 |
| 14 | മാനേജർ ബില്ല സൂപ്പർമാർക്കറ്റ് | 1,60,000 | 2500 | 7 |
| 15 | മഹീന്ദ്ര&മഹീന്ദ്ര ഫിനാൻഷ്യൽ സർവ്വീസ് | 1,60,000 | 2500 | 7 |
| 16 | പ്രൊപ്രൈറ്റർ, ബ്രില്യൻസ് കോളേജ് | 160000 | 2500 | 7 |
| 17 | പ്രൊപ്രൈറ്റർ, വൈറ്റ് ഗേറ്റ് റെസിഡൻസി | 140000 | 2500 | 2 |
| 18 | റോയൽ ഫിറ്റ്നെസ്സ് | 120000 | 2000 | 2 |
| 19 | മാനേജർ, സെന്റ് ജോർജ്ജ് മോട്ടോഴ്സ് | 100000 | 2000 | 2 |
| 20 | മാനേജർ, എൽ&ടി ഫിനാൻസ് | 125000 | 2500 | 2 |
| 21 | യൂറോ കിഡ്സ് | 10000 | 2000 | 10 |
| 22 | എബ്രഹാം തോമസ് ഇന്ത്യാഡേ പോളിമേഴ്സ് | 150000 | 2500 | 10 |
| 23 | സി.ജെ. മാത്യൂ മൂലംകുഴിയിൽ പ്രീമിയർ റബ്ബേഴ്സ് | 130000 | 2500 | 10 |
| 24 | മാനേജർ, കൃപ കേബിൾ വിഷൻ | 180000 | 2500 | 18 |
| 25 | അഭിലാഷ് ടോഡി ഷോപ്പ് | 145000 | 2500 | 19 |
| 26 | പ്രൊപ്രൈറ്റർ, കൈലാസ് ടൂറിസ്റ്റ് ഹോം | 78000 | 1500 | 13 |
| 27 | പ്രസിഡന്റ്, തിരുനീലകണ്ഠൻഹാൾ | 140000 | 2500 | 13 |
| 28 | മാനേജർ, ശ്രീശങ്കരവിദ്യാപീഠം | 165000 | 2500 | 13 |
| | | ആകെ | 62000/- | |

മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (3/20.01.19) മറുപടി നല്കിയിട്ടില്ല. സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-17 സർക്കാർ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

1996ലെ കേരള മുനിസിപ്പാലിറ്റി നിയമം (245 മുതൽ 250 വരെ) അനുശാസിക്കുന്നത് പ്രകാരം മുനിസിപ്പൽ പ്രദേശത്ത് ജോലിയിൽ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളും തൊഴിൽകരം അടയ്ക്കാൻ ബാദ്ധ്യസ്ഥനാണ്. എന്നാൽ 2018-19 സാമ്പത്തിക വർഷത്തെ തൊഴിൽനികുതിവരവുമായി ബന്ധപ്പെട്ട് പരിശോധനയ്ക്ക് ഹാജരാക്കിയ രജിസ്റ്ററുകൾ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും നഗരസഭയുടെ അധികാരപരിധിയിൽ

പ്രവർത്തിക്കുന്ന നിരവധി സർക്കാർ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കിതായി കാണുന്നില്ല. തൊഴിൽ നികുതി ചട്ടം 205 എഫ് പ്രകാരം എല്ലാ വർഷവും ആഗസ്റ്റ്, ഫെബ്രുവരി മാസം അവസാനിക്കുന്നതിന് മുൻപ് സെക്രട്ടറി നൽകുന്ന നോട്ടീസ് പ്രകാരം എല്ലാ ഓഫീസ് തലവൻമാരും തങ്ങളുടെ കീഴിലുള്ള ജീവനക്കാരുടെ അർദ്ധവാർഷികവരുമാനം കണക്കാക്കി വരുമാനം സംബന്ധിച്ച പത്രിക മുനിസിപ്പാലിറ്റിയിൽ സമർപ്പിക്കേണ്ടതാണ്. എന്നാൽ നഗരസഭയിൽ 2018-19 സാമ്പത്തികവർഷം വളരെ കുറച്ച് റിട്ടേണുകൾ മാത്രമേ പരിശോധനയ്ക്ക് ഹാജരാക്കിയുള്ളു. ഇത് സംബന്ധിച്ചുള്ള വിശദീകരണം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൻ പ്രകാരം താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2018-19 രണ്ട് അർദ്ധവർഷവും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | മാനേജർ ക്ഷേത്ര കലാപീഠം, വൈക്കം |
| 2 | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ , ക്ഷേത്രകലാപീഠം, വൈക്കം |
| 3 | അസി.എഞ്ചിനീയർ, വർക്ക് ഡിപ്പാർട്ട്മെന്റ്,<br>തിരുവതാംകൂർ ദേവസ്വം ബോർഡ്, വൈക്കം |
| 4 | വിജിലൻസ് ഓഫീസർ , തിരുവതാംകൂർ ദേവസ്വം ബോർഡ്, വൈക്കം |
| 5 | കോട്ടയം ജില്ലാ ജനറൽ മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി |
| 6 | സെക്രട്ടറി,ടൗൺ കൊയർ വ്യവസായ സഹകരണ സംഘം,കോവിലത്തും കടവ് |
| 7 | അഗ്രികൾച്ചർ ഫീൽഡ് ഓഫീസർ , വൈക്കം |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽനിന്നും നിന്നും തൊഴിൽ നികുതി ഈടാക്കി വിശദവിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-18 കരാറുകാർ, വക്കീലൻമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1996ലെ കേരള മുനിസിപ്പാലിറ്റി നിയമം തൊഴിൽ നികുതി ചട്ടങ്ങൾ അനുശാസിക്കുന്നത് പ്രകാരം നഗരസഭ പ്രദേശത്ത് താമസിച്ചുകൊണ്ട് ജോലിയിൽ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളും തൊഴിൽകരം അടയ്ക്കാൻ ബാദ്ധ്യസ്ഥനാണ്. എന്നാൽ ഓഡിറ്റ് വർഷം പരിശോധനയ്ക്കായി ഹാജരാക്കിയ രജിസ്റ്ററുകളും അനുബന്ധരേഖകളും പരിശോധിച്ചതിൽ നഗരസഭയിൽ പ്രവർത്തിക്കുന്ന കരാറുകാർ, വക്കീലൻമാർ എന്നിവരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പേര് | തൊഴിൽ | റിമാർക്സ് |
|---|---|---|
| ഷാജി<br>പനച്ചിതുരുത്ത്, വൈക്കം | കോൺട്രാക്ടർ | |
| ഷഡാനൻ നായർ | കോൺട്രാക്ടർ | |

| | | |
|---|---|---|
| സാബുഭവനം<br>ഉദയനാപുരം | | |
| റോജി സേവ്യർ<br>മൈലത്തുപള്ളി<br>കൊതവറ, വൈക്കം | കോൺട്രാക്ടർ | |
| കെ പ്രസന്നൻ<br>വാർഡ് നം. 7 | അഡ്വക്കേറ്റ് | ഡിമാന്റ് രജിസ്റ്ററിൽ വിലാസം ഇല്ല |
| വി.പി.സത്യൻ<br>വാർഡ് നം. 7 | " " | " " |
| എംവി മാത്യൂ<br>വാർഡ് നം. 7 | " " | " " |
| പി.വി മാത്യൂ<br>വാർഡ് നം. 7 | " " | " " |
| കെ.ആർ. അനിൽകുമാർ<br>വാർഡ് നം.1 | " " | " " |
| കെ.എം രാധാകൃഷ്ണൻ<br>വാർഡ് നം.1 | " " | " " |

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (4/20.01.2020) മറുപടി നല്കിയിട്ടില്ല. നഗരസഭ പരിധിയിൽ തൊഴിൽ എടുക്കുന്ന ഏതൊരാളും തൊഴിൽകരം അടയ്ക്കാൻ ബാദ്ധ്യസ്ഥനായതിനാൽ കരാറുകാരിൽ നിന്നും വക്കീലൻമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ഇവരിൽ നിന്നും തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 വ്യാപാര വ്യവസായ ലൈസൻസ് - രേഖകളുടെ സൂക്ഷിപ്പിൽ അപാകതകൾ

നഗരസഭയിലെ വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചതുമായി ബന്ധപ്പെട്ട രേഖകളുടെ സൂക്ഷിപ്പിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. വ്യാപാര വ്യവസായ സ്ഥാപനങ്ങളുടെ ലൈസൻസ് അപേക്ഷകൾ നമ്പരിട്ട് ക്രമമായി സൂക്ഷിച്ചിട്ടില്ല. നമ്പർ രേഖപ്പെടുത്താതെ ക്രമരഹിതമായി സൂക്ഷിച്ചിട്ടുള്ള അപേക്ഷകളിൽ ലൈസൻസുമായി ബന്ധപ്പെട്ട വിവരങ്ങൾ പൂർണ്ണമായി ചേർത്തിട്ടില്ല. അപേക്ഷകൾ ബന്ധപ്പെട്ട രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ കൃത്യതയോടെ രേഖപ്പെടുത്തി ആധികാരികമാക്കി സൂക്ഷിച്ചിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് അപൂർണ്ണമാണ്. ഇപ്രകാരം നഗരസഭയിലെ വ്യാപാരവ്യവസായ ലൈസൻസ് അപേക്ഷകളും അനുബന്ധരേഖകളും യഥാവിധി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ അപേക്ഷകൾ രജിസ്റ്ററുകളുമായി താരതമ്യം ചെയ്ത് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2. കളക്ഷൻ രജിസ്റ്ററുകളിൽ സ്ഥാപനത്തിന്റെ ഉടമയുടെ പേര്, ബിസിനസ്സിന്റെ തരം, ഈടാക്കിയ തുക, രസീതിന്റെ നമ്പരും തീയതിയും എന്നിവ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. ഈടാക്കിയ തുക ഏതിനത്തിലുള്ളതാണെന്ന് (ലേറ്റ് ഫീ, ഫൈൻ,മെഷീൻ ഫീ) രേഖപ്പെടുത്തിയിട്ടില്ല. കളക്ഷൻ രജിസ്റ്ററും അപൂർണ്ണമാണ്. പല വാർഡുകളിലും വിരലിലെണ്ണാവുന്ന സ്ഥാപനങ്ങളുടെ വിവരമേ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളൂ. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നം. | സ്ഥാപനങ്ങളുടെ എണ്ണം |
|---|---|
| 3 | 6 |
| 4 | 11 |
| 5 | 1 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് 19/21.01.2020 മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 1-20 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങൾ പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും നഗരസഭയിൽ യാതൊരു സ്ഥലവും ഉപയോഗിയ്ക്കാൻ പാടില്ല. എന്നാൽ ലൈസൻസ് അപേക്ഷകളും രജിസ്റ്ററുകളും ട്രേഡേഴ്സ് ലിസ്റ്റുമായി താരതമ്യം ചെയ്ത് പരിശോധിച്ചതിൽ നിന്നും നഗരസഭയിൽ നിരവധി സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കാതെ/ഇല്ലാതെ പ്രവർത്തിയ്ക്കുന്ന് എന്ന് മനസ്സിലാക്കാൻ സാധിച്ചു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ /ഉടമയുടെ പേര് | ലൈസൻസ് ആവശ്യമായ സ്ഥാപനത്തിൽ വിൽക്കുന്ന/ നിർമ്മിയ്ക്കുന്ന/ സ്റ്റോക്ക് ചെയ്യുന്ന സാധനം | വാർഡ് നം |
|---|---|---|---|
| 1 | ദൃശ്യമോൾ കൊല്ലായിക്കൽ ഹൗസ് , ചാലാപറമ്പ് | ലേഡീസ് സ്റ്റോഴ്സ് | 18 |
| 2 | ദീപ ശുഭസദനം<br>അയ്യർകുളങ്ങര | പലഹാര നിർമ്മാണം | 20 |
| 3 | ജോമോൻ<br>മോഴവള്ളിയിൽ | ബേക്കറി | 7 |
| 4 | തോമസ് ജോഷി വിലാസം ചെമ്മനത്തുകര | ടാക്സി ഹൗസ് | 17 |
| 5 | തോമസ് .റ്റി ഓണാട്ട് | അരിവ്യാപാരം | 1 |
| 6 | ബിനു കാലാക്കൽ വൈക്കം | പലചരക്ക വ്യാപാരം | 2 |
| 7 | വിജയകുമാർ<br>മുടിയത്തറയിൽ ഉദയനാപുരം | കാലിത്തീറ്റ കോഴിത്തീറ്റ തുടങ്ങിയവ സ്റ്റോക്ക് ചെയ്ത് വില്പന | 1 |
| 8 | ടി.ഡി. ബാലചന്ദ്രൻ | വേമ്പനാട് കറീസ് | 7 |
| 9 | പ്രൊപ്രൈറ്റർ | റ്റോഡി ഷോപ്പ് നം37 | 1 |
| 10 | എബ്രഹാം തോമസ് | ഇന്ത്യാ ഡേ പോളിമേഴ്സ് | 16 |
| 11 | അഭിലാഷ് | റ്റോഡി ഷോപ്പ് നം 55 | 19 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (40/23.01/2020) മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈസൻസില്ലാതെ അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ നിലവിൽ നഗരസഭാ പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളും നഗരസഭയുടെ അനുമതിയോട് കൂടിയാണ് പ്രവർത്തിക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-21 ആർ.റ്റി.ഒ ഓഫീസ് വാടക -8807/- രൂപ കുടിശിക

കൊച്ചുകവലയിലെ ഓഫീസ് കോംപ്ളക്സിൽ റൂം നമ്പർ 2 ൽ പ്രതിമാസം 11299/- രൂപ നിരക്കിലുള്ള വാടകയ്ക്കാണ് ആർ.റ്റി. ഓഫീസ് പ്രവർത്തിക്കുന്നത്. രജിസ്റ്റർ പ്രകാരം 4/18 മുതൽ 3/19 വരെയുള്ള വാടക ഒടുക്കിയിരിക്കുന്നത്

28.3.2019ലാണ്. വാടക കുടിശിക, ജി.എസ്.റ്റി.,പിഴപ്പലിശ ഇനങ്ങളിലായി 168807/- രൂപയാണ് ഡിമാന്റ് ചെയ്തിരുന്നത്. എന്നാൽ 160000/- രൂപ മാത്രമാണ് അടവാക്കിയത്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 25) നൽകുകയുണ്ടായി. സർക്കാരിൽ നിന്ന് ആർ.റ്റി ഓഫീസിന് 160000/- രൂപയുടെ അലോട്ട്മെന്റ് മാത്രമാണ് ലഭിച്ചതെന്നും കുടിശിക തുക തുടർന്ന് അലോട്ട്മെന്റ് ലഭിക്കുന്ന മുറയ്ക്ക് നഗരസഭയ്ക്ക് ലഭ്യമാകുമെന്നുമാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമായ മറുപടി. കുടിശിക തുക പൂർണ്ണമായും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 1-22 വാടക പൂർണ്ണമായും ഈടാക്കിയില്ല

നഗരസഭയുടെ ഉടമസ്ഥതയിലുള്ള താഴെ പറയുന്ന മുറികളുടെ വാടക പൂർണ്ണമായും ഈടാക്കിയില്ല എന്ന് കാണുന്നു.

| ക്രമ നമ്പർ | മുറി | വാടകക്കാരന്റെ പേര് | 2018-19 വർഷത്തെ നിരക്ക്(വാടക +ജി.എസ്.റ്റി) | ഈടാക്കാത്ത മാസങ്ങൾ | കുടിശിക | |
|---|---|---|---|---|---|---|
| | | | | | വാടക | ജി.എസ്.റ്റി |
| 1 | കച്ചേരിക്കവല ഷോപ്പിംഗ് കോംപ്ളക്സിലെ റൂം നമ്പർ 17 | യു ഉലഹന്നാൻ | 1409 + 254 | 4/18-3/19 | 16908 | 3048 |
| 2 | കച്ചേരിക്കവല ഷോപ്പിംഗ് കോംപ്ളക്സിലെ റൂം നമ്പർ 24 | എം.പി രമണൻ വടക്കേത്തറ | 176 + 32 | 4/18-3/19 | 2112 | 384 |
| 3 | ബസ് സ്റ്റാന്റ് ഷോപ്പ് റൂം നമ്പർ 1 | സീനാ ഷാജി , വല്ലത്തറ | 1116 + 200 | 4/18-3/19 | 13392 | 2400 |
| 4 | ബസ് സ്റ്റാന്റ് ഷോപ്പ് റൂം നമ്പർ 3 | കെ.വി. ഷാജി , കോട്ടപ്പള്ളി. | 982 + 176 | 4/18-3/19 | 11784 | 2112 |
| 5 | ബസ് സ്റ്റാന്റ് ഷോപ്പ് റൂം നമ്പർ 4 | സെക്രട്ടറി,കോട്ടയം ജില്ലാ മെക്കാനിക്കൽ വർക്കേഴ്സ് യൂണിയൻ | 223 + 40 | 4/18-3/19 | 2676 | 480 |
| 6 | ബസ് സ്റ്റാന്റ് ഷോപ്പ് റൂം നമ്പർ 5 | സെക്രട്ടറി, വൈക്കം താലൂക്ക് മോട്ടോർ തൊഴിലാളി യൂണിയൻ (AITUC) | 223 + 40 | 4/18-3/19 | 2676 | 480 |
| 7 | ബസ്സ്റ്റാന്റ് പുറംപോക്ക് റൂം നമ്പർ 1 | സീനാ ഷാജി , വല്ലത്തറ | 4762 + 858 | 4/18-3/19 | 57144 | 10296 |
| 8 | ബസ്സ്റ്റാന്റ് പുറംപോക്ക് റൂം നമ്പർ 4 | അജിമോൻ, മുട്ടത്താഴത്ത് | 1372 + 246 | 4/18-3/19 | 16464 | 2952 |
| 9 | ബസ് സ്റ്റാന്റ് പുറംപോക്ക് റൂം നമ്പർ 6 | ദേവരാജൻ,കോട്ടപ്പള്ളി | 1426 + 258 | 3/19 | 1426 | 258 |
| 10 | ബസ് സ്റ്റാന്റ് പുറംപോക്ക് റൂം നമ്പർ 9 | ഗൗരി കൊച്ചനിയൻ,മുട്ടത്താഴത്ത് | 526 + 94 | 4/18-3/19 | 6312 | 1128 |

| | | | | | | |
|---|---|---|---|---|---|---|
| 11 | കോവിലകത്തും കടവ് മാർക്കറ്റ്, റൂം നമ്പർ 1 | ഉൾനാടൻ മൽസ്യത്തൊഴിലാളി സഹകരണ സംഘം | 812 + 146 | 5/18-3/19 | 8932 | 1606 |
| 12 | കോവിലകത്തും കടവ് മാർക്കറ്റ്, റൂം നമ്പർ 2 | ഹെഡ് ലോഡ് ആന്റ് ജനറൽ മസ്ദൂർ സംഘം | 812 + 146 | 4/18-3/19 | 9744 | 1752 |
| 13 | കോവിലകത്തുംകടവ് മാർക്കറ്റ്, റൂം നമ്പർ 3 | കൺവീനർ,INTUC | 812 + 146 | 9/18-3/19 | 5684 | 1022 |
| 14 | മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ളക്സ് റസ്റ്റ് ഹൗസ്, റൂം നമ്പർ 1 | ലക്ഷ്മിക്കുട്ടിയമ്മ,ബാബുസദനം | 3301 + 594 | 4/18-3/19 | 39612 | 7128 |
| 15 | മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ളക്സ് റസ്റ്റ് ഹൗസ്, റൂം നമ്പർ 2 | നടേശൻ,മഴവഞ്ചേരിൽ | 3301 + 594 | 4/18-3/19 | 39612 | 7128 |
| 16 | മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ളക്സ് റസ്റ്റ് ഹൗസ്, റൂം നമ്പർ7 | പ്രിൻസ്, കറുത്തേടത്ത് | 4055 + 730 | 4/18-3/19 | 48660 | 8760 |
| 17 | മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ളക്സ് റസ്റ്റ് ഹൗസ്, റൂം നമ്പർ 8 | മോനിഷ കെ.എം കോനാരിൽ | 3301 + 594 | 4/18-3/19 | 39612 | 7128 |
| 18 | മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ളക്സ് റസ്റ്റ് ഹൗസ്, റൂം നമ്പർ 12 | ലക്ഷ്മിക്കുട്ടിയമ്മ,ബാബുസദനം | 3301 + 594 | 4/18-3/19 | 39612 | 7128 |
| 19 | മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ളക്സ് റസ്റ്റ് ഹൗസ്, റൂം നമ്പർ 19 | ലെനിൻ,ചെത്തിമറ്റം | 3301 + 594 | 10/18-3/19 | 19806 | 3564 |
| 20 | മുനിസിപ്പൽ ബസ് സ്റ്റാന്റ് കോംപ്ളക്സ്, റൂം നമ്പർ 4 | പി.വി ബാബു ,പ്ളാക്കാട്ടുപള്ളിൽ | 4515 + 812 | 7/18-3/19 | 40635 | 7308 |
| 21 | മുനിസിപ്പൽ ബസ് സ്റ്റാന്റ് കോംപ്ളക്സ്, റൂം നമ്പർ 5 | പി.ആർ കുമാരൻ,പൂക്കോട്ട് | 2625 + 472 | 2/19-3/19 | 5250 | 944 |
| 22 | മുനിസിപ്പൽ ബസ് സ്റ്റാന്റ് കോംപ്ളക്സ്, റൂം നമ്പർ 36 | പ്രസിഡന്റ്, പ്രസ്സ് ക്ലബ് | 1274 + 230 | 4/18-3/19 | 15288 | 2760 |
| 23 | ദളവാക്കുളം ബസ് ടെർമിനൽ റൂം1 ഫസ്റ്റ് ഫ്ലോർ | സജിൻ,സെക്രട്ടറി സി.പി.എം ലോക്കൽകമ്മറ്റി | 2888+ 520 | 11/18-3/19 | 14440 | 2600 |
| | | ആകെ | | | 457781 | 82366 |

മേൽ സൂചിത വാടകക്കാരുടെ കുടിശ്ശിക പലിശസഹിതം ഈടാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 22) നൽകുകയുണ്ടായി. ക്രമനമ്പർ 3,4,7,8 എന്നിവരുമായി കീഴ്‌വാടക കേസ് നിലവിലുള്ളതിനാലാണ് വാടക ഈടാക്കാത്തതെന്നാണ് ലഭ്യമായ മറുപടി. കുടിശ്ശിക വരുത്തിയ വാടകക്കാർക്ക് ഫൈനൽ നോട്ടീസ് നൽകിയിട്ടുണ്ടെന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. അപാകത പരിഹരിച്ച് വാടകക്കാരിൽ നിന്ന് പിഴപ്പലിശ സഹിതം കുടിശ്ശിക ഈടാക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-23 ഐസ് പ്ളാന്റ്- 194702/- രൂപ ഈടാക്കിയില്ല.

**ഫയൽ നമ്പർ R3 104 A/01**

കോവിലകത്തുംകടവിൽ പ്രവർത്തിക്കുന്ന ഐസ് പ്ലാന്റ് 11.11.08 മുതൽ 10 വർഷത്തേക്ക് കുത്തകയ്ക്കെടുത്തത് ശ്രീ ഫിലിപ്പ് തങ്കച്ചൻ എന്ന വ്യക്തിയായിരുന്നു. പ്രതിവർഷം 2,30,000/- രൂപയായിരുന്നു കിസ്ത് തുക. പ്ലാന്റിന്റെ സുഗമമായ പ്രവർത്തനത്തിന് ആദ്യകാലഘട്ടത്തിൽ 13,42,843/- രൂപ മുടക്കി ടിയാൻ നവീകരണ പ്രവർത്തനങ്ങൾ നടത്തിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തനത് വരുമാനം കുറവുള്ള നഗരസഭയ്ക്ക് ടിയാന് തുക അനുവദിക്കാൻ സാധിക്കാത്തതിനാൽ പ്രതിവർഷം 1,00,000/- രൂപ കിസ്ത് തുകയിൽ കിഴിവ് ചെയ്ത് അടയ്ക്കാൻ അനുവദിച്ചു (അതായത് 130000 രൂപ വീതം). അങ്ങനെ 10 ലക്ഷം രൂപ നാളിതുവരെ കിഴിവ് ചെയ്ത് നൽകി. 342843 രൂപ ഈ ഇനത്തിൽ ടിയാന് നഗരസഭ നൽകാനുണ്ട്. ഫയൽ പരിശോധിച്ചതിൽ നിന്ന് 2/19,3/19 മാസങ്ങളിലെ കറന്റ് ചാർജ്, വാടകകുടിശ്ശിക ഇനങ്ങളിലായി 539651/- രൂപ ടിയാൻ നഗരസഭയിലേക്ക് ഒടുക്കുവാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. 4/19മുതൽ പുതിയ ആൾക്കാണ് കരാർ ലഭിച്ചിരിക്കുന്നത്. കരാർ ഒഴിയുന്നതിന് മുമ്പ് ടിയാനിൽ നിന്ന് കുടിശ്ശിക തുക 196808 രൂപ( 539651-342843) ഈടാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 23) നൽകുകയുണ്ടായി. അതോടൊപ്പം 1342843 രൂപ മുടക്കി ടിയാൻ നവീകരണ പ്രവർത്തനങ്ങൾ നടത്തിയതിന്റെ ബില്ലുകൾ, ആയത് എഞ്ചിനീയറിംഗ് വിഭാഗം മൂല്യനിർണ്ണയം നടത്തിയതിന്റെ രേഖകൾ, ചെലവ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും കൗൺസിലും അംഗീകരിച്ചതിന്റെ രേഖകൾ എന്നിവയും ഓഡിറ്റിൽ ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നു. ബാലൻസ് തുകയായ 196808/- രൂപ ഒടുക്കാൻ ടിയാന് നോട്ടീസ് നൽകിയിട്ടുണ്ടെന്നാണ് മറുപടി ലഭ്യമായത്. അപാകത പരിഹരിച്ച് കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. ടിയാൻ ഒടുക്കിയതായി മറുപടിയിൽ പരാമർശിച്ചിരിക്കുന്ന 1342843/- രൂപയുടെ ഒറിജിനൽ രസീതും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-24 ക്രിമറ്റോറിയം - കുടിശ്ശിക ഈടാക്കിയില്ല.

നഗരസഭയുടെ അധീനതയിലുള്ള ക്രിമറ്റോറിയം തൻവർഷം ഒരുലക്ഷം രൂപയ്ക്ക്, പ്രതിമാസം 5% വർദ്ധനവോടെ ശ്രീ ശിവരാജൻ എന്നയാൾ മൂന്നുവർഷത്തേക്ക് ലേലം കൊണ്ടു. ലേലത്തുകയുടെ 1/3 ആയ 39,334 രൂപ ടിയാൻ ഒടുക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തൻവർഷം 60,666/- രൂപ കുടിശ്ശികയുണ്ട്. തുക ഈടാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ (27) നൽകിയതിന് തുക ഈടാക്കാൻ ടിയാന് 12.6.19-ൽ ഫൈനൽ നോട്ടീസ് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. ടിയാനെ ഒഴിവാക്കി ക്രിമറ്റോറിയം പൂട്ടിയാൽ അവശ്യസേവനമായതിനാൽ ജനകീയപ്രതിഷേധമുണ്ടാകാൻ സാദ്ധ്യതയുണ്ടെന്നും ആയതിനാലാണ് ക്രിമറ്റോറിയം പൂട്ടാതിരുന്നതെന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-25 ലേലം ചെയ്യാത്ത കടമുറികൾ/ആസ്തികൾ

നഗരസഭയുടെ ഉടമസ്ഥതയിലുള്ള വിവിധ കെട്ടിടങ്ങളിലെ കടമുറികൾ/ആസ്തികൾ തൻവർഷം ലേലം ചെയ്തതായി കാണുന്നില്ല.

1) മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ളക്സ്/റസ്റ്റ് ഹൗസ്- റൂം നമ്പർ 10,14,15,16

2) മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് കോംപ്ളക്സ്-റൂം നമ്പർ 8-14, 18-23, 25,27,28,31-35,42,43,47.

3) മുനിസിപ്പൽ വസ്തുക്കളിലെ മേലാദായം

4) തെക്കേടത്ത് പുരയിടത്തിൽ കൃഷി ചെയ്യുന്നതിനുള്ള അവകാശം.

5) നഗരസഭ വക വാഴമനയിലുള്ള സ്ഥലത്ത് ഡ്രൈവിംഗ് ടെസ്റ്റിന് ഫീസ്.

6) മുനിസിപ്പൽ ടൗൺഹാൾ.

7) സത്യഗ്രഹ സ്മാരകത്തിലെ 3 മുറികൾ.

8) മുനിസിപ്പൽ പാർക്ക്, ബീച്ച് എൻട്രി ഫീസ്.

മേൽ സൂചിത ആസ്തികളിൽ നിന്ന് ലേലം/വാടക ഈടാക്കി തനത് ഫണ്ട് വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 26) നൽകുകയുണ്ടായി. എൻക്വയറിക്ക് ചുവടെ ചേർക്കും പ്രകാരം മറുപടി ലഭ്യമാക്കി.

മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സ്/റസ്റ്റ് ഹൗസ് - റൂം നമ്പർ 10,14,15,16 എന്നിവ 2019-20-ൽ ലേലം ചെയ്തതെന്നാണ് ലഭിച്ച മറുപടി. മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് കോംപ്ലക്സിലെ മുറികളിൽ ചിലത് ലേലത്തിൽ പോകാത്തത് ടി കെട്ടിടത്തിന്റെ നിർമ്മാണത്തിലെ അശാസ്ത്രീയത മൂലമാണെന്നും മറ്റ് മുറികൾ 2019-20 ൽ ലേലത്തിൽ പോയെന്നുമാണ് ലഭ്യമായ വിശദീകരണം. ലേലം, പുനർലേലം എന്നിവ നടത്തിയിട്ടും മുനിസിപ്പൽ വസ്തുക്കളിലെ മേലാദായം, തെക്കേടത്ത് പുരയിടത്തിൽ കൃഷി ചെയ്യുന്നതിനുള്ള അവകാശം, നഗരസഭ വക വാഴമനയിലുള്ള സ്ഥലത്ത് ഡ്രൈവിംഗ് ടെസ്റ്റിന് ഫീസ് എന്നിവ ലേലത്തിൽ പോയില്ല എന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് മേൽ സൂചിത ആസ്തികൾ ഉചിതമായി ലേലം ചെയ്ത് തനത് വരുമാനം വർദ്ധിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ടി വിഷയത്തിൽ ഭരണസമിതിയുടെ ഉചിതമായ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 1-26 ഇ-ടെൻഡർ- 2016-17 മുതൽ ഓഡിറ്റ് വർഷം വരെയുള്ള 3,08,873/-രൂപ നഗരസഭയ്ക്ക് ലഭിച്ചിട്ടില്ല

തൻവർഷം നഗരസഭയിൽ ഇ-ടെൻഡർ മുഖേന നടപ്പാക്കിയ വേലകളുടെ ടെൻഡർഫീസ് ഇനത്തിലുള്ള തുക എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള അക്കൗണ്ടിൽനിന്നും നഗരസഭയുടെ തനതുഫണ്ട് അക്കൗണ്ടിലേക്ക് ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | ലഭിച്ച ടെണ്ടറുകളുടെ എണ്ണം | ടെണ്ടർ ഫീ നിരക്ക് | ആകെ തുക |
|---|---|---|---|
| പുഴവായിക്കുളങ്ങര മഹാദേവ റോഡ് മെറ്റലിംഗ് & റീ ടാറിംഗ് | 5 | 1650 | 8250 |
| പൂതേഴത്ത് റോഡ് ബാക്കി ഭാഗം ഓട നിർമ്മാണം , റീ ടാറിംഗ്, ഇരവിതോട് റോഡ് സൈഡിൽ കല്ലുകെട്ടി സംരക്ഷണം | 2 | 1290 | 2580 |
| കൊച്ചു പാലക്കൽ റോഡ് പാലത്തിന് കിഴക്ക് വശം ഡ്രെയിനേജ് നിർമ്മാണം | 3 | 1800 | 5400 |
| കളപ്പുരയ്ക്കൽ റോഡ് റീ കോൺക്രീറ്റിം,ഗ് ടൈൽ പാകൽ | 4 | 1360 | 5440 |
| കണ്ണുവഞ്ചിത്തറ – കിഴക്കേ പെരുമാശ്ശേരി നികർത്തിൽ ഡ്രെയിൻ കം ഫുട്പാത്ത് പൂർത്തീകരണം | 2 | 1200 | 2400 |
| കണിത്തോട് മില്ലുങ്കൽ ഭാഗം കനാൽ സംരക്ഷണ ഭിത്തി നിർമ്മാണം | 2 | 2000 | 4000 |
| കപ്പേളച്ചിറ റോഡ് റീ ടാറിംഗ് | 2 | 14440 | 28880 |
| | | | |

| | | | |
|---|---|---|---|
| ശ്രീ മുരുക റോഡ് റീ ടാറിംഗ് , ഡ്രയിനേജ് നിർമ്മാണം | 2 | 1160 | 2320 |
| ഡി. വൈ. എസ്.പി ഓഫീസ് - പോലീസ് ക്വാർട്ടേഴ്സ് വളത്തറ റോഡ് | 2 | 1200 | 2400 |
| വഴിവിളക്കുകളുടെ മെയിന്റനൻസ് | 1 | 1830 | 1830 |
| ആയുർവേദ ആശുപത്രി ഇലക്ട്രിഫിക്കേഷൻ വർക്ക് | 2 | 1160 | 3480 |
| മാർക്കറ്റ് കെട്ടിടത്തിന്റെ റൂഫിംഗ് | 2 | 1600 | 3200 |
| അങ്കണവാടി പൂർത്തീകരണം | 1 | 1100 | 2200 |
| പെരുഞ്ചില അംബേദ്കർ കോളനി റോഡ് റീ ടാറിംഗ് | 1 | 1760 | 1760 |
| ദളവാക്കുളത്ത് വനിതകൾക്കായുള്ള ബങ്കുകളുടെ നിർമ്മാണം | 1 | 2500 | 2500 |
| ആകെ | | | 50640 |

2015-16 ടെൻഡർഫീസിനത്തിൽ എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ള 93638/-രൂപയും 2017-18 വർഷത്തെ 1,64,595/- രൂപയും ഉൾപ്പെടെ 3,08873/- രൂപ ഇപ്രകാരം എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്.

ചീഫ് എഞ്ചിനീയറുടെ 17-08-2017 ലെ DB1/7942/2010/CE/LSGD നം. സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും SBIയിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. എന്നാൽ നഗരസഭ നാളിതുവരെ പ്രസ്തുത ഉദ്ദേശത്തിനായി അക്കൗണ്ട് ആരംഭിച്ചിട്ടില്ല.

സർക്കുലറിലെ നിർദ്ദേശാനുസരണം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി പ്രത്യേക അക്കൗണ്ട് ആരംഭിക്കേണ്ടതും തുടർന്നുള്ള ടെൻഡർഫീസുകളും എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിലനിൽക്കുന്ന ഫീസും ഈ അക്കൗണ്ട് വഴി നഗരസഭയുടെ തനതുഫണ്ടിലേക്ക് ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-27 ടാർവീപ്പകളുടെ വില നിശ്ചിത ശീർഷകത്തിൽ അടവാക്കിയിട്ടില്ല

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 30-10-17-ലെ 59827/എഫ്.എം/07 നമ്പർ സർക്കുലർ പ്രകാരം ടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിക്കുന്ന ടാർവീപ്പകളുടെ വില ഏത് ഫണ്ടിൽനിന്നാണോ ടാർ വാങ്ങിയത് അഥവാ ഏത് ഫണ്ട് വിനിയോഗിച്ചാണോ പ്രവൃത്തി നടത്തിയത് അതേ ഫണ്ടിലേക്ക് ധനകാര്യവകുപ്പിന്റെ 12-4-06-ലെ ജി.ഒ(പി)177/06/ നമ്പർ ഉത്തരവിലെ ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടയ്ക്കേണ്ടതാണ്. നഗരസഭയുടെ 2018-19 വർഷത്തെ റോഡ് ടാറിംഗ് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ ബാരൽവില ഉൾപ്പെടെയുള്ള തുക ട്രഷറിയിൽനിന്നും പിൻവലിക്കുകയും ബാരൽവില നഗരസഭയുടെ തനതുഫണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ളതായും കാണുന്നു. 2018-19 വാർഷികകണക്കുപ്രകാരം (ശീർഷകം-450250101) ഈയിനത്തിൽ 69595/- രൂപ ലഭിച്ചിട്ടുണ്ട്. മേൽവിഷയം ശ്രദ്ധയിൽപ്പെടുത്തി വിശദീകരണം ആവശ്യപ്പെട്ടെങ്കിലും (എൻക്വയറി നം. 16/ 21-1-2020) മറുപടി ലഭ്യമായില്ല.

പഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് ബാരൽവിലയിനത്തിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ള വിവിധ സർക്കാർ ഫണ്ടുകൾ അതാതു ഫണ്ടിനുള്ള നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് തിരിച്ചടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-28 ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ സ്കൂൾ പ്രവർത്തിയ്ക്കുന്നു

സ്കൂളുകളുടെ ഫിറ്റ്നസ് പരിശോധന സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ നിന്നും നഗരസഭയിൽ പ്രവർത്തിയ്ക്കുന്ന വർമ്മാസ് പബ്ളിക് സ്കൂൾ, നോർത്ത് ഗേറ്റ്, വൈക്കം എന്ന സ്ഥാപനം കെട്ടിടനികുതി കുടിശ്ശിക അടവാക്കിയിട്ടില്ലെന്ന കാരണത്താൽ സ്കൂളിന് ഫിറ്റ്നസ് സാക്ഷ്യപത്രം അനുവദിച്ചിരുന്നില്ല. സ്കൂളിൽ നിന്നും

കെട്ടിടനികുതി കുടിശ്ശികയായി 87600/-രൂപയും ആയതിന്റെ പിഴപ്പലിശയും ചേർത്ത് അടയ്ക്കാൻ സെക്രട്ടറി നിർദ്ദേശിച്ചിരിയ്ക്കുന്നു. ടി തുക ഏത് കാലയളവിലെ നികുതി കുടിശ്ശികയാണെന്നും നിലവിൽ സ്കൂൾ പ്രവർത്തിക്കുന്നത് എൻജിനീയറിംഗ് വിഭാഗം അനുവദിക്കുന്ന ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ഇല്ലാതെയാണോ എന്നുമുള്ള വിവരങ്ങൾ ആരാഞ്ഞ് നൽകിയ എൻക്വയറി നം. 58/25-01-2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ജി.ഒ(ആർ.ടി)2427/2007/ പൊതുവിദ്യാഭ്യാസം തീയതി 01/06/2007 നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ എഞ്ചിനീയർമാർ സ്കൂളുകൾ പരിശോധിക്കേണ്ടതും കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. നഗരസഭയ്ക്ക് കീഴിലുള്ള അൺഎയ്ഡഡ് സ്കൂളുകൾ ഉൾപ്പടെയുള്ള സ്ഥാപനങ്ങൾക്കും ഇത് ബാധകമാണ്. മാത്രമല്ല സർക്കുലർ നം. 792455 ഇഡബ്ല്യു.3/2016 തസ്വഭവ 30/12/2018 പ്രകാരം പ്രീ പ്രൈമറി സ്കൂളുകൾ ഉൾപ്പടെയുള്ള എല്ലാ സർക്കാർ/എയ്ഡഡ് / അൺഎയ്ഡഡ് സ്കൂളുകളും പ്രവർത്തനമാരംഭിയ്ക്കുന്നതിന് മുമ്പായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർ നൽകുന്ന ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്. ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് ഇല്ലാതെ സ്കൂളുകൾ പ്രവർത്തിയ്ക്കുന്നില്ലെന്ന് തദ്ദേശഭരണസ്ഥാപനത്തിലെ ഓഫീസ് മേധാവി ഉറപ്പ് വരുത്തേണ്ടതുമാണ്. 01/06/2007 മുതൽ ഇത് സംബന്ധിച്ച നിയമം പ്രാബല്യത്തിൽ ഉണ്ടാവുകയും, 30/12/2018 ൽ ഇതിന് സ്പഷ്ടീകരണം സർക്കാർ നൽകുകയും ചെയ്തിട്ടും നഗരസഭയിൽ മേൽ സ്കൂൾ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ഇല്ലാതെയാണ് പ്രവർത്തിച്ച് വരുന്നത്. സ്കൂളിൽ നിന്നും മേൽ കുടിശ്ശിക ഈടാക്കാനുള്ള നടപടി സ്വീകരിയ്ക്കുകയും, ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് ഇല്ലാതെ വിദ്യാർത്ഥികളുടെ സുരക്ഷിതത്വത്തിന് ഒരു പ്രാധാന്യവും കൽപ്പിയ്ക്കാതെ പ്രവർത്തിച്ച വരുന്ന സ്കൂളിന് സ്റ്റോപ്പ് മെമ്മോ നൽകുന്നതടക്കമുള്ള നടപടികൾ സ്വീകരിയ്ക്കുകയും ചെയ്യേണ്ടതാണ്.

## 1-29 കോടതി വ്യവഹാരങ്ങളുടെ തുടർ നടത്തിപ്പ് നിരീക്ഷിക്കാൻ സംവിധാനമില്ല, സ്യൂട്ട് രജിസ്റ്റർ-കാലികമായും കൃത്യമായും എഴുതി സൂക്ഷിയ്ക്കാത്തത് സംബന്ധിച്ച്

സ്യൂട്ട് രജിസ്റ്റർ പ്രകാരം അൻപതോളം കേസുകൾ നഗരസഭ എതിർകക്ഷിയായി നിലവിലുണ്ട്. ഇവയിൽ ഹൈക്കോടതി, കീഴ്കോടതികൾ, ഓംബുഡ്സ്മാൻ എന്നിവയിൽ ഫയൽ ചെയ്തവ വരെ ഉൾപ്പെടുന്നു. കേസിന്റെ തുടർ നടത്തിപ്പ്, തീർപ്പ് തുടങ്ങിയ വിവരങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല. തൻമൂലം നഗരസഭയുടെ താത്പര്യം സംരക്ഷിക്കാൻ ഉതകുംവിധം സമയബന്ധിതമായി നടപടികൾ തുടരുന്നതിന് നഗരസഭയ്ക്ക് കഴിയുന്നുണ്ടോ എന്ന് നിരീക്ഷിക്കാൻ സാധിക്കുന്നില്ല. കൂടാതെ നഗരസഭ വാദിയായാണോ പ്രതിയായാണോ കേസുകളിൽ കക്ഷി ചേർന്നിരിക്കുന്നത് എന്ന കാര്യം വ്യക്തമല്ല. നഗരസഭയ്ക്കനുകൂലമായി വിധികൾ സമ്പാദിക്കാനും അവ യഥാസമയം നടത്തിയെടുക്കാനും വിധി അനുകൂലമല്ലാത്ത സാഹചര്യങ്ങളിൽ സമയപരിധിക്കുള്ളിൽ അപ്പീൽ സമർപ്പിക്കുവാനും പ്രസ്തുത രജിസ്റ്ററിലെ സമഗ്രമായ രേഖപ്പെടുത്തലുകൾ അനിവാര്യമാണ്. കുറ്റമറ്റ രീതിയിൽ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ രജിസ്റ്റർ എഴുതി സൂക്ഷിയ്ക്കുന്നതിലെ അപാകത നിമിത്തം വക്കീൽ ഫീസ് ഇനത്തിൽ ചെലവഴിയ്ക്കുന്ന തുകയുടെ (40,000/- രൂപയാണ് ഓഡിറ്റുവർഷം ചെലവഴിച്ചത്) കൃത്യതയും വ്യക്തമല്ല. മേൽ സൂചിത അപാകതകൾക്ക് മറുപടി ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (06/20.01.2020) ഭാവിയിൽ നിശ്ചിത ഫോർമാറ്റിൽ തയ്യാറാക്കി രജിസ്റ്റർ കൃത്യമായി സൂക്ഷിയ്ക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

## 1-30 എംപ്ലോയിസ് പ്രൊവിഡന്റ് ഫണ്ട് വിഹിതം കൃത്യസമയത്ത് അടവാക്കുന്നില്ല- നഗരസഭ പെനാൽറ്റിയിനത്തിൽ തുക അടവാക്കി

ഫയൽ നം. 4540/11

| വൗച്ചർ നമ്പർ | തുക |
|---|---|
| 21800870/30/03/19 | 27521 |
| 21800871/30/03/19 | 53182 |
| | |

| | | |
|---|---|---|
| | ആകെ | 80703 |

നഗരസഭയിലെ 5 സി എൽ ആർ വിഭാഗത്തിൽപെട്ട ജീവനക്കാർക്കായി നഗരസഭ എംപ്ലോയിസ് പ്രോവിഡന്റ് ഫണ്ട് വിഹിതം അടയ്ക്കുന്നുണ്ട്. 1952ലെ EPF നിയമം അനുസരിച്ച ഒരു മാസം അവസാനിക്കുന്നതിന് 15 ദിവസത്തിനകം ജീവനക്കാരുടെ EPF വിഹിതം നഗരകാര്യ ഡയറക്ടർക്ക് അടവാക്കേണ്ടതുണ്ട്. മുൻവർഷങ്ങളിലെ എംപ്ലോയിസ് പ്രൊവിഡന്റ് ഫണ്ട് തുക യഥാസമയം അടവാക്കാത്തതിനാൽ റീജിയണൽ പി.എഫ്.കമ്മീഷണറുടെ 5/01/2019 ലെ KR/KTM/20677/PD/8F/7Q/2018-19/ നമ്പർ ഉത്തരവ് പ്രകാരം 27521/- രൂപ പലിശയിനത്തിലും 5/01/2019 ലെ KR/KTM/20677/PD/8F/14B/2018-19/ ഉത്തരവ് പ്രകാരം 53182/- രൂപ പീനൽ ഡാമേജ് ഇനത്തിലും അടച്ചിട്ടുണ്ട്. മുൻവർഷങ്ങളിലും നഗരസഭ ഇത്തരത്തിൽ പിഴ ഒടുക്കേണ്ടി വന്നിട്ടുണ്ട്. നിലവിലും തുക അടയ്ക്കുന്നതിൽ നഗരസഭ സമയപരിധി പാലിക്കുന്നില്ല. 08/18 മുതൽ 02/19 വരെയുള്ള തുക അടവാക്കിയത് 30.03.2019ലാണ്. യഥാസമയം തുക അടയ്ക്കാതെ നഗരസഭയ്ക്ക് സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നത് ശരിയായ നടപടിയല്ല. മുൻകാലയളവിലെ നഗരസഭാ ഫണ്ടിന്റെ കൃത്യത വിശകലനം ചെയ്യേണ്ടതും നഷ്ടം ഉണ്ടായിട്ടുണ്ടെങ്കിൽ തുക കൃത്യസമയത്ത് ഒടുക്കുവരുത്താത്ത സെക്രട്ടറിമാരുടെ ബാദ്ധ്യതയായി കണക്കാക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച നൽകിയ അന്വേഷണക്കുറിപ്പിന് (12/20.01.2020) മറുപടി ലഭ്യമാക്കാത്തതിനാലും മേൽ വൗച്ചറുകൾ പ്രകാരം ചെലവഴിച്ച 80,703/- രൂപ തടസ്സപ്പെടുത്തുന്നു.

# 1-31 മുൻകൂർ തുക ക്രമീകരിച്ചിട്ടില്ല

2018-19 വർഷം നഗരസഭാ ജീവനക്കാർക്ക് വിവിധ ആവശ്യങ്ങൾക്കായി നൽകിയ ചുവടെ കൊടുത്തിരിക്കുന്ന മുൻകൂറുകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല. ക്രമീകരിക്കാത്ത മുൻകൂറുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നമ്പർ, തീയതി | മുൻകൂർ കൈപ്പറ്റിയ ജീവനക്കാരൻ | ആവശ്യം | തുക |
|---|---|---|---|---|
| 1 | 21800220/ 24/09/18 | ശ്രീ.T.K.രാജു ഓവർസീയർ | മുനിസിപ്പൽ ചെയർമാന്റെ കാർ റിപ്പയർ ചെയ്യുന്നതിന് | 6900 |
| 2 | 21800284/ 12/11/18 | ശ്രീമതി ഷാനാമോൾ JHI II | പുല്ല് വെട്ടിയന്ത്രത്തിന് ഇന്ധനം വാങ്ങുന്നതിന് | 1000 |
| 3 | 21800641/ 6/02/19 | ശ്രീമതി ലീനാ വി. മുനിസിപ്പൽ എഞ്ചിനിയർ | അനധികൃത നിർമ്മാണം പൊളിച്ച് നീക്കുന്നതിന് | 45000 |
| | ആകെ | | | 52900 |

ധനകാര്യവകുപ്പിന്റെ 4.10.2011-ലെ 419/2011/ധന നമ്പർ ഉത്തരവുപ്രകാരം മുൻകൂറായി കൈപ്പറ്റുന്ന തുക മൂന്ന് മാസത്തിനുള്ളിൽ ക്രമീകരിക്കേണ്ടതും അല്ലാത്തപക്ഷം കൈപ്പറ്റിയ തീയതി മുതൽ തിരിച്ചടക്കുന്നതുവരെയുള്ള കാലയളവിലേക്ക് 18% പലിശ കണക്കാക്കി മുഴുവൻ തുകയും പലിശ സഹിതം ഈടാക്കേണ്ടതുമാണ്. വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് തുക ക്രമീകരിക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ക്രമീകരിക്കാതെ അവശേഷിക്കുന്ന 52,900/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-32 നിയമാനുസൃത യാത്രാപ്പടിക്ക് പകരം ടാക്സിവാടക നൽകിയത് അംഗീകരിക്കുന്നില്ല.

വൗച്ചർ നമ്പർ- 21800877/30.03.19

തുക – 5800/-

മേൽ വൗച്ചർ പ്രകാരം പ്രകാരം തിരുവനന്തപുരം നഗരകാര്യ ഡയറക്ടറേറ്റിൽ പെർഫോമൻസ് ഗ്രാന്റിന്റെ അക്കൗണ്ടിന്റെ വിവരങ്ങൾ നൽകുന്ന ആവശ്യത്തിനായി പോയതിന് ശ്രീ.സിബിച്ചൻ കെ.ജെ., സീനിയർ

ക്ലർക്കിന് വണ്ടി വാടകയിനത്തിൽ 5800/- രൂപ നൽകിയിട്ടുണ്ട്. ടിയാന് കെ എസ് ആർ പ്രകാരമുള്ള യാത്രാപ്പടിക്കാണ് അർഹത. ഇത് അനുവദിക്കാതെ വാഹനവാടക അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് പെർഫോർമൻസ് ഗ്രാന്റ് സംബന്ധിച്ച വിവരങ്ങൾ യഥാസമയം നഗരകാര്യഡയറക്ടറേറ്റിൽ ലഭ്യമാക്കുന്നതിനാണ് പ്രത്യേക വാഹനത്തിൽ പോയത് എന്ന് മറുപടി ലഭ്യമാക്കുകയുണ്ടായി. നിയമാനുസരണം ടിയാന് കെ.എസ്.ആർ ചട്ടങ്ങൾ പ്രകാരമുള്ള യാത്രബത്തയ്ക്ക് മാത്രമേ അർഹതയുള്ളൂ എന്നതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല. ഇതനുസരിച്ച് അർഹമായ യാത്രബത്ത കണക്കാക്കി അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്. അപാകതയുടെ അടിസ്ഥാനത്തിൽ മേൽ വൗച്ചർ പ്രകാരം ചെലവഴിച്ച 5,800/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-33 അനധികൃത നിർമ്മാണം പൊളിച്ചു നീക്കിയത് -നഗരസഭയ്ക്കുണ്ടായ ചെലവ് കെട്ടിട ഉടമയിൽ നിന്നും ഈടാക്കിയില്ല

ഫയൽ നം. E1- 6700/18

ഇരുപതാം വാർഡിലെ ശ്രീ. സജിമോൻ പരുത്തിമുടി വൈക്കം (പ്രണവം അപ്ഹോൾസ്റ്ററി) എന്നയാളുടെ ഉടമസ്ഥതയിലുള്ള കെട്ടിട നമ്പർ VII/45, VII/45A- മായി ബന്ധപ്പെട്ട് നടന്ന അനധികൃത നിർമ്മാണം പൊളിച്ചു നീക്കുന്നതിനായി മുനിസിപ്പൽ എഞ്ചിനിയർ ശ്രീമതി.ലീന ഡി.ക്ക് 45000/- രൂപ അഡ്വാൻസ് നൽകിയിട്ടുണ്ട് (21800641/6/02/19 പ്രകാരം). ടി തുക നാളിതുവരെ ക്രമീകരിച്ചിട്ടില്ല. KMBR ചട്ടം 18-(3) പ്രകാരം അനധികൃത നിർമ്മാണം പൊളിച്ചു കളഞ്ഞതിനുള്ള ചെലവുകൾ കെട്ടിട ഉടമയിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ ടി തുക കെട്ടിട ഉടമയിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ നഗരസഭ സ്വീകരിച്ചിട്ടില്ല. ആയതിനാൽ നഗരസഭയ്ക്കുണ്ടായ നഷ്ടം കെട്ടിട ഉടമസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-34 പെൻഷൻ കോൺട്രിബ്യൂഷൻ -വരവ് അടവ് വിവരങ്ങൾ - കൃത്യതയില്ല

നഗരസഭയിലെ റഗുലർ വിഭാഗം ജീവനക്കാർ, കണ്ടിജന്റ് വിഭാഗം ജീവനക്കാർ, NPS - കോൺട്രിബ്യൂട്ടറി പെൻഷൻ സ്കീമിൽ ചേർന്നിട്ടുള്ള ജീവനക്കാർ എന്നിവരുടെ പെൻഷൻ കോൺട്രിബ്യൂഷൻ പിടിച്ചതിന്റെയും, അടച്ചതിന്റെയും വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ, അസ്സൽ ചെലാൻ എന്നിവ ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുകയുണ്ടയില്ല. ഇത് സംബന്ധിച്ച് ഹാജരാക്കിയ ഫയൽ പ്രകാരം (ഫയൽ നം. G1-41/17 )നഗരസഭ പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ തുകയൊന്നും പൂർണ്ണമായും അടയ്ക്കുന്നില്ല എന്ന് കാണുന്നു. പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭയ്ക്ക് കൃത്യമായി അലോട്ട്മെന്റുകൾ ലഭിക്കാത്തതിനാൽ നഗരസഭയുടെ തനത് ഫണ്ടിൽ നിന്നുമാണ് പെൻഷനായ ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകി വരുന്നതെന്ന് ഫയലിൽ കാണുന്നു.

| | റഗുലർ വിഭാഗം | കണ്ടിജന്റ് വിഭാഗം |
|---|---|---|
| സർവ്വീസ് പെൻഷൻകാരുടെ എണ്ണം | 37 | 30 |
| കുടുംബപെൻഷൻകാരുടെ എണ്ണം | 11 | 11 |
| 2018-19 വർഷം സർവ്വീസ് പെൻഷൻ വിതരണത്തിന് വേണ്ടി ചെലവഴിച്ച തുക. | 7980913 | 4308034 |
| 2018-19 വർഷം കുടുംബ പെൻഷൻ വിതരണത്തിന് വേണ്ടി ചെലവഴിച്ച തുക. | 1629960 | *വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല* |
| 2018-19 വർഷം ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ സെൻട്രൽ / മുൻസിപ്പൽപെൻഷൻ ഫണ്ടിലേക്ക് ഒടുക്കിയ തുക. | 3948019 | *വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല* |
| സെൻട്രൽ പെൻഷൻ/മുൻസിപ്പൽ ഫണ്ടിൽ നിന്നും തൻ | 733307 | *വിവരങ്ങൾ* |

| | | |
|---|---|---|
| വർഷം ലഭിച്ച അലോട്ട്മെന്റ്. | | *ലഭ്യമാക്കിയിട്ടില്ല* |
| സെൻട്രൽ പെൻഷൻ/മുൻസിപ്പൽ ഫണ്ടിലേക്ക് ഒടുക്കാൻ അവശേഷിക്കുന്ന തുക. | 6074892 | *വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല* |
| സെൻട്രൽ പെൻഷൻ/മുൻസിപ്പൽ ഫണ്ടിൽ നിന്നും ലഭിക്കാൻ അവശേഷിക്കുന്ന തുക | 14352748 (നാളിതുവരെ) | വിവരങ്ങൾ ക്രോഡീകരിച്ചിട്ടില്ല |
| നഗരസഭയിലെ പെൻഷൻഫണ്ട് അക്കൗണ്ട് നമ്പർ/ നീക്കിയിരിപ്പ് . | TP-140<br>31.03.2019<br>CB-154563 | TP-124<br>31.03.2019<br>CB-2530 |

ഓഡിറ്റുവർഷം ചുവടെ ചേർക്കും പ്രകാരം പെൻഷൻ കോൺട്രിബ്യൂഷൻ തുക അടവാക്കിയിട്ടുണ്ട്

| മാസം | തുക |
|---|---|
| ഏപ്രിൽ | 168358 |
| മെയ് | 159817 |
| ജൂൺ | 157630 |
| ജൂലൈ | 147597 |
| ഓഗസ്റ്റ് | 125356 |
| സെപ്റ്റംബർ | 150580 |
| ഒക്ടോബർ | 157432 |
| നവംബർ | 154594 |
| ഡിസംബർ | 160999 |
| ജനവരി | 160988 |
| ഫെബ്രുവരി | 153653 |
| മാർച്ച് | 150203 |
| **ആകെ** | **1847207** |

പങ്കാളിത്ത പെൻഷൻ പദ്ധതിയിലെ (NPS) ഇരുപത്തിനാല് ജീവനക്കാരുടെ (സ്ഥലം മാറ്റം ലഭിച്ചുപോയവരുടേതുൾപ്പെടെ) പെൻഷൻ വിഹിതമിനത്തിൽ 6,57,400/- രൂപ അടവാക്കിയിട്ടുണ്ട്.

<u>**പെൻഷൻ വിതരണം - നഗരസഭയ്ക്ക് ബാദ്ധ്യത**</u>

2008-09 വർഷം മുതൽ നാളിതുവരെയായി റഗുലർ വിഭാഗം ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ പൂർണ്ണമായും സെൻട്രൽ പെൻഷൻ ഫണ്ടിലും കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ പൂർണ്ണമായും മുൻസിപ്പൽ പെൻഷൻ ഫണ്ടിലും അടവാക്കുന്നില്ല. 1997 -ലെകേരള മുനിസിപ്പാലിറ്റി ജീവനക്കാരുടെ (റഗുലർ വിഭാഗം&കണ്ടിജന്റ് വിഭാഗം) ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ് ചട്ടങ്ങളിലെ ചട്ടം 8 പ്രകാരം പെൻഷൻ വിഹിതം അതത് മാസത്തെ ശമ്പള ബില്ലിനോടൊപ്പം മുനിസിപ്പൽ ഫണ്ടിൽ നിന്നും പിൻവലിച്ച് അതത് മാസം 15-ാം തീയതിക്ക് മുമ്പ് സെൻട്രൽ പെൻഷൻ ഫണ്ടിൽ വരവ് വെയ്ക്കുന്നതിലേക്ക് നഗരകാര്യ ഡയറക്ടർക്ക് ഡിമാന്റ് ഡ്രാഫ്റ്റായി സെക്രട്ടറി അയച്ച് കൊടുക്കേണ്ടതാണ് എന്ന് വ്യക്തമാക്കുന്നു. പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കാത്തതിനാൽ നഗരസഭയ്ക്ക് പെൻഷൻ അലോട്ട്മെന്റ് ലഭിക്കുന്നതിൽ കുറവുണ്ടായിട്ടുണ്ട്. പെൻഷൻ ഫണ്ട് ഇനത്തിൽ നഗരസഭയ്ക്ക് 2010-11വർഷം മുതൽ കുടിശ്ശിക തുക ലഭിക്കാനുണ്ട്. പെൻഷൻ അലോട്ട്മെന്റ് ലഭിക്കാത്തതിനാൽ പെൻഷൻ വിതരണത്തിനായി തനതുഫണ്ടിൽ നിന്നും തുക ചെലവഴിക്കേണ്ട സാഹചര്യം നിലനിൽക്കുന്നു. തനത് വരുമാനം കുറവായ നഗരസഭയ്ക്ക് ഈ ഇനത്തിൽ അധികച്ചെലവുണ്ടാകുന്നത് സാമ്പത്തിക ബാദ്ധ്യതയ്ക്ക് വഴിതെളിക്കും.

പെൻഷൻ കോൺട്രിബ്യൂഷൻ യഥാസമയം അടവാക്കുന്നതിനും പെൻഷൻ ഫണ്ട് അലോട്ട്മെന്റ് പൂർണ്ണമായും ലഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-35 ലൈബ്രറി സെസ്സ് തുക അടവാക്കാത്തതിനാൽ 25ലക്ഷം രൂപ നഗരസഭയ്ക്ക് ബാദ്ധ്യത

നഗരസഭ ലൈബ്രറി സെസ്സ് ഇനത്തിൽ പിരിക്കുന്ന തുക കേരള സംസ്ഥാന ലൈബ്രറി കൗൺസിലിൽ അടവാക്കാത്തതിനാൽ ഈയിനത്തിൽ നഗരസഭയ്ക്ക് വൻ തുക ബാദ്ധ്യതയുള്ളതായി കാണുന്നു. നഗരസഭയുടെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31.03.2019 ൽ ഈയിനത്തിൽ 2590181/- രൂപ അടവാക്കാൻ അവശേഷിക്കുന്നതായി കാണുന്നു (അനുബന്ധ ഫയലുകളും രജിസ്റ്ററുകളും പ്രകാരം 2230062/- 2012-13 മുതൽ 2018-19 വരെ). 2018-19 വർഷം ലൈബ്രറി സെസ്സ് ഇനത്തിൽ 457203/- രൂപയാണ് നഗരസഭയ്ക്ക് ലഭിച്ചത്. ഇതിൽ നിന്നും മുൻവർഷങ്ങളിലേതടക്കമുള്ള തുക ലൈബ്രറി കൗൺസിലിൽ അടവാക്കാതെ നഗരസഭ ഫണ്ടിൽ അവശേഷിക്കുന്നു എന്ന് വ്യക്തമാണ്.

2012-13 മുതൽ 2018-19 വരെ അടവാക്കാനുള്ള ലൈബ്രറി സെസ്സ് തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| വർഷം | തുക |
|---|---|
| 2012-13 | 269296 |
| 2013-14 | 267323 |
| 2014-15 | 332381 |
| 2015-16 | 327200 |
| 2016-17 | 359303 |
| 2017-18 | 385083 |
| 2018-19 | 196854 |

ലൈബ്രറി സെസ്സ് തുക അടവാക്കാതെ നഗരസഭയ്ക്ക് ബാധ്യത വരുത്തിയതിനുള്ള വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ലൈബ്രറി സെസ് യഥാസമയം അടയ്ക്കാത്തതുമൂലം പിഴ അടയ്ക്കേണ്ടി വന്നാൽ ആയത് ബന്ധപ്പെട്ട സെക്രട്ടറിയുടെ ബാധ്യതയായിരിക്കും.

## 1-36 വെള്ളക്കരം കുടിശ്ശിക - നഗരസഭയ്ക്ക് വൻ ബാധ്യത- വിഷയത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

നഗരസഭയിൽ 19.07.2011-ൽ നടന്ന സംയുക്ത പരിശോധനയ്ക്ക് ശേഷം പ്രവർത്തനക്ഷമമായ 400 ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പ്രതിമാസം 262800/- രൂപ വീതം വാട്ടർ അതോറിറ്റി ഈടാക്കി വരുന്നുണ്ട്. ഇത് കൂടാതെ മുൻ വർഷങ്ങളിലെ കുടിശ്ശിക, ഫൈൻ ഇനങ്ങളിലായി 4,81,29,669/- (08/2017 ലെ ബിൽ ) കൂടി അടയ്ക്കുവാനുള്ളതായി ബില്ലുകളിൽ രേഖപ്പെടുത്തിയാണ് ഓരോ മാസത്തെയും ബിൽ തുക ഡിമാൻറ് ചെയ്യുന്നത്. 12/2019ലെ ബിൽപ്രകാരം 9,47,24,982/-രൂപയാണ് വാട്ടർചാർജ്ജിനത്തിലെ കുടിശ്ശിക(Bill no-5/01.12.2019 consumer no/LSGD code-050200). നഗരസഭയ്ക്ക് ലഭിക്കേണ്ട വിവിധ ഗ്രാന്റുകളിൽ നിന്നും വെള്ളക്കരം കുടിശ്ശിക ഇനത്തിൽ 2008-09 മുതൽ 2013-14 വരെ 1,52,54,697/- രൂപ സർക്കാർ നേരിട്ട് കുറവ് ചെയ്ത് നൽകിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച കൃത്യമായ രേഖകൾ നഗരസഭയിൽ ലഭ്യമല്ല. ഈ വിഷയം സംബന്ധിച്ച് നഗരസഭ വാട്ടർ അതോറിറ്റിക്ക് പല തവണ കത്തുകൾ നൽകിയിരുന്നുവെങ്കിലും ആയത് വാട്ടർ അതോറിട്ടി പരിഗണിച്ചിട്ടില്ലായെന്ന് നിലവിലെ ബില്ലുകളിൽ നിന്നും വ്യക്തമാണ്. വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുന്ന തുക നഗരസഭ അടയ്ക്കാത്തതിനാൽ നഗരസഭ ഒടുക്കുന്ന തുകകൾ വാട്ടർ അതോറിറ്റി ഫൈൻ ഇനത്തിലാണോ പ്രതിമാസ വെള്ളക്കരം ഇനത്തിലാണോ അക്കൗണ്ട് ചെയ്യുന്നതെന്നും വ്യക്തമല്ല. നിലവിൽ 405 ടാപ്പുകളുടെ വെള്ളക്കരം ഈടാക്കുന്നുണ്ടെങ്കിലും ഇവയിൽ പലതും പ്രവർത്തനക്ഷമമല്ലാത്തതിനാൽ വീണ്ടും ഒരു

സംയുക്ത പരിശോധന നടത്തുന്നതിന് വാട്ടർ അതോറിറ്റിക്ക് 9/18-ൽ കത്ത് നൽകാൻ തീരുമാനിച്ചതായി കാണുന്നു. KWA തീയതി അറിയിച്ചതായി കാണുന്നില്ല.
നഗരസഭയിലെ ഫയൽ പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(റവന്യൂ മോണിട്ടറിംഗ് സെൽ സർക്കുലർ പ്രകാരം കുടിശ്ശിക വർഷം തിരിച്ച്)

| വർഷം | തുക |
|---|---|
| 2013-14 | 1,86,58,193 |
| 2014-15 | 1,90,93,834 |
| 2015-16 | 2,24,36,650 |
| 2016-17 | 25221586 |
| 2017-18 | 3,15.11,396<br>(6% പലിശ ഉൾപ്പെടെ -12/2017 വരെയുള്ളത്) |
| 2018-19 | 3,36,33,533 |

മുൻ വർഷങ്ങളിലെ ഗ്രാന്റുകളിൽ നിന്നും വെള്ളക്കരം കുറവ് ചെയ്തത് സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ് നഗരകാര്യ വകുപ്പിൽ നിന്നും ശേഖരിച്ച് കൃത്യമായ കണക്കുകൾ തയ്യാറാക്കി വാട്ടർ അതോറിറ്റിയുമായുള്ള കുടിശ്ശിക കണക്കുകൾ റിക്കൺസിലിയേഷൻ നടത്തേണ്ടതാണ്.

## 1-37 തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം നടപ്പിലാക്കിയിട്ടില്ല - ചാർജിനത്തിൽ അധിക ചെലവുണ്ടാകുന്നു

നഗരസഭ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ 2018-19 സാമ്പത്തിക വർഷം 32,50,000/- (project no-7/19)രൂപ കെ.എസ്.ഇ.ബിയിൽ അടവാക്കിയിട്ടുണ്ട്. കെ.എസ്.ഇ.ബി.യിൽ നിന്നും ലഭിച്ച ഡിമാന്റ് നോട്ടീസ് പ്രകാരമാണ് ഒടുക്കിയിട്ടുള്ളത്. തെരുവ് വിളക്കുകൾക്ക് മീറ്റർ സമ്പ്രദായം ഏർപ്പെടുത്തുകയോ കെ.എസ്.ഇ.ബി.യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുകയോ ചെയ്തിട്ടില്ല. ഇക്കാരണത്താൽ യഥാർത്ഥത്തിൽ നഗരസഭയിൽ പ്രവർത്തിക്കുന്ന വിളക്കുകൾക്ക് തന്നെയാണോ തുക ഒടുക്കുന്നത് എന്നത് ഉറപ്പുവരുത്താൻ കഴിയുന്നില്ല.

07.07.2010-ലെ 43742/ഡി.സി.3/2010/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്താൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ എങ്ങുമെത്തിയിട്ടില്ല. മീറ്ററേതര ചാർജിനത്തിൽപ്പെടുന്ന എൽ.റ്റി 8 (എ) എന്ന താരിഫിലാണ് വൈദ്യുതി ചാർജ് കെ.എസ്.ഇ.ബി ഈടാക്കിക്കൊണ്ടിരിക്കുന്നത്. എന്നാൽ മീറ്റർ സ്ഥാപിച്ചിട്ടുള്ള എൽ.റ്റി.8(ബി) എന്ന താരിഫിലാണ് വൈദ്യുതി ചാർജ് കണക്കാക്കുന്നതെങ്കിൽ ഉപയോഗത്തിനനുസരിച്ച് മാത്രം തുക നല്കിയാൽ മതിയാകും. എൽ.റ്റി 8(എ), എൽ.റ്റി 8 (ബി) പ്രകാരം തുക ഈടാക്കുമ്പോൾ ചുവടെ പറയുന്ന വ്യത്യാസമുണ്ടാകുന്നു.

| എൽ.റ്റി 8 (എ) | എൽ.റ്റി 8 (ബി) |
|---|---|
| 12 മണിക്കൂർ ഉപയോഗിച്ചില്ലെങ്കിലും തുക ഒടുക്കേണ്ടി വരുന്നു | ഉപയോഗത്തിനനുസരിച്ച് മാത്രമേ ചാർജ്ജ് ഈടാക്കൂ. |
| ഉപകരണങ്ങൾ പ്രവർത്തന രഹിതമായാലും തുക ഒടുക്കേണ്ടി വരുന്നു | പ്രവർത്തിക്കുന്നവയ്ക്കു മാത്രമേ ചാർജ്ജ് ഇടാക്കൂ |
| അറ്റകുറ്റപ്പണിയോ മറ്റേതെങ്കിലും കാരണത്താലോ വൈദ്യുതി ബന്ധം തകരാറിലായാലോ പോലും ചാർജ്ജ് ഒടുക്കേണ്ടിവരുന്നു | ഉപയോഗത്തിൽ കുറവ് വരുന്നതിനാൽ ചാർജ്ജ് ഈടാക്കുന്നില്ല. |

തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-38 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകൽ -ജി എസ് റ്റി തുക അടവാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 222/19 (file no-E3-307/19) |
| നിർവ്വഹണോദ്യോഗസ്ഥ | സെക്രട്ടറി |
| അടങ്കൽ | 361400(scp) |
| ചെലവ് | 326150/-<br>bill no-31/2018-19 |

CBEC സർക്കുലർ 65/39/2018-DOR തീയതി 14/09/2018 നമ്പർ സർക്കുലർ പ്രകാരം 1/10/2018 മുതൽ ഒറ്റ കോൺട്രാക്ടിൽ രണ്ടര ലക്ഷം രൂപയ്ക്ക് മുകളിലുള്ള ബില്ലിൽ നിന്നും 2% ജി എസ് റ്റി ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ മേൽ സൂചിത പ്രോജക്ടുമായി ബന്ധപ്പെട്ട് ലാപ്ടോപ്പ് വാങ്ങിയ നെറ്റ് ബയോസ് ടെക്നോളജീസ് എന്ന സ്ഥാപനത്തിന്റെ പർചേസ് ബില്ലിൽ നിന്നും രണ്ടര ലക്ഷം രൂപയ്ക്ക് മുകളിൽ വാങ്ങൽ വരുന്ന തുകയിൽ നിന്നും ജി എസ് റ്റി/റ്റി.ഡി.എസ് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം.,പേര് | ആകെ തുക | ഈടാക്കേണ്ടിയിരുന്ന തുക |
|---|---|---|
| 222/19 (file no-E3-307/19)<br>പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകൽ | 326150/-<br>bill no- 31/2018-19 | 6523/ |

ജി എസ് റ്റി തുക ഈടാക്കി റ്റി.ഡി.എസ്.ഫയൽ ചെയ്യേണ്ടത് നിർവ്വഹണോദ്യോഗസ്ഥന്റെ ചുമതലയാണ്.

## 1-39 ബാലസഭ പ്രവർത്തനങ്ങൾ - വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. (ഫയൽ നം. ) | 24/19 (ഇ3-371/19) |
| നിർവ്വഹണ ഉദ്യോഗസ്ഥ | സെക്രട്ടറി, നഗരസഭ |
| അടങ്കൽ | 40000 (പദ്ധതി വിഹിതം -ജനറൽ) |
| ചെലവ് | 39000/- BRN-18090447093501324631/08.03.2019) |

മേൽ പ്രോജക്ടിന് വികസനഫണ്ടിൽ നിന്നും 39000/- രൂപ ഇരുപത്തിയാറ് വാർഡുകൾക്കായി 1500/- രൂപ നിരക്കിൽ സി.ഡി.എസ് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

1. ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിന്റെ വിശദാംശങ്ങൾ

2. ബാലസഭ അംഗങ്ങൾ- രജിസ്ട്രേഷൻ വിശദാംശങ്ങൾ

3.ബാലസഭ പ്രവർത്തനവുമായി ബന്ധപ്പെട്ട കലണ്ടർ (നം-3266/k/2018/KSHO DT. 28.03.2018 സർക്കുലർ പ്രകാരം) തയ്യാറാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

4.ബാലസഭ പ്രവർത്തനവുമായി ബന്ധപ്പെട്ട് പദ്ധതി വിഹിതം ചെലവഴിയ്ക്കേണ്ടതിന്റെ നിർദ്ദേശങ്ങൾ പാലിച്ചതിന്റെ (നം.1125/k/2015/KSHO ll. DT. 26.12.2018 സർക്കുലർ പ്രകാരം) വിശദാംശങ്ങൾ

തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. ഭാവിയിൽ സർക്കാർ സർക്കുലറുകളിലെ നിർദ്ദേശങ്ങൾ പാലിച്ച് പ്രോജക്ട് നിർവ്വഹണം നടത്തേണ്ടതാണ്.

## 1-40 എസ്.എസ്.എ.വിഹിതം നൽകൽ - പദ്ധതി ആസൂത്രണത്തിൽ നഗരസഭ പങ്ക് വഹിച്ചത് - വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് നം | എസ്.എസ്.എ. വിഹിതം നൽകൽ 1/2019 (file no-E3-SOO1/19) |
| അടങ്കൽ | 500000 |
| ഫണ്ട് | വികസനം (പൊതു) |
| ചെലവ് | 500000 |
| ബിൽ നം/തീയതി | 3/2019 തീയതി 16.05.2018 |

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി നഗരസഭയിലെ വിദ്യാഭ്യാസ മേഖലയിലെ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് എസ്.എസ്.എ.ക്ക് മേൽ തുക കൈമാറിയിട്ടുണ്ട്. സ.ഉ.(കൈ)നം.17/2018ത.സ്വ.ഭ.വ. തീയതി 02.02.2019 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ പ്രകാരം ഗവൺമെന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.എ. പ്രോജക്ടുകൾക്ക് നഗരസഭ വകയിരുത്തണം (മൊത്തം തുകയുടെ 35%) എന്ന് നിർദ്ദേശിക്കുന്നുണ്ട്. മാത്രമല്ല ഈ പ്രോജക്ടുകളുടെ വിശദാംശം തയ്യാറാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനം അതിന്റെ പങ്ക് വഹിക്കണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കുന്ന കാര്യത്തിൽ നഗരസഭ പങ്ക് വഹിച്ചിട്ടില്ല. മാത്രമല്ല ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയോ, വർക്കിംഗ് ഗ്രൂപ്പോ പദ്ധതി നിർവ്വഹണത്തിൽ ഇടപെടലുകൾ നടത്തിയിട്ടില്ല. പദ്ധതിയുമായി ബന്ധപ്പെട്ട വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം, നഗരസഭയ്ക്കു കീഴിൽ വരുന്ന ഏതൊക്കെ സ്കൂളുകൾക്കുവേണ്ടി തുക ചെലവഴിച്ചു, പ്രോജക്ട് റിപ്പോർട്ട് പ്രകാരമുള്ള എല്ലാ പ്രവൃത്തികളും നടപ്പിലാക്കിയോ എന്നതിന്റെ വിവരങ്ങൾ എന്നിവ പരിശോധയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദമായ പ്രോജക്ടുകളുടെ രൂപരേഖയോ വിശദമായ വിനിയോഗ സാക്ഷ്യപത്രമോ ഇല്ലാതെ കൃത്യമായ മോണിട്ടറിംഗ് സാധ്യമാവുകയില്ല. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-41 പി.എം.എ വൈ- പ്രോജക്ട് നിർവ്വഹണം -അവലോകനം

**ഫയൽ നം-E3-270/18**

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ഓഡിറ്റുവർഷം പി.എം.എ.വൈ പദ്ധതിയുമായി ബന്ധപ്പെട്ട് രണ്ട് പ്രോജക്ടുകൾ ചുവടെ ചേർക്കും പ്രകാരം നിർവ്വഹിച്ചിട്ടുണ്ട്.

| പ്രോജക്ട് നം. | 35/19(ജനറൽ) | 154/19(എസ് സി.പി) |
|---|---|---|
| നിർവ്വഹണോദ്യോഗസ്ഥ | സെക്രട്ടറി | സെക്രട്ടറി |
| അടങ്കൽ | വികസന ഫണ്ട് 4766200 | വികസന ഫണ്ട് 1225000 |
| ചെലവ് തുക | 4680000 | 1000000 |

നഗരസഭ നാളിതുവരെ PMAYപദ്ധതിക്കായി നാല് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടുകൾ (ഡി.പി.ആർ.) തയ്യാറാക്കിയിട്ടുണ്ട്. ഓഡിറ്റു വർഷം 73 ഗുണഭോക്താക്കൾക്കും നാളിതുവരെ 366 ഗുണഭോക്താക്കൾക്കുമാണ് പ്രോജക്ട് പ്രകാരം തുക അനുവദിച്ചിട്ടുള്ളത്. നാലാമത്തെ ഡി.പി.ആർ. ബാങ്കുമായി എഗ്രിമെന്റ് വയ്ക്കാത്തതിനാൽ നിർവ്വഹണം ആരംഭിച്ചിട്ടില്ല. മറ്റു മൂന്നു ഡി.പി.ആർ.കളും ഐ.സി.ഐ.സി.ഐ ബാങ്കുമായി കരാർ വച്ചാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

തുക നൽകിയ നാലുഘട്ടങ്ങളിലെ ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു(പ്രസ്തുത ഗുണഭോക്താക്കൾക്ക് ജി.ഒ.(എം.എസ്)-29/2018/28.02.2018 ലെ സർക്കാർ ഉത്തരവുപ്രകാരവും 5476/N/ 2015/ KSHO dt. 10.04.2018ലെ സർക്കുലർ പ്രകാരവും ആയിരുന്നു തുക നൽകിയത്). അവസാന ഗഡു കൈപ്പറ്റിയ 97 ഗുണഭോക്താക്കളും ഭവനനിർമ്മാണം പൂർത്തീകരിച്ചു എന്നുള്ളത് അഭിനന്ദനാർഹമാണ്.

| | |
|---|---|
| പ്രോജക്ടുപ്രകാരം നാളിതുവരെ ഉൾപ്പെടുത്തിയ ഗുണഭോക്താക്കളുടെ എണ്ണം | 366 |
| പെർമിറ്റ് അനുവദിച്ച ഗുണഭോക്താക്കളുടെ എണ്ണം | 277 |
| കരാർ ചമച്ച ഗുണഭോക്താക്കളുടെ എണ്ണം | 161 |
| ആദ്യ ഗഡു കൈപ്പറ്റിയവർ | 156 |
| രണ്ടാം ഗഡു കൈപ്പറ്റിയവർ | 143 |
| മൂന്നാംഗഡു കൈപ്പറ്റിയവർ | 133 |
| നാലാം ഗഡു കൈപ്പറ്റിയവർ | 97 |

<u>ധനകാര്യ വിശകലനം</u>

| കാലയളവ് | കേന്ദ്രവിഹിതം | സംസ്ഥാന വിഹിതം | ആകെ- കേന്ദ്രവിഹിതം+ സംസ്ഥാന വിഹിതം | നഗരസഭാ വിഹിതം | സോഴ്സ് ഓഫ് ULB ഫണ്ട് | ഗുണഭോക്തൃ വിഹിതം | ആകെ |
|---|---|---|---|---|---|---|---|
| 2017-2019 | 24390000 | 8130000 | 32520000 | 22966200 | ലഭിച്ചിട്ടില്ല | 1700000 | 57186200 |

അർബൻ ലോക്കൽ ബോഡി (ULBഫണ്ട്) വിഹിതമായി നൽകേണ്ടിയിരുന്ന തുക (തനതുഫണ്ടിൽ നിന്നും) നാളിതുവരെ നഗരസഭയിൽ നിന്നും നൽകാൻ കഴിഞ്ഞിട്ടില്ല. ഓഡിറ്റ് വർഷം കേന്ദ്ര-സംസ്ഥാന വിഹിതമായി ബാങ്ക് അക്കൗണ്ടിൽ വന്ന തുകയും പദ്ധതി വിഹിതമായി ലഭിച്ച തുകകയുമാണ് മൂന്നാം ഡി.പി.ആർ.പ്രോജക്ട് നിർവ്വഹണത്തിനായി നൽകിയത്.

## 1-42 നഗരസഭ ലൈബ്രറി - നിയമാവലി പാലിച്ചിട്ടില്ല

ലൈബ്രറിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് 31.01.2019-ൽ ചേർന്ന നഗരസഭാ കൗൺസിലിന്റെ 4ാം നമ്പർ തീരുമാന പ്രകാരം നിലവിലെ അംഗത്വ ഫീസായ 100/- രൂപയിൽ നിന്നും തുക വർദ്ധിപ്പിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ, ലൈബ്രറിയുടെ നിയമാവലി 9-ാം നമ്പർ പ്രകാരം ലൈബ്രറിയിൽ നിന്നും പുസ്തകം കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനു ശേഷം കൊണ്ടു വരുന്ന തീയതി വരെ ഓരോ പുസ്തകത്തിനും ഓരോ ദിവസത്തേയ്ക്കും 1 രൂപ നിരക്കിൽ പിഴ ഈടാക്കേണ്ടതാണ്. ടി വിഷയം ചൂണ്ടിക്കാണിച്ച് ലൈബ്രേറിയൻ നല്കിയ സബ്മിഷൻ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി പരിഗണിച്ചതിന് ശേഷം കൗൺസിലിൽ വയ്ക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെങ്കിലും ടി വിഷയം കൗൺസിൽ പരിഗണിച്ചിട്ടില്ല . ആയതിനാൽ, നാളിതുവരെ ഇപ്രകാരമുള്ള

ഫീ ഈടാക്കുന്നില്ല. ബൈലോ പ്രകാരമുള്ള നടപടികളിലൂടെ പ്രവർത്തനം കാര്യക്ഷമമാക്കി നഗരസഭ ലൈബ്രറിയെ സംരക്ഷിക്കേണ്ടതും നഗരസഭ ലൈബ്രറിയുടെ നിലവിലെ അവസ്ഥ പരിഹരിക്കപ്പെടേണ്ടതുമാണ്.

## 1-43 കേന്ദ്രഫണ്ടുകളുടെ സ്ഥിതി വിവരം സംബന്ധിച്ച്.

**കേന്ദ്രഫണ്ടുകളുടെ നഗര ഉപജീവന മിഷൻ (NULM)**

നഗരപ്രദേശങ്ങളിലെ ദരിദ്രരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും ദാരിദ്ര്യലഘൂകരണത്തിനും വേണ്ടി നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃതപദ്ധതിയാണ് ദേശീയ നഗര ഉപജീവന മിഷൻ. ഫണ്ടിന്റെ സഹായത്തോടെ സ്വയം തൊഴിൽ സംരംഭകർ, സ്വയം സഹായ സംഘങ്ങൾ, നൈപുണ്യ പദ്ധതി പ്രകാരം അപേക്ഷകരെ തെരഞ്ഞെടുത്ത് തൊഴിൽ പരിശീലനം നൽകി സ്വയം പര്യാപ്തമാക്കുന്നതിനും തുക ചെലവഴിക്കുന്നുണ്ട്. നിലവിൽ NULMന്റെ ഐ.സി.ഐ.സി.ഐ.യുടെ അക്കൗണ്ടിൽ (A/c No- 117105500107) 1315284/-രൂപ നീക്കിയിരിപ്പുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് ലഭിച്ച മറുപടിയിൽ 1315284/-രൂപ 2019-20 വർഷത്തേക്ക് അനുവദിച്ചിട്ടുള്ളതാണെന്നും അറിയിച്ചു. ടി തുകയിൽ നിന്നും 960000/- രൂപ കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് റിവോൾവിംഗ് ഫണ്ടിനത്തിൽ അനുവദിച്ചിട്ടുള്ളതും തുക പബ്ലിക്ക് ഫിനാൻസ് മാനേജ്മെന്റ് വഴി കൈമാറേണ്ടതാണെന്നും മറുപടി നൽകി. സാങ്കേതിക പ്രശ്നം പരിഹരിക്കുന്നതിന് സമയം അനുവദിച്ചിട്ടുള്ളതിനാലാണ് തുക അക്കൗണ്ടിൽ നിലനിൽക്കുന്നതെന്നും മറുപടിലഭ്യമാക്കി. തുക യഥാസമയം കുടുംബശ്രീകൾക്ക് വിതരണം ചെയ്യേണ്ടതാണ്.

**സ്വച്ഛഭാരത് മിഷൻ**

നഗരപ്രദേശങ്ങളിൽ വീടുകളിലും പൊതുസ്ഥലങ്ങളിലും ശൗചാലയങ്ങൾ നിർമ്മിക്കുന്നതിനും ഖരമാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കുംവേണ്ടി കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് സ്വച്ഛഭാരത് മിഷൻ. 2018-19 വർഷം അക്കൗണ്ടിൽ നിന്നും 425 ഗുണഭോക്താക്കൾക്ക് ശൗചാലയം നിർമ്മിക്കുന്നതിന് 15400/- രൂപ വീതം ചെലവഴിച്ചിട്ടുണ്ട്. മാലിന്യസംസ്കരണ പദ്ധതിക്കുവേണ്ടി 94350/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഐ സി ഐ സി ഐ ബാങ്കിന്റെ കറന്റ് അക്കൗണ്ടിൽ (A/c No.117105000389) 31.3.19ൽ 3900456/-രൂപയും സേവിങ്ങ്സ് അക്കൗണ്ടിൽ (A/c No-1171000589) 375675/-രൂപയും ശേഷിക്കുന്നുണ്ട്. 2019-20 വർഷം മൂന്ന് ചെക്കുകളിലായി 123465/- രൂപ ശുചിത്വ മേഖലയുമായി ബന്ധപ്പെട്ട വിവിധ പദ്ധതികൾക്ക് ചെലവഴിച്ചിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് (44) മാലിന്യസംസ്കരണ പദ്ധതി പ്രവർത്തനങ്ങൾക്ക് 2018-19 വർഷം അനുവദിച്ചിട്ടുള്ള തുകയാണെന്ന് മറുപടി ലഭിച്ചു. ഖരമാലിന്യസംസ്കരണ പ്രവർത്തനങ്ങൾക്ക് ചെലഴിച്ച തുകയുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-44 മാലിന്യ സംസ്ക്കരണം - അവലോകനം.

നഗരസഭ അഭിമുഖീകരിക്കുന്ന പ്രധാന വിഷയമാണ് മാലിന്യ സംസ്കരണം. 1994 ലെ കേരള മുൻസിപ്പാലിറ്റി നിയമം 30(1) വകുപ്പ് പട്ടിക (എ) ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കൈയൊഴിക്കുകയും ദ്രവമാലിന്യങ്ങൾ ക്രമീകരിക്കുകയും ചെയ്യുന്നത് അനിവാര്യ ചുമതലയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ശാസ്ത്രീയമായ മാലിന്യ സംസ്കരണ പരിപാലനം നഗരസഭ നടപ്പാക്കിയിട്ടില്ല എന്ന് 23.01.219ന് നടത്തിയ പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. ഹരിത കർമ്മസേന മുഖേന നഗരസഭ പരിധിയിലുള്ള വീടുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ശേഖരിക്കുന്ന ജൈവ/ അജൈവ മാലിന്യങ്ങൾ മെറ്റീരിയൽ കളക്ഷൻ സെന്ററിൽ എത്തിച്ച് തരംതിരിച്ച് പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റിൽ പൊടിച്ചും മറ്റ് പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ തരംതിരിച്ചും കളക്ഷൻ സെന്ററിൽ സൂക്ഷിച്ചിട്ടുണ്ട്. ഈ അജൈവമാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് നഗരസഭ നാളിതുവരെ ഒരുനടപടിയും സ്വീകരിച്ചിട്ടില്ല. ക്ലീൻ കേരള കമ്പനി, മറ്റ് സർക്കാർ അംഗീകൃത ഏജൻസികളുമായി നഗരസഭ കരാറിൽ ഏർപ്പെട്ടിട്ടില്ല.

മാലിന്യ സംസ്കരണ കേന്ദ്രത്തിൽ ജൈവമാലിന്യങ്ങൾ തരംതിരിച്ച് സംസ്കരിക്കുന്നതിന് തുമ്പൂർമുഴിമോഡൽ മാലിന്യ സംസ്കരണ യൂണിറ്റുകൾ 18 എണ്ണം സ്ഥാപിച്ചിട്ടുണ്ടെങ്കിലും പ്രാഥമിക പ്രവൃത്തികൾ മാത്രമേ പൂർത്തികരിച്ചിട്ടുള്ളു. യൂണിറ്റ് പൂർണ്ണമായും പ്രവർത്തന സജ്ജമായിട്ടില്ല. നഗരസഭ ബിച്ച്ഗ്രൗണ്ടിൽ നിരവധി മേളകളും, ഫെസ്റ്റുകളും നടത്തുന്നുണ്ടെങ്കിലും മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള സൗകര്യങ്ങൾ

ഏർപ്പെടുത്തിയിട്ടില്ല. ഇത് പ്രദേശവാസികൾക്ക് വളരെ ബുദ്ധിമുട്ട് ഉണ്ടാക്കുന്നു. പൊതുശൗചാലയ സമുച്ചയം ഗ്രൗണ്ടിൽ നിർമ്മിച്ചിട്ടില്ല.

2017-18 വർഷം പ്രോജക്ട് നമ്പർ 6/18 പ്രകാരം മാലിന്യനിക്ഷേപത്തിനായി 164 ബിന്നുകൾ വാങ്ങി സൂക്ഷിച്ചിട്ടുണ്ട്. ഈ വിഷയം എക്സിറ്റ് മീറ്റിങ്ങിലവതരിപ്പിച്ചപ്പോൾ പ്ലാസ്റ്റിക്കിതര മാലിന്യങ്ങളും നിക്ഷേപിക്കുന്നതിനാലാണ് ബിന്നുകൾ തുറന്ന് കൊടുക്കാത്തതെന്നും പ്ലാസ്റ്റിക്ക് ഷ്രെഡിങ്ങ് യൂണിറ്റ് പ്രവർത്തനസജ്ജമാകുന്ന മുറയ്ക്ക് ബിന്നുകൾ തുറന്ന് നൽകുന്നതാണെന്നും അറിയിച്ചു. എന്നാൽ ഇവ വാർഡുകളിൽ സ്ഥാപിച്ചതായി കാണുന്നില്ല. മുൻസിപ്പാലിറ്റി നിയമം സെക്ഷൻ 334(സി) പ്രകാരം നഗരസഭ പ്രദേശത്തുണ്ടാകുന്ന മാലിന്യങ്ങൾ, പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി നഗരസഭയിൽ മാലിന്യ നിർമ്മാർജനഫണ്ട് രൂപീകരിച്ച് മാലിന്യ നിർമ്മാർജനവുമായി ബന്ധപ്പെട്ട് ഈടാക്കുന്ന ഫീസും മാലിന്യ സംസ്കരണ ആവശ്യത്തിലേക്കായി സർക്കാർ ഏജൻസികൾ അനുവദിക്കുന്ന തുകയും വരവുവെക്കേണ്ടതും ആയത് നിർണ്ണയിക്കപ്പെടുന്ന പ്രകാരം കൈകാര്യം ചെയ്യേണ്ടതുമാണ്. ഇപ്രകാരം മാലിന്യ നിർമ്മാർജന ഫണ്ട് രൂപീകരിച്ചിട്ടില്ല.

ഓരോ പ്രദേശത്തുള്ള കുടുംബങ്ങൾക്കും സ്ഥാപനങ്ങൾക്കും മാലിന്യ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കാൻ സബ്സിഡി നൽകാവുന്നതാണ്. മാലിന്യ സംസ്കരണ പദ്ധതികൾ ഹരിതകേരള മിഷനുമായി സംയോജിപ്പിച്ച് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ജൈവമാലിന്യങ്ങൾ ജൈവവള ഉത്പ്പാദനത്തിനും ഊർജ്ജഉത്പ്പാദനത്തിനും ഉപയുക്തമാകുന്ന തരത്തിലുള്ള പ്രോജക്റ്റുകൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അജൈവമാലിന്യങ്ങൾ പുന:ചംക്രമണ വിധേയമാക്കുന്നതിനുള്ള സൗകര്യങ്ങൾ ഉൾപ്പെടുത്തി ക്ലീൻ കേരള കമ്പനി, ശുചിത്വ മിഷൻ എന്നിവയുടെ സാങ്കേതിക സഹായത്തോടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-45 പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിക്കുന്നു.

നഗരസഭയിലെ വിവിധ ഫയലുകൾ/പ്രോജക്ടുകൾ എന്നിവ പരിശോധിച്ചതിൽ ആവർത്തന സ്വഭാവമുള്ള ചെലവുകൾ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് പകരം വികസന ഫണ്ടിൽ നിന്നും പദ്ധതിയിൽ ഉൾപ്പെടുത്തി തുക ചെലവഴിക്കുന്നതായി കാണുന്നു.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ, ഫണ്ട് | ചെലവ് | നിർവ്വഹണോദ്യോഗസ്ഥൻ |
|---|---|---|---|---|
| 330/19 | ശുചീകരണ വാഹനങ്ങളുടെ ഇന്ധനം, റിപ്പയറിംഗ് (സ്പിൽ ഓവർ) | 13082 വികസനഫണ്ട് | 13082 ബിൽ നമ്പർ 8/18-19,25.10.18 | പ്രോജക്ട് ഓഫീസർ, ദാരിദ്രനിർമ്മാർജ്ജനം |
| 71/19 | ശുചീകരണ വാഹനങ്ങളുടെ ഇന്ധനം ,റിപ്പയറിംഗ് | 120000 വികസനഫണ്ട് | 83839 ബിൽ നമ്പർ 12/18-19, 9.11.18-5200 23/18-19,1.3.19-71799 38/18-19,16.3.19-6840 | പ്രോജക്ട് ഓഫീസർ, ദാരിദ്രനിർമ്മാർജ്ജനം |
| 33/19 | സമഗ്രആരോഗ്യപരിപാലനം | 1334000 വികസനഫണ്ട് | 1334000 ബിൽ നമ്പർ 2/18-19,26.6.18-27600 3/18-19,23.8.18-218220 | പ്രോജക്ട് ഓഫീസർ, ദാരിദ്രനിർമ്മാർജ്ജനം |

| | | | | |
|---|---|---|---|---|
| | | | 10/18-19,30.10.18-98000<br>13/18-19,13.12.18-225180<br>14/18-19,17.12.18-412160<br>39/18-19,16.3.19-40467<br>27/18-19,23.2.19-312273 | |
| 331/19 | സമഗ്രആരോഗ്യപരിപാലനം (സ്പിൽ ഓവർ) | 71338 വികസനഫണ്ട് | 57600<br>ബിൽ നമ്പർ<br>5/18-19,26.9.18 | പ്രോജക്റ്റ് ഓഫീസർ, ദാരിദ്രനിർമ്മാർജ്ജനം |
| | ആകെ | | 1488521 | |

12-ാം പദ്ധതി മാർഗരേഖ (GO(MS)17/2018/LSGD/02.02.2018) ഖണ്ഡിക 7.1സി - 'മാലിന്യ സംസ്കരണം, ശുചിത്വം' - പ്രകാരം മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട ആവർത്തന സ്വഭാവമുള്ള ചെലവുകൾക്ക് വേണ്ട തുക തനത് ഫണ്ടിൽ നിന്നും വകയിരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ശുചീകരണ വാഹനങ്ങളുടെ റിപ്പയറിംഗ്, ഇന്ധനച്ചെലവ് എന്നിവ 330/19,71/19 എന്നീ പ്രോജക്ടുകളിലുൾപ്പെടുത്തി വികസനഫണ്ടിൽ നിന്നാണ് ചെലവ് ചെയ്തിരിക്കുന്നത്. കൂടാതെ ജി.ഒ(എം.എസ്) 22/18/ത.സ്വ.ഭ.വ തീയതി 14.2.18 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയുടെ അനുബന്ധവിഷയങ്ങളിലെ ഖ. 8.10 പ്രകാരം ശമ്പളം, ഹോണറേറിയം എന്നിവ പ്രോജക്ടിൽ തുക വകയിരുത്തി ചെലവഴിക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രോജക്റ്റ് നം. 33/19,331/19-സമഗ്ര ആരോഗ്യ പരിപാലനം - എന്ന പദ്ധതിയിൽ ശുചീകരണ ജോലികൾക്കായി നിയോഗിക്കുന്ന CLR തൊഴിലാളികളുടെ വേതനം മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനം, ശുചീകരണസാമഗ്രികൾ വാങ്ങൽ എന്നീ ഇനങ്ങളിൽ ഉൾപ്പെടുത്തി വികസന ഫണ്ടിൽ നിന്നാണ് ചെലവ് ചെയ്തിരിക്കുന്നത്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 37) നൽകുകയുണ്ടായി. നഗരസഭയുടെ സാമ്പത്തിക പരാധീനത മൂലമാണ് ടി പ്രോജക്ടിന് വികസനഫണ്ട് വിനിയോഗിക്കേണ്ടിവന്നതെന്നാണ് മറുപടി ലഭ്യമായത്. മാത്രമല്ല ഇപ്രകാരം തുക വിനിയോഗിക്കുന്നതിന് അനുവാദം ആവശ്യപ്പെട്ട് 9.10.18 തീയതിയിൽ എച്ച്1 4307/18 നമ്പർ കത്ത് മുഖേന നഗരസഭ സർക്കാരിലേക്ക് കത്തെഴുതിയിട്ടുമുണ്ട്. എന്നാൽ നാളിതുവരെ സർക്കാർ അനുമതി ലഭ്യമായിട്ടില്ല. പ്രത്യേക അനുമതി ലഭിക്കാത്തതിനാൽ 14,88,521/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-46 സ്കൂളുകൾ ശാക്തീകരണപദ്ധതി -2017-18 മുതൽ ലഭ്യമായ 17,10,000/-രൂപ നാളിതുവരെ ചെലവഴിച്ചിട്ടില്ല.

ആർ.എം.എസ്.എ പദ്ധതിയുടെ ഭാഗമായി നഗരസഭയുടെ നിയന്ത്രണപരിധിയിലുള്ള സർക്കാർ സ്കൂളുകളുടെ ശാക്തീകരണത്തിനായി 2017-18, 2018-19 വർഷങ്ങളിലായി ചുവടെ ചേർക്കുംപ്രകാരം തുക അനുവദിച്ചിരുന്നു. ഇതിന്റെ ഭാഗമായി ആവിഷ്കരിച്ച വിവിധ പ്രോജക്ടുകൾക്ക് മുൻകൂറായി ആകെ 17,10,000/- രൂപ ലഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് | അനുവദിച്ച തുക | മുൻകൂർ ലഭിച്ചത് |
|---|---|---|
| 361/17-18<br>ഗവ.ബോയ്സ് ഹയർസെക്കന്ററി സ്കൂളിൽ സയൻസ് ലാബ്, ആർട്സ് & കൾച്ചറൽ റൂം നിർമ്മാണം | 11,10000/- | 5,55000/- |
| 362/17-18 | 18,10000/- | 905000 |

| | | |
|---|---|---|
| ഗവ.എച്ച്.എസ്.എസ്.വൈക്കം വെസ്റ്റിന് സയൻസ്, ആർട്സ് & കൾച്ചറൽ റൂം നിർമ്മാണം | | |
| 389/18-19<br>ഗവ.ഗേൾസ് എച്ച്.എസ്.എസിന് സയൻസ് ആർട്സ് & കൾച്ചറൽ മുറി നിർമ്മാണം | 500000/- | 250000/- |
| ആകെ | | 17,10,000 |

ആകെ 17,10,000/-രൂപ മുൻകൂറായി ലഭിച്ചത് സെക്രട്ടറിയുടെ പേരിൽ ഫെഡറൽ ബാങ്കിലുള്ള അക്കൗണ്ടിൽ (നം-10960100119661) നിക്ഷേപിച്ചിട്ടുണ്ട്. പദ്ധതികൾ നടപ്പാക്കാത്തത് സംബന്ധിച്ച് ആദ്യപ്രോജക്ടിന് സാങ്കേതികാനുമതി ലഭിച്ചില്ലെന്നും രണ്ടാമത്തെ പ്രോജക്ട് ആരും ടെൻഡർ സമർപ്പിക്കാത്തതിനാലുമാണ് നടപ്പാക്കാതിരുന്നതെന്നും ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയുണ്ടായി. 2018-19 വർഷം ഫണ്ട് ലഭ്യമായതനുസരിച്ച് ക്രനമ്പർ 3 പ്രകാരമുള്ള പ്രോജക്ട് ആവിഷ്കരിച്ചെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. നിശ്ചിത ഉദ്ദേശ്യത്തിനായി ലഭ്യമായ ഫണ്ട് വിനിയോഗിച്ച് പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതിലേക്കായി വിഷയം ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും നഗരസഭാ കൗൺസിലിന്റേയും ശ്രദ്ധയിൽപ്പെടുത്തുന്നു.

# 1-47 ഡംപിംഗ് യാർഡിൽ എയിറോബിക് കംപോസ്റ്റ് യൂണിറ്റ് - 12-ാം പദ്ധതിക്കാലത്ത് ആരംഭിച്ച പ്രോജക്ട് നാളിതുവരെ പ്രവർത്തനക്ഷമമായിട്ടില്ല.

നഗരസഭയുടെ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിനോടനുബന്ധിച്ചുള്ള ഡംപിംഗ് യാർഡിൽ ജൈവമാലിന്യസംസ്കരണം ലക്ഷ്യമാക്കി 12-ാം പദ്ധതിക്കാലത്ത് നിർമ്മാണമാരംഭിച്ച എയിറോബിക് കംപോസ്റ്റ് യൂണിറ്റിന്റെ നിർമ്മാണപ്രവർത്തനം നാളിതുവരെ പൂർത്തിയാക്കി യൂണിറ്റ് പ്രവർത്തനക്ഷമമാക്കിയിട്ടില്ല. യൂണിറ്റ് കൂടുതൽ വിപുലപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനുമായി വികസനഫണ്ടിൽനിന്നും 400000/-രൂപ വകയിരുത്തി 2017-18 പദ്ധതിയിൽ പ്രോജക്ട് ആവിഷ്കരിച്ചിരുന്നു. എന്നാൽ തൻവർഷം പ്രോജക്ട് നടപ്പാക്കിയില്ല. 2018-19-ൽ സ്പിൽ ഓവറായി പ്രോജക്ടിന് അംഗീകാരം ലഭിച്ചതനുസരിച്ച് എസ്റ്റിമേറ്റനുസരിച്ചുള്ള പണികൾ ഭാഗികമായി മാത്രം നടപ്പാക്കിയിട്ടുണ്ട്. ആയതിലേക്ക് 167855/-രൂപ ചെലവഴിച്ചിട്ടുണ്ട് (ബിൽനമ്പർ -36/27-6-18). സ്ഥലസന്ദർശനത്തിൽ നിലവിൽ യൂണിറ്റുകളുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിലും മുൻപദ്ധതിക്കാലത്ത് നിർമ്മിച്ചവപോലും പ്രവർത്തനക്ഷമമാക്കത്തക്ക തരത്തിൽ പൂർത്തീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല. അഷ്ടമിയോടനുബന്ധിച്ചും മറ്റും നഗരസഭാപ്രദേശത്ത് കൂടുതലായുണ്ടാകുന്ന മാലിന്യപ്രശ്നത്തെ നേരിടുന്നതിന് യൂണിറ്റ് പ്രവർത്തനക്ഷമമാക്കേണ്ടത് അത്യാവശ്യമാണ്. ആയതിനാൽ പ്രോജക്ടിന്റെ നിർമ്മാണ/നവീകരണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തി കംപോസ്റ്റ് യൂണിറ്റ് പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. നഗരസഭാകൗൺസിലിന്റെ ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

# 1-48 ഡെപ്പോസിറ്റ് പ്രവൃത്തികൾ- നിർവ്വഹണ ഏജൻസികൾ കരാർ വ്യവസ്ഥകൾ പാലിക്കുന്നില്ല

2018-19 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനായി വാട്ടർ അതോറിറ്റി കടുത്തുരുത്തി ഡിവിഷനിലും സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കലിനായി കെ.എസ്.ഇ.ബി. വൈക്കം ഡിവിഷനിലും ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള തുകകൾ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഫയൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് | 345/18-19<br>സ്ട്രീറ്റ് ലൈൻവലിക്കൽ |
| അടങ്കൽ | 1137035/-<br>(ധനകാര്യക്കമ്മീഷൻഗ്രാന്റ്) |
| | |

| | |
|---|---|
| ചെലവ് | 1137035/- |
| **ബിൽ നമ്പർ** | 133/29-11-18 |
| കരാർതീയതി | 1/AE/VKMMC/18-19/22-10-18 |

മേൽപ്രോജക്ടിന്റെ ഭാഗമായി 22-10-18-ൽ നിർവ്വഹണോദ്യോഗസ്ഥൻ കെ.എസ്.ഇ.ബി.യുമായി കരാറിലേർപ്പെടുകയും 29-11-18-ൽ തുക സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് നൽകുകയും ചെയ്തു.

കെ.എസ്.ഇ.ബി.യുമായുള്ള കരാറിലെ 1-ഉം 2-ഉം വ്യവസ്ഥകളനുസരിച്ച് 1-12-18-ൽ പ്രവൃത്തി ആരംഭിക്കേണ്ടതും 2019 ഫെബ്രുവരി മാസം 28-ാം തീയതി പ്രവൃത്തി പൂർത്തിയാക്കേണ്ടതും പണി പൂർത്തിയാക്കി രണ്ടാഴ്ചയ്ക്കകം പൂർത്തീകരണ സർട്ടിഫിക്കറ്റ്, പെർഫോമൻസ് റിപ്പോർട്ട് എന്നിവ നഗരസഭയ്ക്ക് നൽകേണ്ടതുമാണ്. തുക ട്രാൻസ്ഫർ ചെയ്ത വിവരം കെ.എസ്.ഇ.ബി.യെ അറിയിക്കുകയും എഗ്രിമെന്റ് പ്രകാരം പ്രവൃത്തി പൂർത്തിയാക്കി വിനിയോഗസർട്ടിഫിക്കറ്റ് നൽകണമെന്ന് 4-12-18-ലെ E3-345/18നമ്പർ കത്ത് പ്രകാരം കെ.എസ്.ഇ.ബി.യെ അറിയിക്കുകയും ചെയ്ത സാഹചര്യത്തിൽ, വൈദ്യുത ബോർഡിൽനിന്നും എസ്റ്റിമേറ്റ് പ്രകാരമുള്ള മെറ്റീരിയൽസ് കിട്ടുന്ന മുറയ്ക്ക് പ്രവൃത്തികൾ പൂർകരിക്കുന്നതാണെന്ന് 13-12-18-ൽ കെ.എസ്.ഇ.ബി-രേഖാമൂലം അറിയിച്ചതായി കാണുന്നു. ഇത് കരാറിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. മാത്രമല്ല നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ച് പൂർത്തീകരണ സാക്ഷ്യപത്രം കെ.എസ്.ഇ.ബി.യിൽ നിന്നും ലഭിച്ചിട്ടുമില്ല.

| | |
|---|---|
| പ്രോജക്ട് | 346/18-19<br>പൈപ്പ് ലൈൻ ദീർഷിപ്പിക്കൽ |
| വകയിരുത്തൽ | 830000/- |
| ചെലവ് | 830000/- |
| **ബിൽ നമ്പർ** | 175/31-12-18 |
| **കരാർ** | 40/AE/LSGD/VKM/18-19/ 29-12-18 |

നഗരസഭയുടെ 26 വാർഡുകളിലേയും വിവിധ സ്ഥലങ്ങളിൽ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റ് അനുസരിച്ചുള്ള 8,30,000/- രൂപ വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എൻജിനീയർ, പി.എച്ച്. ഡിവിഷൻ, കടുത്തുരുത്തിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിരുന്നു. വാട്ടർ അതോറിറ്റിയിൽനിന്നും ലഭിച്ച വിനിയോഗവിവരം അനുസരിച്ച് 588171/-രൂപയേ ചെലവഴിച്ചിട്ടുള്ളൂ. ബാക്കിയുള്ള തുക 4-ാം വാർഡിലെ പുളിഞ്ചുവട്- പരുത്തിമൂട് റോഡിലെ പൊട്ടിയ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് ചെലവഴിക്കാവുന്നതാണെന്ന് കൗൺസിൽ തീരുമാനിക്കുകയും വാട്ടർ അതോറിറ്റിയുടെ വൈക്കം ഡിവിഷൻ ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയതനുസരിച്ച് എസ്റ്റിമേറ്റ് അനുസരിച്ചുള്ള പ്രവൃത്തികൾ നടത്താൻ വാട്ടർ അതോറിറ്റിക്ക് കത്ത് നൽകുകയും ചെയ്തു. എന്നാൽ ടി പ്രവൃത്തി നടപ്പാക്കിയതിന്റെ രേഖകൾ ലഭ്യമായിട്ടില്ല. മാത്രമല്ല ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക 1,81,000/- രൂപയാണെന്നിരിക്കെ ആയത് കിഴിച്ച് ബാക്കിയുള്ള 60,829/-വാട്ടർ അതോറിറ്റിയിൽനിന്നും തിരികെ ലഭിച്ചിട്ടുമില്ല.

വാട്ടർ അതോറിറ്റിയുമായുള്ള കരാറിലെ രണ്ടാമത്തെ വ്യവസ്ഥ അനുസരിച്ച് പണിപൂർത്തിയാക്കി രണ്ടാഴ്ചക്കുള്ളിൽ ഫൈനൽബില്ലിന്റെ പകർപ്പും, പെർഫോമൻസ് റിപ്പോർട്ടും പൂർത്തീകരണ സർട്ടിഫിക്കറ്റും വാട്ടർ അതോറിറ്റി നഗരസഭയ്ക്ക് നൽകേണ്ടതാണ്. എന്നാൽ മെറ്റീരിയൽ ചാർജ്, വർക്കിംഗ് ചാർജ്, മറ്റിനത്തിലുള്ള ചാർജ് എന്നീ ഇനങ്ങളിലായി ചെലവഴിച്ച ആകെ തുകയുടെ വിവരം മാത്രമേ വാട്ടർ അതോറിറ്റി ലഭ്യമാക്കിയിട്ടുള്ളൂ. ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടുമില്ല .

ഡെപ്പോസിറ്റ് പ്രവൃത്തികളുടെ സംഗതികളിൽ തുക കൈമാറുന്നതോടെ പദ്ധതി പ്രവർത്തനങ്ങൾ അവസാനിപ്പിക്കാതെ പ്രവൃത്തി നടപ്പാക്കുന്നത് സംബന്ധിച്ച് നിർവ്വഹണ ഏജൻസിയുമായി നിരന്തരം ബന്ധപ്പെടേണ്ടതും പുരോഗതി നഗരസഭ നിരീക്ഷിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടലുണ്ടാകേണ്ടത് അനിവാര്യമാണ്. പദ്ധതിനിർവ്വഹണവുമായി ബന്ധപ്പെട്ട് നിർവ്വഹണസ്ഥാപനവും നഗരസഭയും ഒപ്പുവയ്ക്കുന്ന കരാറുടമ്പടിയിലെ പല വ്യവസ്ഥകളും ലംഘിക്കപ്പെടുന്നത് നിർവ്വഹണ ഏജൻസിയുടെ ശ്രദ്ധയിൽപ്പെടുത്തി കരാർ കാലയളവിനുള്ളിലെ പൂർത്തീകരണം ഉറപ്പാക്കുന്നതിനും

ചെലവുതുകയുടെ വിശദമായ വിനിയോഗവിവരങ്ങൾ ലഭ്യമാക്കുന്നതിനും ബാലൻസ് തുക തിരികെ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-49 വൈക്കം സത്യാഗ്രഹ സ്മാരകമ്യൂസിയം - തുടർപരിപാലനം സംബന്ധിച്ച വ്യവസ്ഥകളിൽ വ്യക്തതയില്ല

സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ടും തിരുവിതാംകൂറിലെ സാമൂഹ്യവിപ്ലവുമായി ബന്ധപ്പെട്ടും വളരെയേറെ ചരിത്രപ്രാധാന്യമുള്ള വൈക്കം സത്യാഗ്രഹത്തിന്റെ സ്മരണാർത്ഥം ബോട്ട്ജെട്ടിക്ക് സമീപം നഗരസഭയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് നഗരസഭ പണികഴിപ്പിച്ചിരുന്ന സത്യാഗ്രഹ സ്മാരകകെട്ടിടത്തിൽ ഒരു മ്യൂസിയവും കെട്ടിടസമുച്ചയത്തിനു മുൻപിൽ ഗാന്ധിജിയുടെ പ്രതിമ സ്ഥാപിക്കുന്നതിനും സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന പുരാരേഖവകുപ്പിന്റെ നേതൃത്വത്തിൽ ഗാന്ധിജിയുടെ പൂർണ്ണകായപ്രതിമ നിർമ്മിക്കുകയും 2015 ആഗസ്റ്റ് മാസത്തിൽ രാഷ്ട്രത്തിന് സമർപ്പിക്കുകയും ചെയ്തിരുന്നു. ഇന്ത്യൻ സ്വാതന്ത്ര്യ സമരവും ജാതിവിവേചനത്തിനെതിരെ കേരളത്തിൽ നടന്ന സാമൂഹ്യവിപ്ലവുമായി ബന്ധപ്പെട്ടുമുള്ള രേഖകൾ ഉൾക്കൊള്ളിച്ചുകൊണ്ട് നഗരസഭയുടെ സഹകരണത്തോടുകൂടി വൈക്കം സത്യാഗ്രഹ സ്മാരകഹാളിൽ അന്താരാഷ്ട്രനിലവാരമുള്ള ഒരു മ്യൂസിയം നിർമ്മിക്കുന്നതിന് തീരുമാനിച്ചതുപ്രകാരം പിന്നീട് നടന്നിട്ടുള്ള ചർച്ചകളുടേയും തുടർനടപടികളുടെ ഭാഗമായി പുരാരേഖവകുപ്പിന് സത്യാഗ്രഹഹാളിൽ മ്യൂസിയം നിർമ്മിക്കുന്നതിനുള്ള സ്ഥലത്തിന് നഗരസഭ ഉപയോഗാനുമതി നൽകുകയും 2017 നവംബർ മാസം 7-ാം തീയതി പുരാരേഖവകുപ്പുമായി ധാരണാപത്രം ഒപ്പുവച്ച് മ്യൂസിയത്തിന്റെ പണി ആരംഭിക്കുകയും ചെയ്തു. ഓഡിറ്റ് കാലയളവിലാണ് മ്യൂസിയത്തിന്റെ പണി പൂർത്തീകരിച്ച് ഔപചാരികമായ ഉദ്ഘാടനകർമ്മം നടന്നത്. ധാരണാപത്രത്തിലെ വ്യവസ്ഥയനുസരിച്ച് മ്യൂസിയം സത്യാഗ്രഹസ്മാരകമന്ദിരമായി തുടർന്നറിയപ്പെടുന്നതും നഗരസഭയുടെ ഉടമസ്ഥതയിലായിരിക്കുന്നതുമാണ്. സ്മാരകമന്ദിരത്തിന്റെ നടത്തിപ്പുചുമതല, ജീവനക്കാരുടെ നിയമനം, അവരുടെ ശമ്പളം എന്നീ വിഷയങ്ങളിലും ധാരണാപത്രത്തിൽ വ്യക്തത വരുത്തിയിട്ടുണ്ട്. എന്നാൽ കെട്ടിടത്തിന്റെ തുടർപരിപാലനം സംബന്ധിച്ചുള്ള ധാരണാപത്രത്തിലെ വ്യവസ്ഥകൾ പൂർണ്ണമല്ല. കെട്ടിടത്തിന്റെ വാർഷിക അറ്റകുറ്റപ്പണികളും പുതുക്കിപ്പണികളും നഗരസഭ നടത്തണം എന്നുമാത്രമേ പരാമർശിച്ചിട്ടുള്ളൂ. നിരവധി എയർകണ്ടീഷണറുകളും വൈദ്യുത ഉപഭോഗം കൂടുതലുള്ള മറ്റ് സംവിധാനങ്ങളും സജ്ജീകരിച്ചിട്ടുണ്ടെങ്കിലും വൈദ്യുതചാർജ്, ജലലഭ്യത, ആയതിനുള്ള ചെലവ്, തുടങ്ങിയ ആവർത്തനചെലവുകൾ സംബന്ധിച്ച് ധാരണാപത്രത്തിൽ ഒന്നും പരാമർശിച്ചിട്ടില്ല.

പെൻഷൻ, ജീവനക്കാരുടെ ശമ്പളറിക്കവറികൾ, സർക്കാർ/ഇതരസ്ഥാപനങ്ങളിൽ അടവാക്കാനുള്ള തുകകൾ തുടങ്ങിയ ഇനങ്ങളിലായി കോടികളുടെ സാമ്പത്തിക ബാധ്യതയും വരവിനേക്കാൾ അധികമായ ചെലവും മൂലം സാമ്പത്തിക പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുന്ന നിലവിലെ അവസ്ഥയിൽ സത്യാഗ്രഹസ്മാരകമന്ദിരത്തിന്റെ പരിപാലനച്ചെലവുകൾ പൂർണ്ണമായും നഗരസഭ സ്വന്തം നിലയിൽ വഹിക്കേണ്ടിവരുന്നത് നഗരസഭയുടെ സാമ്പത്തികസ്ഥിതി കൂടുതൽ വഷളാക്കുകയേ ഉള്ളൂ. ആയതിനാൽ ഈ വിഷയത്തിൽ നഗരസഭയുടെ സാമ്പത്തികസ്ഥിതിയും താൽപ്പര്യവും സംരക്ഷിക്കത്തക്ക തരത്തിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തി സമയോചിതമായി ധാരണാപത്രം പുതുക്കാവുന്നതാണ്. ആയതിലേക്ക് നഗരസഭാ കൗൺസിലിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-50 തെരുവുവിളക്ക് മെയിന്റനൻസ്- സർക്കാർ ഉത്തരവുകളും മാർഗ്ഗരേഖാനിർദ്ദേശങ്ങളും പാലിച്ചിട്ടില്ല - ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് | 36/18-19<br>തെരുവുവിളക്ക് മെയിന്റനൻസ് |
| അടങ്കൽ | 1000000 |
| കരാറുകാരൻ | ശ്രീ.രവിവർമ്മ, പടിഞ്ഞാറേക്കര |
| | |

| | |
|---|---|
| റ്റി.എസ് നമ്പർ | 40/EE/EL/LSGD/18-19/20-7-18 |
| കരാർതുക | 948836/- |
| ചെലവ് | 524144<br><br>337879 (ക്യൂബിൽ)<br><br>862023 |
| ബിൽനമ്പർ | 223/31-1-19, |

നഗരസഭയുടെ 26 വാർഡുകളിലും കേടായ തെരുവുവിളക്കുകൾ മെയിന്റനൻസ് നടത്തുന്നതിനായി ധനകാര്യകമ്മീഷൻ ഗ്രാന്റ് വകയിരുത്തി ആവിഷ്കരിച്ച മേൽപ്രോജക്ടിന്റെ ഭാഗമായി ടെൻഡർ നടപടികൾ സ്വീകരിക്കുകയും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ (1%കുറവ്) ശ്രീ.രവിവർമ്മ, പടിഞ്ഞാറേക്കര എന്ന കരാറുകാരന് പ്രവൃത്തി ഏൽപ്പിച്ചു നൽകുകയും ചെയ്തു. പ്രോജക്ട് പ്രകാരം 2017-18, 2018-19 വർഷങ്ങളിലായി ആകെ 8,62,023/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ പ്രോജക്ട് നിർവ്വഹണത്തിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1)കരാറുകാരൻ വൈദ്യുതപോസ്റ്റുകളിൽ വിളക്കുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് കെ.എസ്.ഇ.ബി-യുടെ മുൻകൂർ അനുമതി വാങ്ങിയിട്ടില്ല.

2)പ്രവൃത്തിയുടെ അംഗീകരിച്ച എസ്റ്റിമേറ്റിലെ ഒന്നാമത്തെ ഇനം അനുസരിച്ച് നഗരസഭയുടെ വിവിധ വാർഡുകളിൽ കെ.എസ്.ഇ.ബി-യുടെ ഉടമസ്ഥതയിലുള്ള ഇലക്ട്രിക് പോസ്റ്റുകളിൽ സ്ഥാപിച്ചിരുന്നതും പ്രവർത്തന രഹിതമായിരുന്നതുമായ വിവിധ തരത്തിലുള്ള തെരുവുവിളക്കുകളും (എൽ.ഇ.ഡി വിളക്കുകൾ, ട്യൂബ് ലൈറ്റുകൾ, എസ്.വി ലാമ്പുകൾ, സി.എഫ് ലാമ്പുകൾ മുതലായ) അനുബന്ധ ഉപകരണങ്ങളും നന്നാക്കി സ്ഥാപിക്കുന്നതിന് ഒരുദിവസം 5902.78/-രൂപ പ്രകാരം ആകെ 144 ദിവസത്തെ പ്രവൃത്തിക്ക് 850000/- രൂപയെന്ന് കണക്കാക്കിയിട്ടുണ്ട്. ആയതനുസരിച്ച് അളവുപുസ്തകപ്രകാരം തുക അനുവദിച്ചതായും കാണുന്നു. എന്നാൽ ഒരു ദിവസത്തെ കൂലി 5902.78 രൂപയെന്ന് നിർണ്ണയിച്ചിട്ടുള്ളത് എപ്രകാരമാണെന്ന് വ്യക്തമല്ല. മാത്രമല്ല ഓരോ ദിവസവും നന്നാക്കിയ ലൈറ്റുകളുടെ എണ്ണം, ലോക്കേഷൻ പോസ്റ്റ് നമ്പർ തുടങ്ങിയ വിശദാംശങ്ങളും വ്യക്തമാക്കിയിട്ടില്ല.

3) ഇനം രണ്ട് പ്രകാരം നിലവിലുള്ള 4 ഹൈമാസ്റ്റ് ലൈറ്റ് പോസ്റ്റുകളിലെ ഹാലജൻ ബൾബുകൾക്കുപകരം വൈദ്യുത ഉപഭോഗം കുറഞ്ഞതും തീവ്രപ്രകാശമുള്ളതുമായ എൽ.ഇ.ഡി ഫ്ളഡ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് ലൈറ്റ് ഒന്നിന് 27105/-രൂപ നിരക്കിൽ 108420/- രൂപ നിർണ്ണയിച്ച് തുക അനുവദിച്ചിട്ടുമുണ്ട്. എന്നാൽ പ്രസ്തുത വിളക്കുകളുടെ പർച്ചേയ്സ്ബില്ലുകൾ ഹാജരാക്കിയിട്ടില്ല. വിളക്കുകൾ സ്ഥാപിച്ചതിന്റെ വിവരങ്ങളും ലഭ്യമായിട്ടില്ല. കൂടാതെ ഇവ സ്ഥാപിക്കുന്നതിന് മുൻപ് പോസ്റ്റുകളിലുണ്ടായിരുന്നതും നീക്കം ചെയ്തതുമായ വിളക്കുകളുടെ വിവരവും ഇല്ല.

4) നഗരസഭാ പ്രദേശത്തെ മുഴുവൻ തെരുവുവിളക്കുകളുടേയും വിവരങ്ങൾ പോസ്റ്റ്നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തിയ തെരുവുവിളക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

5) ഓരോ വാർഡിലും കേടായ വിളക്കുകളുള്ള പോസ്റ്റുകൾ ഏതെല്ലാമാണെന്നും തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ട സ്ഥലം, പോസ്റ്റ് നമ്പർ, വിളക്കുകളുടെ എണ്ണം, സ്ഥാപിക്കുന്നതിനാവശ്യമായ അനുബന്ധ സാമഗ്രികൾ എന്നിവ സംബന്ധിച്ച് കെ.എസ്.ഇ.ബി.യുടെ സഹകരണത്തോടെ സംയുക്ത പരിശോധന നടത്തി എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

6) ഓരോ വാർഡിലും ഏതൊക്കെ പോസ്റ്റുകളിലാണ് വിളക്കുകൾ സ്ഥാപിച്ചിട്ടുള്ളതെന്നും പ്രവൃത്തികൾ വിജയകരമയി പൂർത്തീകരിച്ചിട്ടുണ്ടെയെന്നും മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ചെയ്തിട്ടില്ല.

7) പ്രവൃത്തി എല്ലാ വാർഡുകളിലും തൃപ്തികരമായി പൂർത്തീകരിച്ചതായി വാർഡ് കൗൺസിലർമാർ റിപ്പോർട്ട് ചെയ്തിട്ടില്ല. അക്കാരണത്താൽത്തന്നെ ഫൈനൽബിൽ പ്രകാരം കരാറുകാരന് അനുവദിക്കേണ്ട തുകയുടെ 70% മാത്രമേ അനുവദിച്ചിട്ടുള്ളൂ.

8)തെരുവുവിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ രേഖപ്പെടുത്തുന്നതിനുള്ള പരാതി പുസ്തകവും ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ഇതിന്റെ അഭാവം മൂലം പുതിയ തെരുവുവിളക്കുകൾ വാങ്ങുന്നതിന്റേയും പഴയ തെരുവുവിളക്കുകളുടെ അറ്റകുറ്റപണിയുടെയും ആവശ്യകതയും കൃത്യതയും സുതാര്യതയും ഓഡിറ്റിൽ വിലയിരുത്തുന്നതിനും സാധിച്ചിട്ടില്ല.

9)മെയ്ന്റനൻസിനായി വാങ്ങുന്ന തെരുവുവിളക്ക് ഉപകരണങ്ങളുടെ ഗുണനിലവാരം പരിശോധിച്ചുറപ്പു വരുത്തുകയോ ഉപകരണങ്ങളുടേയും പ്രവൃത്തിയുടേയും വാറന്റി സംബന്ധിച്ച് പ്രോജക്ട് ഫയലിൽ പരാമർശിക്കുകയോ ചെയ്തിട്ടില്ല.

മേൽ അപാകതകൾക്ക് രേഖാമൂലം വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും (എൻക്വയറി നമ്പർ 39/22.01.2020) അപാകതകൾ സംബന്ധിച്ച് പൂർണ്ണമായ മറുപടി രേഖാമൂലം ലഭ്യമാക്കിയില്ല.

പശ്ചാത്തലമേഖലയിൽ തെരുവുവിളക്കു പരിപാലനത്തിനായി ഓരോ വാർഷികപദ്ധതികളിലും ലക്ഷക്കണക്കിനു രൂപ ചെലവഴിക്കുന്നുണ്ടെങ്കിലും തുടർനിരീക്ഷണമില്ലാത്തതുമൂലം പ്രവർത്തനരഹിതമാകുന്ന വിളക്കുകൾ യഥാസമയം കണ്ടെത്തി വാറന്റി കാലയളവിനുള്ളിൽ അറ്റകുറ്റപ്പണി നടത്താൻ കഴിയാതെ വരുന്നു. ഓരോ വാർഷികപദ്ധതിയിലും അറ്റകുറ്റപ്പണികൾക്കായി തുക അധികമായി ചെലവഴിക്കേണ്ടി വരുന്നത് നരസഭയ്ക്ക് സാമ്പത്തിക നഷ്ടമുണ്ടാക്കുന്നു.

മേൽ സൂചിപ്പിച്ച അപാകതകൾ നിലനിൽക്കുന്നതിനാൽ തൻവർഷം തെരുവുവിളക്കുപരിപാലനത്തിനായി പ്രോജക്ട് പ്രകാരം നടത്തിയ 5,24,144/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതകൾ പരിഹരിച്ച് ആധികാരികരേഖകൾ സഹിതം വിവരം അറിയിക്കേണ്ടതും തടസ്സം ഒഴിവാക്കേണ്ടതുമാണ്.

തെരുവുവിളക്കുപകരണങ്ങൾ മെയിന്റനൻസ് നടത്തുകയും പുതിയവ സ്ഥാപിക്കുയും ചെയ്യുന്നത് ആധികാരിക ഡേറ്റ ആധാരമാക്കിയുള്ള എസ്റ്റിമേറ്റടിസ്ഥാനത്തിലും ഇതുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങൾ സർക്കാർ കാലാനുസൃതമായി പുറപ്പെടുവിക്കുന്ന ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായും ആണെന്ന് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ ഇതുമായി ബന്ധപ്പെട്ട പ്രോജക്ടുകളുടെ മേൽനിരീക്ഷണവും തുടർമോണിറ്ററിംഗും ശക്തമാക്കുന്നതിനും പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കപ്പെടുന്നതിനും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടലുണ്ടാകേണ്ടതുമാണ്.

## 1-51 കോഴി വളർത്തൽ പദ്ധതി അപാകതകൾ - 170000/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ടിന്റെ പേര്- കോഴി വളർത്തൽ

പ്രോജക്ട് നം -**(നം.S044/19 )**

അടങ്കൽ തുക **-175000/-**

നിർവ്വഹണോദ്യോഗസ്ഥ- വെറ്ററിനറി സർജൻ

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ കോഴി വളർത്തൽ 2018-19 (നം.S044/19 ) എന്ന പ്രോജക്ട് പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) 175000 രൂപ അടങ്കൽ ഉള്ള ടി പദ്ധതി പ്രകാരം ഒരു കോഴിയ്ക്ക് 100 രൂപ നിരക്കിൽ 10 കോഴിയ്ക്ക് 1000 രൂപയാണ് കണക്കാക്കിയത്. ഇതിൽ 500 രൂപ ഗുണഭോക്തൃവിഹിതമാണ്. 12 ചതുരശ്ര അടി വലിപ്പം ഉള്ള കോഴിക്കൂടും, കോഴിയുടെ വിലയിൽ വർദ്ധനവുണ്ടായാൽ ആ വർദ്ധനവ് ഗുണഭോക്താവ് വഹിയ്ക്കുകയും വേണം. എന്നാൽ പ്രോജക്ട് റിവൈസ് ചെയ്ത് നടപ്പാക്കിയപ്പോൾ ഒരു കോഴിയ്ക്ക് 100 രൂപ വെച്ച് 5 കോഴിയ്ക്ക് 500 രൂപയും, ഇതിൽ 250 രൂപ ഗുണഭോക്തൃവിഹിതവും എന്ന വിധത്തിൽ മാറ്റം വരുത്തി (87500/-രൂപ വികസന ഫണ്ട് വിഹിതവും 87500/-രൂപ ഗുണഭോക്തൃവിഹിതവും ആകെ 175000/-). സബ്സിഡി മാനദണ്ഡം സംബന്ധിച്ച മാർഗ്ഗരേഖ

പ്രകാരം (14/02/2018 ലെ സ.ഉ(കൈ)നം22/2018 തസ്വഭവ പ്രകാരം ശാസ്ത്രീയമായി തയ്യാറാക്കിയ ഹൈഡെൻസിറ്റി ഫ്രെയിം ഉപയോഗിച്ചുള്ള കൂട് വാങ്ങി നൽകണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ പ്രോജക്ട് റിവൈസ് ചെയ്ത് നടപ്പാക്കിയപ്പോൾ കൂട് നൽകാതെയാണ് പദ്ധതി നടപ്പിലാക്കിയത്. സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശഭരണസ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കാവുന്നതാണ്. പദ്ധതികൾ നടപ്പാക്കുമ്പോൾ മാനദണ്ഡങ്ങളിൽ വ്യത്യാസം വരുത്താതെ നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2)പദ്ധതി രേഖയ്ക്കൊപ്പം ഹാജരാക്കിയ ട്രഷറിയിൽ മാറിയ ബില്ലിന്റെ പകർപ്പിനൊപ്പം, കോഴികുഞ്ഞുങ്ങളെ നൽകിയ കൊച്ചിടശ്ശേരിൽ എഗ്ഗർ നഴ്സറിയുടെ യഥാർത്ഥ ബില്ലിന്റെ പകർപ്പ് ഹാജരാക്കിയിട്ടില്ല. ഹാജരാക്കിയ ബില്ലുകളിലും വാക്സിനേഷൻ സർട്ടിഫിക്കറ്റിലും ആകെ എത്ര കോഴിക്കുഞ്ഞുങ്ങളെ നൽകി എന്നോ, ബിൽ തീയതിയോ, കോഴികുഞ്ഞുങ്ങളുടെ വിലയോ, ഒന്നുമില്ലാതെ ഒപ്പ് മാത്രമിട്ട ബില്ലുകളാണ് നൽകിയിരിക്കുന്നത്. വാക്സിനേഷൻ സർട്ടിഫിക്കറ്റിൽ എത്ര കോഴികുഞ്ഞുങ്ങൾക്ക് വാക്സിനേഷൻ നൽകി, വില തുടങ്ങിയ വിവരങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല.

3) 4 രസീതുബുക്കുകൾ പ്രകാരം (26201-26241,25901-26600,26001-26100,26101-26200 ആകെ 340 രസീതുകൾ) 340 ഗുണഭോക്താക്കളിൽ നിന്നായി ആകെ 85000/- (39500+31250+14250) രൂപയാണ് ഗുണഭോക്തൃവിഹിതമായി സ്വീകരിച്ചിരിക്കുന്നത്. ഗുണഭോക്തൃവിഹിതത്തിൽ നിന്നും ചെക്ക് നം.112749/14.03.19 പ്രകാരം 40250 രൂപയും, ചെക്ക് നം.112760/14.03.19 പ്രകാരം 44750/-രൂപയും ചേർത്ത് ആകെ 85000/-രൂപ ശ്രീമതി എൽസി രാജു, കൊച്ചിടശ്ശേരിൽ എഗ്ഗർ നഴ്സറി എന്ന സപ്ളെയർക്ക് നൽകിയിട്ടുണ്ട് എന്ന് ക്യാഷ് ബുക്കിൽ നിന്നും മനസ്സിലാവുന്നുണ്ട്. ട്രഷറി ബില്ലുകൾ പ്രകാരം (39500/-28/01/2019, 28.02.2019ൽ 31250/-, 26/03/2019ൽ 14250/-രൂപയും ചേർത്ത് 85000/- രൂപ) എൽസി രാജു, 1952010001917 എന്ന ഫെഡറൽ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട് (ആകെ 85000+85000=170000/-). ടി തുക എത്ര കോഴികുഞ്ഞുങ്ങളുടെ വിലയായാണ് നൽകിയിരിയുക്കുന്നത് എന്ന് വ്യക്തവുമല്ല. എന്നാൽ പദ്ധതിയുടെ ചെലവ് പത്രിക പ്രകാരം പൊതുവിഭാഗം സാധാരണ വിഹിതത്തിൽ നിന്നും 70,750/- രൂപയും ഗുണഭോക്തൃവിഹിതത്തിൽ നിന്നും 44,750/- രൂപയും ചേർത്ത് 1,15,500/-രൂപയാണ് ആകെ ചെലവായിരിക്കുന്നത്. ചെലവ് പത്രികയും യഥാർത്ഥത്തിൽ നൽകിയ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 42/23-01-2019 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകളാൽ പദ്ധതിക്ക് വേണ്ടിയുള്ള 1,70,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-52 ജലസേചനകിണർ - സർക്കാർ മാർഗ്ഗരേഖകൾ പാലിച്ചില്ല

നിർവ്വഹണോദ്യോഗസ്ഥൻ – കൃഷി ഓഫീസർ
പ്രോജക്ട് നം. S0108/19

പ്രോജക്ടിന്റെ പേര് – ജലസേചനകിണർ

അടങ്കൽ തുക – 90000/-

കൃഷി ഓഫീസർ നടപ്പാക്കിയ മേൽ പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

90000/-രൂപ (30000/- രൂപ വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതവും 60000/-രൂപ ഗുണഭോക്തൃവിഹിതവും) അടങ്കൽ തുകയുമായി നടപ്പാക്കിയ ടി പദ്ധതിയിൽ 3 ഗുണഭോക്താക്കളാണുണ്ടായിരുന്നത്. ടി പദ്ധതി പ്രകാരം 50% സബ്സിഡിയോ 10000/-രൂപയോ ഇതിൽ ഏതാണോ കുറവ് അത് നൽകുന്നു. എന്നാൽ ടി പദ്ധതി നടപ്പാക്കിയപ്പോൾ പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് നടപ്പാക്കിയത്. പഞ്ചായത്ത് രാജ്/നഗരപാലിക സ്ഥാപനങ്ങളുടെ വാർഷികപദ്ധതികൾ നടപ്പാക്കുന്ന മാർഗ്ഗരേഖ അനുസരിച്ച് (സ.ഉ(കൈ)നം. 22/2018തസ്വഭവ തീയതി14/02/2018) പുതിയ ജലസേചന കിണർ നിർമ്മിക്കുമ്പോൾ ടി പദ്ധതി പ്രകാരം മുൻവർഷങ്ങളിൽ പ്രസ്തുത ആനുകൂല്യം ലഭിക്കാത്തവർക്ക് മാത്രമേ പദ്ധതി ആനുകൂല്യത്തിന് അർഹതയുള്ളൂ. എന്നാൽ ഗുണഭോക്താക്കാളുടെ അപേക്ഷയ്ക്കൊപ്പം പ്രസ്തുത ആനുകൂല്യം മുൻപ് ലഭിച്ചിട്ടില്ല എന്ന് തെളിയിക്കുന്ന രേഖകളൊന്നും ഹാജരാക്കിയിട്ടില്ല. മാത്രമല്ല നഗരസഭയുടെ അപേക്ഷയ്ക്കൊപ്പമുള്ള അർഹതാ മാനദണ്ഡങ്ങൾ

പ്രകാരം നാമമാത്ര കർഷകനായിരിയ്ക്കണം ഗുണഭോക്താവ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ടി മാനദണ്ഡങ്ങൾ തെളിയിക്കുന്നതിനുള്ള രേഖകളും അപേക്ഷയ്ക്കൊപ്പം ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 20.01.2020 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.14 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതികൾ നടപ്പിലാക്കുമ്പോൾ സർക്കാർ മാനദണ്ഡങ്ങൾക്കനുസൃതമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-53 സത്യാഗ്രഹ സ്മാരക നവീകരണം -ടെണ്ടർ ഡിഡക്ഷൻ കുറവ് ചെയ്തിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ - മുനിസിപ്പൽ എഞ്ചിനീയർ

| | |
|---|---|
| പ്രോജക്ട് നമ്പർ | 230/19 |
| അടങ്കൽ | 1000000 |
| ചെലവ് | 356519 (2018-19) |
| കരാറുകാരൻ | ശ്രീ. കൃഷ്ണകുമാർ |
| ബിൽ നമ്പർ | 63/30.10.18 |

മേൽ പ്രോജക്ടിന് ടെണ്ടർ റീടെണ്ടർ നടത്തിയെങ്കിലും ആരും പങ്കെടുക്കാത്തതിനെ തുടർന്ന് ക്വൊട്ടേഷൻ ക്ഷണിച്ചതിൽ ശ്രീ. കൃഷ്ണകുമാർ എന്ന കരാറുകാരൻ 889477.5 രൂപ ക്വോട്ട് ചെയ്യുകയും ടിയാന്റെ ക്വൊട്ടേഷൻ അംഗീകരിക്കുകയും കരാറിലേർപ്പെടുകയും ചെയ്തു (ഫയൽ നമ്പർ PW1.172/17). എന്നാൽ ടെണ്ടർ, റീ ടെണ്ടർ നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ, കരാറുകാരന്റെ ക്വൊട്ടേഷൻ, എഗ്രിമെന്റ് ഷെഡ്യൂൾ തുടങ്ങിയ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. നഗരസഭ 30/08/17ൽ PW1 45/17-18 ആയി നൽകിയ സെലക്ഷൻ നോട്ടീസിൽ എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 1.89% കുറവായി ക്വോട്ട് ചെയ്ത ടിയാന്റെ ടെണ്ടർ അംഗീകരിച്ചെന്നും ആയതിനാൽ കരാറിൽ ഏർപ്പെടണമെന്നും കരാറുകാരനെ അറിയിച്ചിട്ടുണ്ട്. കരാറുകാരൻ പ്രവൃത്തി പൂർത്തിയാക്കി Ist part bill പ്രകാരം 642961/- രൂപയും 2nd & final bill പ്രകാരം 340445/- രൂപയും ഉൾപ്പെടെ ആകെ 983406/- രൂപയുടെ വേലമൂല്യം കണക്കാക്കി ബിൽ നൽകിയിട്ടുണ്ട്. ഇതിൽ നിന്നും നിയമാനുസൃത റിക്കവറികൾ കുറവ് ചെയ്ത് കരാറുകാരന് 9,63,639/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ടെണ്ടർ ഡിഡക്ഷൻ കുറവ് ചെയ്തിട്ടില്ല. ടെണ്ടർ ഡിഡക്ഷൻ കുറവ് ചെയ്യാത്തതിനാൽ കരാറുകാരന് 18,586/- രൂപ അധികം നൽകിയിട്ടുണ്ട്.

അധികം നൽകിയ തുക ഉത്തരവാദിയായ മുനിസിപ്പൽ എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്.

<u>ജി എസ് റ്റി കുറവ് ചെയ്തിട്ടില്ല</u>

CBEC സർക്കുലർ 65/39/2018-DOR തീയതി 14/09/2018 നമ്പർ സർക്കുലർ പ്രകാരം 1/10/2018 മുതൽ ഒറ്റ കോൺട്രാക്ടിൽ രണ്ടര ലക്ഷം രൂപയ്ക്ക് മുകളിലുള്ള വർക്കുകളുടെ ബില്ലിൽ നിന്നും 2% ജി എസ് റ്റി ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ടി പ്രവൃത്തിയുടെ 340445/- രൂപ വേലമൂല്യം വരുന്ന രണ്ടാം പാർട്ട് ബിൽ തയ്യാറാക്കിയത് 1.10.18 ന ശേഷമാണ് . ഇതിന്റെ 2% മായ 6809/- രൂപ ജി എസ് ടി ഇനത്തിൽ കുറവ് ചെയ്യേണ്ടിയിരുന്നു. എന്നാൽ തുക കുറവ് ചെയ്യാത്തതിനാൽ കരാറുകാരന് ടി തുക അധികം നൽകിയിട്ടുണ്ട്. അധികം നൽകിയ തുക കരാറുകാരനിൽ നിന്ന് ഈടാക്കി ജി എസ് റ്റി ഫണ്ടിൽ അടയ്ക്കുകയോ കരാറുകാരൻ ടി പ്രവൃത്തിയുടെ ജി.എസ്.ടി. ഒടുക്കിയതിന്റെ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്.

മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ കരാറുകാരന് അധികം നൽകിയ 18,586/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുകയും 3,37,933 (356519 -18586) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുകയും ചെയ്യുന്നു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം.45/25.01.2020) മറുപടി ലഭ്യമാക്കിയില്ല.

# 1-54 താലൂക്ക് ആശുപത്രി മെയിന്റനൻസ് -അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ- മുനിസിപ്പൽ എഞ്ചിനിയർ

| | |
|---|---|
| പ്രോജക്ട് നമ്പർ | 231/19 |
| അടങ്കൽ | 1500000<br><br>1235108(2018-19) |
| ചെലവ് | 133811(2018-19) |
| കരാറുകാരൻ | ശ്രീ. മാത്യു പൈക്കാടൻ |
| കരാർ | 175/17 **തീയതി** 11.08.17 |
| ബിൽ നം. | 127/14.03.19 |

ലോകബാങ്ക് ധനസഹായ ഇനത്തിൽ 15,48,758/- രൂപ അടങ്കലിൽ 2016-17 വർഷം തയ്യാറാക്കിയ ടി പ്രോജക്ടിന് സാങ്കേതികാനുമതി ലഭിച്ചത് 15,00,000 രൂപയ്ക്കാണ്. ടി പ്രവൃത്തി ഇ-ടെൻഡർ നടത്തിയപ്പോൾ എ.എം. പരീത് റാവുത്തർ എന്ന ആൾ ടെണ്ടർ സമർപ്പിച്ചിരുന്നു. എന്നാൽ സിംഗിൾ ടെണ്ടറായതിനാൽ റീടെണ്ടർ നടത്തിയെങ്കിലും ടെണ്ടറുകൾ ലഭിക്കാത്തതിനാൽ ഓപ്പൺ ക്വൊട്ടേഷൻ നടത്തി മാത്യു പൈക്കാടൻ എന്ന കരാറുകാരന് 12,24,523/- രൂപയ്ക്ക് കരാർ ഉറപ്പിച്ചു നൽകി.

ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.ഇ ടെണ്ടർ, റീ ഇ ടെണ്ടർ, ക്വൊട്ടേഷൻ എന്നീ നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ ഫയലിൽ ഇല്ല.

2. കരാറുകാരന് 3.8.17-ൽ നൽകിയ സെലക്ഷൻ നോട്ടീസിൽ 10.7% ബിലോ ക്വോട്ട് ചെയ്ത നിരക്ക് അംഗീകരിച്ചതായാണ് രേഖപ്പെടുത്തിയത്. എന്നാൽ കരാറുകാരന്റെ ബില്ലിൽ നിന്നും ഡിഡക്ഷൻ വരുത്തിയിട്ടില്ല. കരാറുകാരന് ഒന്നാം പാർട്ട് ബിൽപ്രകാരം 3,21,692/- രൂപയും രണ്ടാം പാർട്ട് ബിൽ പ്രകാരം 1,29,200/- രൂപയും ഉൾപ്പെടെ 4,50,892/- രൂപ വേലമൂല്യം വരുന്ന ബിൽ സമർപ്പിച്ചിട്ടുണ്ട് . ഇതിൽ നിന്നും നിയമാനുസൃത റിക്കവറികൾ മാത്രമാണ് കുറവ് ചെയ്തിട്ടുള്ളത്. ടെണ്ടർ കുറവ് വരുത്താത്തതിനാൽ 48,967/- രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട്.

3. 11.08.17-ൽ കരാറിൽ ഏർപ്പെട്ട ടി പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് ആറു മാസമാണ്. കരാറുകാരൻ രണ്ടു പാർട്ട്ബില്ലുകളിലായി ആകെ 4,50,892/- രൂപയുടെ മൂല്യം വരുന്ന പ്രവൃത്തി മാത്രമേ ചെയ്തിട്ടുള്ളു. 27.03.18 ന ശേഷം പ്രവൃത്തി നടന്നിട്ടില്ല എന്ന് അളവു പുസ്തകത്തിൽ നിന്ന് വ്യക്തമാകുന്നു. കരാർ പ്രകാരമുള്ള പ്രവൃത്തികൾ കാലയളവിൽ പൂർത്തീയാക്കുകയോ കരാർ ദീർഘിപ്പിച്ചു നൽകുകയോ ചെയ്തിട്ടില്ല.

4. കരാർ ലംഘനം നടത്തിയ കരാറുകാരനെതിരെ നിയമാനുസൃത നടപടികൾ സ്വീകരിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നം.48/24.021.2020) മറുപടി ലഭ്യമാക്കിയില്ല. കരാറുകാരന് അധികം നൽകിയ തുക കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ മുൻസിപ്പൽ എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ കരാറുകാരന് അധികം നൽകിയ 48,967/- രൂപയുടെ ചെലവ് നിരാകരിക്കുകയും 84,844 (133811-48967) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുകയും ചെയ്യുന്നു.

# 1-55 വഴിവിളക്കുകളുടെ എ.എം.സി.യും റിപ്പയറിംഗും - പദ്ധതി പണത്തിന്റെ പാഴ്ചെലവ് - മുൻ റിപ്പോർട്ടിൽ പരാമർശിച്ചിട്ടും പ്രോജക്ട് നടപ്പാക്കി

| | |
|---|---|
| പ്രോജ്ക്ട് നം. | 232/19 |
| അടങ്കൽ | 270000 |
| ചെലവ് | 268674 |
| നിർവ്വഹണോദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| | |

| | |
|---|---|
| കരാറുകാരൻ | ശ്രീ.അജിത് പ്രസാദ് |
| ബിൽ നമ്പർ | 71/21.12.18 |

വൈക്കം നഗരസഭയിലെ വിവിധ പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന വഴിവിളക്കുകളുടെ ആന്വൽ മെയിന്റനൻസിനും സ്ട്രീറ്റ്ലൈറ്റ് ഫിറ്റിങ്ങ് റിപ്പയറിനും 10,00,000/- രൂപ അടങ്കലിൽ 2017-18 വർഷം പ്രോജക്ട് തയ്യാറാക്കി. ടെണ്ടർ നടപടികളിലൂടെ ശ്രീ.അജിത് പ്രസാദ് എന്ന കരാറുകാരനെ പ്രവൃത്തി ഏൽപ്പിച്ചു. ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകതകളും കരാറിൽ ഏർപ്പെട്ടതിലെ അപാകതകളും 2017-18 വർഷത്തെ റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട് (ഖണ്ഡിക 3-9). ടി അപാകതകൾ നിലനിൽക്കെയാണ് പ്രസ്തുത പ്രോജക്ട് സ്പിൽ ഓവറായി നിർവ്വഹിച്ചത്. അളവ് പുസ്തകം (നം. nil) പരിശോധിച്ചതിൽ ടി പ്രവൃത്തിക്കായി കരാറുകാരന് 253150/- രൂപയും നിയമാനുസൃത റിക്കവറികൾക്ക് 5192/- രൂപയും എസ്റ്റിമേറ്റ് തയ്യാറാക്കിയതിനും പ്രവൃത്തി മെഷർ ചെയ്തതിനും ശ്രീ. പി.എൻ. നാരായണൻ, മെമ്പർ, DLTCE ക്ക് 7749/- രൂപയും ശ്രീ. ഇ. എച്ച് മുഹമദ് ഇസ്മെയിൽ ചെയർമാൻ DLTCE ക്ക് 2583 രൂപയും നൽകിയിട്ടുണ്ട്. വഴിവിളക്കുകളുടെ എ.എം.സി.യും റിപ്പയറും എന്ന പ്രോജക്ടിലെ നിർവ്വഹണത്തിലെ അപാകതകൾ 2016-17, 2017-18 എന്നീ വർഷങ്ങളിലെ ഓഡിറ്റിൽ ശ്രദ്ധയിൽപ്പെടുത്തിയിരുന്നതാണ്. എന്നാൽ ടി പ്രോജക്ട് 2018-19 വർഷവും സ്പിൽ ഓവറായി ഉൾപ്പെടുത്തി 268674/- രൂപ ചെലവഴിച്ചിട്ടുണ്ട്. മുൻവർഷങ്ങളിലെ അപാകതകൾ നിലനിൽക്കെ പ്രസ്തുത പ്രോജക്ട് നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ഇലക്ട്രിസിറ്റി ബോർഡിന്റെ മേൽനോട്ടത്തിൽ നടത്തുന്ന പ്രോജക്ടിന് DLTCE യെ കൊണ്ട് എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെയും സൂപ്പർവിഷൻ ചാർജ് നൽകിയതിന്റെയും കാരണം വ്യക്തമല്ല. മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണം നടത്തിയ ഈ പദ്ധതിയിൽ നിർവ്വഹണോദ്യോഗസ്ഥന്റെ കാര്യക്ഷമമായ ഇടപെടൽ നടന്നിട്ടുള്ളതിന്റെ രേഖ ലഭ്യമല്ല. കരാർ ചമച്ച വേളയിൽത്തന്നെ എസ്റ്റിമേറ്റിന്റെ അപാകതകളും സൂപ്പർവിഷൻ ചാർജ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതും കരാറിലേർപ്പെട്ട എൻജിനീയർ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയില്ല. പ്രത്യക്ഷത്തിൽ തന്നെ നഗരസഭയ്ക്ക് നഷ്ടമുണ്ടാകുന്ന തരത്തിൽ തെറ്റായി രൂപപ്പെടുത്തിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ശരിയായ പരിശോധന ഇല്ലാതെ കരാറിലേർപ്പെടുകയും തുടർവർഷങ്ങളിലും പ്രോജക്ട് നടപ്പാക്കുകയും ചെയ്ത നടപടി ക്രമവിരുദ്ധമാകയാൽ മേൽ പ്രോജക്ടിനായി ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.

# 1-56 ലൈഫ് ഭവനപദ്ധതി ഒന്നാംഘട്ടം - ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ

| | |
|---|---|
| പ്രോജക്ട് നമ്പർ,പേര് | 334/19,ലൈഫ് ഭവനപദ്ധതി ഒന്നാംഘട്ടം (സ്പിൽ ഓവർ) |
| അടങ്കൽ | 744444(വികസനഫണ്ട്) |
| ചെലവ് | 320000 |
| ബിൽ നമ്പർ, തീയതി | 9/18-19,30.9.08-180000<br>15/18-19,17.12.08-20000<br>35/18-19,14.3.19-120000 |
| നിർവ്വഹണോദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ, ദാരിദ്ര്യലഘൂകരണം |

മുൻ വർഷങ്ങളിൽ ഭവനനിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലായി ഭവനനിർമ്മാണം മുടങ്ങിയ ഗുണഭോക്താക്കൾക്ക് ആനുപാതിക വർദ്ധനവ് നൽകി ഭവനനിർമ്മാണം പൂർത്തീകരിക്കുകയായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. 2017-18 വർഷത്തിൽ 15 ഗുണഭോക്താക്കൾ നഗരസഭയുമായി കരാറിലേർപ്പെട്ടു. ആയതിൽ 5 ഗുണഭോക്താക്കൾ മാത്രമാണ് ഭവനനിർമ്മാണം പൂർത്തിയാക്കിയത്. ബാക്കിയുള്ളവർ ഭവനനിർമ്മാണത്തിന്റെ വിവിധ സ്റ്റേജുകളിലാണ്. അവശേഷിക്കുന്ന 10 ഗുണഭോക്താക്കളെക്കൊണ്ട് ഭവനനിർമ്മാണം പൂർത്തിയാക്കിക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയത് പൂർത്തിയാക്കിയ ശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-57 പി.എഫ്. റിക്കവറി ഇനത്തിൽ 33 ലക്ഷത്തിലധികം രൂപയുടെ ബാധ്യത - 2012-13 മുതലുള്ള തുക അടവാക്കാനവശേഷിക്കുന്നു.

ഫയൽ നമ്പർ – R4 - 3795/17

നഗരസഭയിലെ സ്ഥിരം ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പി.എഫ്. റിക്കവറി ഇനത്തിൽ കിഴിവുചെയ്യുന്ന തുക തനതുഫണ്ടിന്റെ അഭാവംമൂലം കൃത്യമായി അടവാക്കിയിരുന്നില്ല. ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ഫണ്ട് ലഭ്യമാകുന്ന മാസങ്ങളിൽ നിലവിലുള്ള കുടിശ്ശിക അടവാക്കാതെ ഫണ്ട് ലഭ്യമായ മാസങ്ങളിലെ റിക്കവറി തുക മാത്രം അടവാക്കിപ്പോരുന്ന രീതിയാണ് നഗരസഭ സ്വീകരിച്ചുപോന്നത്. ഇക്കാരണത്താൽ 2012-13 സാമ്പത്തികവർഷം മുതലുള്ള കുടിശ്ശിക നിലവിലും അടവാക്കാനവശേഷിക്കുന്നു. ജീവനക്കാരുടെ 2012 സെപ്റ്റംബർ മാസം മുതൽ 2018 ഒക്ടോബർ മാസം വരെയുള്ള കാലയളവിലെ (47 മാസങ്ങൾ) ശമ്പളത്തിൽനിന്നും ഈടാക്കിയ പി.എഫ് വിഹിതം അടവാക്കാതെ കുടിശ്ശികയായ 29,76,310/- രൂപയും 8% പിഴപലിശയും അടവാക്കിയ മാസങ്ങളിലെ തുക അടവാക്കിയതിൽ കാലതാമസം വരുത്തിയതിന് പിഴപലിശ ഇനത്തിൽ 1,00,705/-രൂപയും ഉൾപ്പെടെ 33,15,120/- രൂപ അടിയന്തിരമായി അടവാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചുകൊണ്ട് നഗരകാര്യ ഡയറക്ടറേറ്റ് നഗരസഭയ്ക്ക് കത്ത് നൽകിയിരുന്നു (ഫിനാൻസ് ഓഫീസറുടെ 25-1-18- ലെ PF2-9908/15നമ്പർ കത്ത്). എന്നാൽ ഫണ്ടിന്റെ അഭാവം മൂലം കുടിശ്ശിക തുക അടവാക്കാൻ യാതൊരു നടപടികളും നഗരസഭ സ്വീകരിച്ചിരുന്നില്ല. തുടർന്ന് നിരവധി തവണ ഇത് സംബന്ധിച്ച് നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും നിർദ്ദേശം ലഭ്യമാക്കിയിരുന്നു.

ജീവനക്കാരുടെ പ്രതിമാസ ശമ്പളത്തിൽ നിന്നും അടവാക്കുന്ന വരിസംഖ്യ/വായ്പാതിരിച്ചടവ് തുകകൾ അതാത് മാസം 15-ാം തീയതിക്കകം ഒടുക്കുവരുത്തേണ്ടതാണെന്നും അല്ലാത്തപക്ഷം തുക ഒടുക്കുന്ന തീയതിവരെ 8% പലിശസഹിതം ഒടുക്കേണ്ടതാണെന്നും 2005-ലെ കേരള മുനിസിപ്പൽ എംപ്ലോയീസ് സെൻട്രൽ പ്രൊവിഡന്റ് ഫണ്ട് ചട്ടങ്ങളിലെ ചട്ടം 13(2)-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന മാസങ്ങളിലെ തുകകൾ നഗരസഭ അടവാക്കിയിട്ടില്ലായെന്ന് കാണുന്നു.

| വർഷം | തുക അടവാക്കാതിരുന്ന മാസങ്ങൾ | മാസങ്ങളുടെ എണ്ണം |
|---|---|---|
| 2012-13 | 9/2012, 11/12, 12/12, 2/2013, 3/13 | 5 |
| 2013-14 | 4/14, 5/14, 6/14 | 3 |
| 2015-16 | 4/15 മുതൽ 2/2016 വരെ | 11 |
| 2016-17 | 5/2016, 12/2016 | 8 |
| 2017-18 | 7/2017, 3/18 | 9 |
| 2018-19 | 4 -18 മുതൽ | 11 |
| | ആകെ | 47 മാസങ്ങൾ |

ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തുക ഒടുക്കുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി അംഗീകാരം നൽകിയതായി കാണുന്നു (21-11-18-ലെ -ാം നമ്പർ). കുടിശ്ശിക അടവാക്കിയിട്ടുള്ളപക്ഷം ആയതിന്റെ വിവരങ്ങൾ രേഖാമൂലം ലഭ്യക്കാനാവശ്യപ്പെട്ടെങ്കിലും കുടിശ്ശിക അടവാക്കിയിട്ടില്ലെന്നും നിലവിൽ അതാത് മാസത്തെ റിക്കവറി തുകകൾ അടവാക്കുന്നുണ്ടെന്നും വാക്കാൽ അറിയിച്ചു.

ജീവനക്കാർക്ക് പി.എഫ്.ൽ നിന്നും വായ്പ അനുവദിക്കുന്നതിനും വിരമിക്കുന്ന ജീവനക്കാർക്ക് അർഹതപ്പെട്ട തുക അനുവദിക്കുന്നതിനും ഇപ്രകാരം സാധിക്കാത്ത സാഹചര്യം കോടതി വ്യവഹാരങ്ങൾക്ക് ഇടയാക്കുന്നതുമായ പ്രശ്നങ്ങൾ ഉണ്ടാകുന്നു. കൂടാതെ പെൻഷൻ കോൺട്രിബ്യൂഷൻ യഥാസമയം അടവാക്കാത്തതിനാൽ പിഴപലിശയിനത്തിൽ ബാധ്യത വർദ്ധിച്ചുകൊണ്ടിരിക്കുന്നതിനും കാരണമാകുന്നു. ഇപ്രകാരമുള്ള എല്ലാ സാഹചര്യങ്ങളും ഒഴിവാക്കുന്നതിലേക്ക് ഘട്ടംഘട്ടമായെങ്കിലും കുടിശ്ശിക തുക അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

# 2-1 വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന വരവ് സംബന്ധമായ ഓഡിറ്റ് നിരീക്ഷണങ്ങൾ

മേൽ പരാമർശിത നിയമവ്യവസ്ഥകൾ പ്രകാരം ചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന പരാമർശങ്ങൾ ഇല്ല. ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള വരവ് സംബന്ധമായ ഖണ്ഡികകളിൽ പരാമർശിക്കുന്ന അപാകതകളിന്മേൽ ഭരണതല തുടർനടപടികൾ സ്വീകരിച്ച് ബാധകമായ നിയമങ്ങൾ പ്രകാരമുള്ള റിക്കവറി നടപടികളും തുടർ നടപടികളും സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

# 3-1 സത്യാഗ്രഹസ്മാരക നവീകരണം - ടെണ്ടർ ഡിഡക്ഷൻ കുറവ് ചെയ്തില്ല

നിർവ്വഹണോദ്യോഗസ്ഥൻ- മുനിസിപ്പൽ എഞ്ചിനിയർ

| | |
|---|---|
| പ്രോജക്ട് നമ്പർ | 239/19 |
| അടങ്കൽ | 100000 |
| ചെലവ് | 356519(2018-19) |
| കരാറുകാരൻ | ശ്രീ. കൃഷ്ണകുമാർ |
| ബിൽ നമ്പർ | 63/30.10.18 |

മേൽ പ്രോജക്ടിന് ടെണ്ടർ, റീടെണ്ടർ നടത്തിയെങ്കിലും ആരും പങ്കെടുക്കാത്തതിനെ തുടർന്ന് ക്വൊട്ടേഷൻ ക്ഷണിച്ചതിൽ ശ്രീ. കൃഷ്ണകുമാർ എന്ന കരാറുകാരൻ 889477.5 രൂപ ക്വോട്ട് ചെയ്യുകയും ടിയാന്റെ ക്വൊട്ടേഷൻ അംഗീകരിക്കുകയും കരാറിലേർപ്പെടുകയും ചെയ്തു. (ഫയൽ നമ്പർ PW1.172/17.) എന്നാൽ ടെണ്ടർ, റീ ടെണ്ടർ നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ, കരാറുകാരന്റെ ക്വൊട്ടേഷൻ, എഗ്രിമെന്റ് ഷെഡ്യൂൾ തുടങ്ങിയ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. നഗരസഭ 30/08/17 ൽ PW1 45/17-18 ആയി നൽകിയ സെലക്ഷൻ നോട്ടീസിൽ എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 1.89% കുറവായി ക്വോട്ട് ചെയ്ത ടിയാന്റെ ടെണ്ടർ അംഗീകരിച്ചെന്നും ആയതിനാൽ കരാറിൽ ഏർപ്പെടണമെന്നും കരാറുകാരനെ അറിയിച്ചിട്ടുണ്ട്. കരാറുകാരൻ പ്രവൃത്തി പൂർത്തിയാക്കി Ist part bill പ്രകാരം

642961 രൂപയും $2^{nd}$ & final bill പ്രകാരം 340445 രൂപയും ഉൾപ്പെടെ ആകെ 983406 രൂപയുടെ വേലമൂല്യം കണക്കാക്കി ബിൽ നൽകിയിട്ടുണ്ട്. ഇതിൽ നിന്നും നിയമാനുസൃത റിക്കവറികൾ കുറവ് ചെയ്ത് കരാറുകാരന് 9,63,639/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ടെണ്ടർ ഡിഡക്ഷൻ കുറവ് ചെയ്തിട്ടില്ല. ടെണ്ടർ ഡിഡക്ഷൻ കുറവ് ചെയ്യാത്തതിനാൽ കരാറുകാരന് 18586/- രൂപ അധികം നൽകിയിട്ടുണ്ട്.

അധികം നൽകിയ തുക ഉത്തരവാദിയായ മുനിസിപ്പൽ എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്.

<u>ജി എസ് റ്റി കുറവ് ചെയ്തിട്ടില്ല</u>

CBEC സർക്കുലർ 65/39/2018-DOR തീയതി 14/09/2018 നമ്പർ സർക്കുലർ പ്രകാരം 1/10/2018 മുതൽ ഒറ്റ കോൺട്രാക്റ്റിൽ രണ്ടര ലക്ഷം രൂപയ്ക്ക് മുകളിലുള്ള വർക്കുകളുടെ ബില്ലിൽ നിന്നും 2% ജി എസ് റ്റി ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ടി പ്രവൃത്തിയുടെ 340445 രൂപ വേലമൂല്യം വരുന്ന രണ്ടാം പാർട്ട് ബിൽ തയ്യാറാക്കിയത് 1.10.18 ന ശേഷമാണ്. ഇതിന്റെ 2 ശതമാനമായ 6809/- രൂപ ജി എസ് ടി ഇനത്തിൽ കുറവ് ചെയ്യേണ്ടിയിരുന്നു. എന്നാൽ തുക കുറവ് ചെയ്യാത്തതിനാൽ കരാറുകാരന് 18,586/- രൂപ അധികം നൽകിയിട്ടുണ്ട്. അധികചെലവിന് നിർവ്വഹണോദ്യാഗസ്ഥയായ മുനിസിപ്പൽ എഞ്ചിനീയർ ഉത്തരവാദിയാണ്.

# 3-2 താലൂക്ക് ആശുപത്രി മെയിന്റനൻസ് - കരാറുകാരന് അധികം നൽകിയ 48967/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ- മുനിസിപ്പൽ എഞ്ചിനീയർ

| | |
|---|---|
| പ്രോജക്ട് നമ്പർ | 231/19 |
| അടങ്കൽ | 1500000<br><br>1235108(2018-19) |
| ചെലവ് | 133811(2018-19) |
| കരാറുകാരൻ | ശ്രീ. മാത്യു പൈക്കാടൻ |
| കരാർ | 175/17 തീയതി 11.08.17 |
| ബിൽ നം. | 127/14.03.19 |

ലോകബാങ്ക് ധനസഹായ ഇനത്തിൽ 15,48,758/- രൂപ അടങ്കലിൽ 2016-17വർഷം തയ്യാറാക്കിയ ടി പ്രോജക്ടിന് സാങ്കേതികാനുമതി ലഭിച്ചത് 15,00,000/- രൂപയ്ക്കാണ്. ടി പ്രവൃത്തി ഇ-ടെൻഡർ നടത്തിയപ്പോൾ എ.എം.പരീത് റാവുത്തർ എന്ന ആൾ ടെണ്ടർ സമർപ്പിച്ചിരുന്നു. എന്നാൽ സിംഗിൾ ടെണ്ടറായതിനാൽ റീടെണ്ടർ നടത്തിയെങ്കിലും ടെണ്ടറുകൾ ലഭിക്കാത്തതിനാൽ ഓപ്പൺ ക്വൊട്ടേഷൻ നടത്തി മാത്യു പൈക്കാടൻ എന്ന കരാറുകാരന് 12,24,523/- രൂപയ്ക്ക് കരാർ ഉറപ്പിച്ചു നൽകി.

ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.ഇ ടെണ്ടർ, റീ ഇ ടെണ്ടർ, ക്വൊട്ടേഷൻ എന്നീ നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ ഫയലിൽ ഇല്ല.

2. കരാറുകാരന് 3.8.17-ൽ നൽകിയ സെലക്ഷൻ നോട്ടീസിൽ 10.7% ബിലോ ക്വോട്ട് ചെയ്ത നിരക്ക് അംഗീകരിച്ചതായാണ് രേഖപ്പെടുത്തിയത്. എന്നാൽ കരാറുകാരന്റെ ബില്ലിൽ നിന്നും ഡിഡക്ഷൻ വരുത്തിയിട്ടില്ല. കരാറുകാരന് ഒന്നാം പാർട്ട് ബിൽ പ്രകാരം 321692/- രൂപയും രണ്ടാം പാർട്ട് ബിൽ പ്രകാരം 129200/- രൂപയും ഉൾപ്പെടെ 450892/- രൂപ വേലമൂല്യം വരുന്ന ബിൽ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ നിന്നും നിയമാനുസൃത റിക്കവറികൾ മാത്രമാണ് കുറവ് ചെയ്തിട്ടുള്ളത്. ടെണ്ടർ കുറവ് വരുത്താത്തതിനാൽ 48967 രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട്.

3. 11.08.17 ൽ കരാറിൽ ഏർപ്പെട്ട ടി പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് ആറു മാസമാസമാണ്. കരാറുകാരൻ രണ്ടു പാർട്ട്ബില്ലുകളിലായി ആകെ 450892/- രൂപയുടെ മൂല്യം വരുന്ന പ്രവൃത്തി മാത്രമേ ചെയ്തിട്ടുള്ളു. 27.03.18 ന

ശേഷം പ്രവൃത്തി നടന്നിട്ടില്ല എന്ന് അളവു പുസ്തകത്തിൽ നിന്ന് വ്യക്തമാകുന്നു. കരാർ പ്രകാരമുള്ള പ്രവൃത്തികൾ കാലയളവിൽ പൂർത്തിയാക്കുകയോ കരാർ ദീർഘിപ്പിച്ചു നൽകുകയോ ചെയ്തിട്ടില്ല.

4. കരാർ ലംഘനം നടത്തിയ കരാറുകാരനെതിരെ നിയമാനുസൃത നടപടികൾ സ്വീകരിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. കരാറുകാരന് 48,967/- രൂപ അധികം നൽകാനിടയായതിന് നിർവ്വഹണോദ്യോഗസ്ഥയായ മുനിസിപ്പൽ എഞ്ചിനീയർ ശ്രീമതി ലീന ഡി. ബാധ്യതപ്പെട്ടിരിക്കുന്നു.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2018-19 | 21.08.2019 മുതൽ 22.08.2019 |

പരിശോധനയുടെ അടിസ്ഥാനത്തിൽ 29.08.2019ലെ കെ.എസ്.എ.കെ.ടി.എം.പി/17-1333/2019 നമ്പരായി വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം നല്കിയിട്ടുണ്ട്.

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

# 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |

# 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകളുടെ വിവരം.

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് പ്രോജക്ട് നം | മുൻകൂർ നൽകിയ തുക/ ചെക്ക് നം. | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.ഡബ്ല്യു.എ | കുടിവെള്ള ലൈൻ ദീർഘിപ്പിയ്ക്കുന്നത് | 830000/- | യഥാർത്ഥ ചെലവ് വിവരം ലഭ്യമല്ല. | 830000/- |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിയ്ക്കൽ | 1137035 | | 1137035 |
| കെ.എസ്.ഇ.ബി | എസ് സി കോളനികളിലേയ്ക്ക് വൈദ്യുത പോസ്റ്റ് മാറ്റി സ്ഥാപിയ്ക്കൽ | 200000 | | 200000 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ

മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

# 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെയുആർഡിഎഫ് സി പിഎംഎവൈ ഹൗസിംഗ് ലോൺ | ജി.ഒ(എംഎസ്)നം68/18/ എൽഎസ്ജിഡി തീയതി 18/05/2018 | 11400000 | 11400000 | - | - | 11400000 |
| കെയുആർഡിഎഫ്സി. ഷോപ്പിംഗ് കോംപ്ളക്സ് നിർമ്മാണം | | 11792570 | 11792570 | 40332 | -- | 11752238 |
| ഇഎംഎസ് ഹൗസിംഗ് ലോൺ | ജിഒ(പിഎസ്)നം129/2009/ ടിഡി തീയതി 16/07/2009 | 10195000 | 1567975 | 500000 | | 1067975 |

# 4-6 സ്ഥിര നിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങളില്ല.

# 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ / തീയതി |
|---|---|---|---|---|
| ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | ഭാഗം 2,ഖണ്ഡിക 3 | 2004-05 | 3.5.5(1) | മണമേൽ കടവ് പാലം | - |

| | | | | | |
|---|---|---|---|---|---|
| | | | | നിർമ്മാണത്തിലെ അപാകതകൾ | |
| 2009-10 | പ്രവർത്തനാവലോകനം | 2011-12 | - | കാർഷിക പദ്ധതിയും കൃഷിഭവനം,ശിശുക്ഷേമം | - |

# 4-9 ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം

ചാർജ് സർചാർജ് നടപടികളിലൂടെ തുകകളൊന്നും ഈടാക്കിയിട്ടില്ല.

# 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 16,96,10,217 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 14,63,58,228 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 67,553 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 30,13,519 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 18,586 | ശ്രീമതി ലീന ഡി., അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 48,967 | „ |
| **ആകെ** | | **67,553** | |

<u>**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-30 | 80,703 | ശ്രീമതി രമ്യ കൃഷ്ണൻ, സെക്രട്ടറി |
| 1-31 | 52,900 | ശ്രീമതി രമ്യ കൃഷ്ണൻ, സെക്രട്ടറി |
| 1-32 | 5,800 | ശ്രീമതി രമ്യ കൃഷ്ണൻ, സെക്രട്ടറി |
| 1-45 | 14,88,521 | പ്രോജക്ട് ഓഫീസർ, ദാരിദ്ര്യലഘൂകരണം |
| 1-50 | 5,24,144 | ശ്രീമതി ലീന ഡി., മുനിസിപ്പൽ എഞ്ചിനീയർ |
| 1-51 | 1,70,000 | ശ്രീമതി നിർമ്മല പ്രിയദർശിനി,<br>സീനിയർ വെറ്ററിനറി സർജൻ |
| 1-53 | 3,37,933 | ശ്രീമതി ലീന ഡി., മുനിസിപ്പൽ എഞ്ചിനീയർ |
| 1-54 | 84,844 | ശ്രീമതി ലീന ഡി., മുനിസിപ്പൽ എഞ്ചിനീയർ |

| | | |
|---|---|---|
| 1-55 | 2,68,674 | ശ്രീമതി ലീന ഡി., മുനിസിപ്പൽ എഞ്ചിനീയർ |
| ആകെ | 30,13,519 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ലീന ഡി., മുനിസിപ്പൽ എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ | സാവേരി കവരപ്പാടി, വൈക്കം പി.ഒ. |

# 4-11 തീർപ്പാക്കൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | നം.എൽ.എഫ്.കെ.(എം.എൽ) 856/00/ 11.12.2001 |
| 1997-98 | നം.എൽ.എഫ്.കെ.(എം.എൽ) /1508/07 |
| 1998-99 | നം.എൽ.എഫ്.കെ.(എം.എൽ) 1497/07/ 11.07.2008 |
| 99-00, 00-01, 01-02 (പ്ലാൻ) | നം.എൽ.എഫ്.കെ.(എം.എൽ)116/04/ 4.1.10/6.2.2010 |
| 99-00 (പ്ലാൻ ഒഴികെ വരവുചെലവ്) | നം.എൽ.എഫ്.കെ.(എം.എൽ) 1497/07, 11.07.08/19.09.2008 |
| 2000-01 (ഫുൾ) | നം.എൽ.എഫ്.കെ.(എം.എൽ) 431/07/ 17.11.08/3.2.2009 |
| 02-03 ചെലവ് | നം.എൽ.എഫ്.കെ.(എം.എൽ) 736/07/ 6.7.09/8.9.09 |
| 03-04 ചെലവ് | നം.എൽ.എഫ്.കെ.(എം.എൽ) 737/07/ 11.7.09/8.9.09 |
| 04-05 ചെലവ് | നം.എൽ.എഫ്.കെ.(എം.എൽ) 174/09/ 2.7.09/8.9.09 |
| 04-05 വരവ് | നം.എൽ.എഫ്.കെ.(എം.എൽ) 997/09/ 31.03.16 |
| 05-06 ചെലവ് | നം.എൽ.എഫ്.കെ.(എം.എൽ) 738/07/ 09.10.09 |
| 05-06 വരവ് | നം.എൽ.എഫ്.കെ.(എം.എൽ) 738/09/ 31.12.09/31.3.10 |
| 06-07 | നം.എൽ.എഫ്.കെ.(എം.എൽ) 999/09/ 19.3.10/10.1.11 |
| 2001-02 വരവുചെലവ് | നം.എൽ.എഫ്.കെ.(എം.എൽ) 117/09/ 20.04.16 |
| 02-03 വരവ് | നം.എൽ.എഫ്.കെ.(എം.എൽ) 995/09/ 30.12.09/30.3.10 |
| 03-04 വരവ് | നം.എൽ.എഫ്.കെ.(എം.എൽ) 996/09/ 29.03.16 |
| 2007-08 | നം.എൽ.എഫ്.കെ.(എം.എൽ) 1000/09/ 19.3.10/10.01.2011 |
| 2008-09 | നം.എൽ.എഫ്.കെ.(എം.എൽ) 438/11/ 12.12.11 |

| | |
|---|---|
| 2009-10 | നം.എൽ.എഫ്.കെ.(എം.എൽ) 439/11/ 2.2.2013 |
| 2010-11 | നം.എൽ.എഫ്.കെ.പി8- 471/14/ 7.10.2014 |
| 2011-12 | നം.എൽ.എഫ്.കെ.(എം.എൽ)പി8-/342/ 13/21.3.14 |
| 2008-09 | നം.എൽ.എഫ്.കെ.(എം.എൽ) 438/11/ 12.12.2011 |
| 2009-10 | നം.എൽ.എഫ്.കെ.(എം.എൽ) 439/11/ 2.2.2013 |
| 2010-11 | നം.എൽ.എഫ്.കെ.പി8- 471/14/ 7.10.2014 |
| 2011-12 | നം.എൽ.എഫ്.കെ.(എം.എൽ)പി8-/342/13/ 21.3.14 |
| 2012-13 | നം.എൽ.എഫ്.കെ.പി8-/832/2014/ 8.9.15 |
| 2013-14 | നം.കെ.എസ്. എ.കെ.ടി.എം.പി8-/1175 /2015/18.03.16 |
| 2014-15 | കെഎസ്എകെടിഎം.പി.8/880/2016 3.10.2016 |
| 2015-16 | കെഎസ്എ.കെടിഎം.പി.17/1206/17/29.01.2018/2.3.2018 |
| 2016-17 | കെഎസ്എ.കെടിഎം.പി.17/1503/17/09.03.2018/17.3.2018 |
| 2017-18 | കെഎസ്എ.കെടിഎം.പി.17/178/19/05.04.2019/29.04.2019 |

റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

# അനുബന്ധം 1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-കെ.ടി.എം.പി.17/103/2020


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in


തീയതി : 20.03.2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 295(4)-ാം വകുപ്പ് ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ **വൈക്കം നഗരസഭയുടെ 2018-19** വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ എന്റെ അഭിപ്രായത്തിൽ **വൈക്കം നഗരസഭയുടെ 2018-19 ലെ** വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നില്ല എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**